സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

# യൂണിറ്റി

ഫെബ്രുവരി 2021 വാല്യം 47 ലക്കം 11
പേജ് 16 വില 5.00 രൂപ
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ



## നിശ്ചയദാർഢ്യത്തിന്റെ നെറുകയിൽ കർഷക പ്രക്ഷോഭം

മുതലാളിത്തം കനത്ത ആക്രമണങ്ങളുമായി മുന്നേറുമ്പോൾ സംഘടിത ചെറുത്തുനിൽപ്പല്ലാതെ ജനങ്ങൾക്ക് മറ്റ് മാർഗ്ഗമില്ല. നിലനിൽപ്പിനായി പരിശ്രമിക്കുന്ന മുഴുവൻ ജനവിഭാഗങ്ങൾക്കും പിടിച്ചുനിൽക്കാൻ മാത്രമല്ല മുന്നേറാനുമുള്ള ഉദാത്തമായ മാതൃക തീർത്തുകൊണ്ടാണ് ഐതിഹാസികമായ കർഷക സമരം ചരിത്രത്തിൽ ഇടംപിടിച്ചിരിക്കുന്നത്. സ്വാതന്ത്ര്യാനന്തരം ഇവ്വിധമൊന്ന് ഇന്ത്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല.

നിക്ഷിപ്തതാൽപര്യക്കാരായ ഒരു ചെറു ന്യൂനപക്ഷത്തെ ഒഴിച്ചുനിർത്തിയാൽ രാജ്യത്തിനകത്തും പുറത്തുമുള്ള സമസ്ത വിഭാഗം ജനങ്ങളുടെയും അനുഭാവവും പിന്തുണയും നേടിയാണ് കർഷകസമരം മുന്നോട്ടുപോകുന്നത്. എന്നാൽ തുടക്കത്തിൽ അവഗണിച്ചും തുടർന്ന് ആക്രമണങ്ങൾ അഴിച്ചുവിട്ടും നാനാപ്രകാരേണ കർഷകസമരത്തെ ഇല്ലായ്മചെയ്യാൻ ശ്രമിച്ച മോദി ഭരണകൂടം ജനുവരി 26ന് ഏറ്റവും തരംതാണ നടപടിയാണ് സമരക്കാർക്ക് നേരെ പ്രയോഗിച്ചത്.




കർഷക സമരത്തിന് പിന്തുണ സമാഹിരിച്ചുകൊണ്ട് എസ്‌യുസിഐ(സി)യുടെ ആഭിമുഖ്യത്തിൽ ജനവുരി 11ന് കാസർഗോഡുനിന്ന് ആരംഭിച്ച ഐക്യദാർഢ്യ ജാഥ ജനുവരി 26ന് തിരുവനന്തപുരത്ത് എത്തിയപ്പോൾ

കിസാൻ മസ്ദൂർ സംഘർഷ് കമ്മിറ്റി എന്ന സംഘടനയെയും ബിജെപി ബന്ധമുള്ള പഞ്ചാബി നടൻ ദീപ് സിദ്ദുവിനെയും ചേർത്ത് നടത്തിയ ഗൂഢാലോചനയാണ് 26ന് നടന്ന 'അനിഷ്ട' സംഭവങ്ങളായി പര്യവസാനിച്ചത്. റെഡ് ഫോർട്ടിൽ നടന്ന സംഭവങ്ങളുമായി കോ ഓർഡിനേഷൻ കമ്മിറ്റിക്ക് യാതൊരു ബന്ധവുമില്ല എന്ന് കർഷകർ അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. 'അനിഷ്ട' സംഭവങ്ങൾ ആസൂത്രിതമായിരുന്നു എന്നും ആസൂത്രണം ഭരണകൂടം വകയായിരുന്നു എന്നതും വളരെ വ്യക്തമായിരുന്നിട്ടും അക്രമത്തിന്റെ മറവിൽ കർഷകരെ വളഞ്ഞിട്ട് ആക്രമിക്കുകയും സമരം ഖാലിസ്ഥാൻ വാദികളുടേതാണ് എന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയുമാണ് നരേന്ദ്രമോദിയും കൂട്ടാളി

(ശേഷം 7–ാം പേജിൽ)

## നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി കേരളത്തിലുയരുന്നത് വർഗീയതയുടെ കേളികൊട്ട്

**ആസന്നമായിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനെ മുന്നിൽകണ്ട് മൂന്ന് മുന്നണികളും നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങൾ കേരളത്തിന്റെ സാമൂഹിക കെട്ടുറപ്പിനെ അപകടകരമായി ബാധിക്കുന്നതാണ്. വിദ്വേഷത്തിൽ അധിഷ്ഠിതമായ മത, ജാതിബോധത്തെ പ്രീണിപ്പിക്കാനും അതിന്റെ ചാമ്പ്യന്മാർ ആവാനും ഇക്കൂട്ടർ കടുത്ത മത്സരമാണ് നടത്തുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ നടന്ന കഠിനമായ നവോത്ഥാന പരിശ്രമങ്ങളുടെ വിലപ്പെട്ട ഫലങ്ങളെ തീർത്തും നിഷ്പ്രഭമാക്കാൻ പോന്നവയാണ് ഈ നീക്കങ്ങൾ.**

ആസന്നമായിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ട് മൂന്ന് മുന്നണികളും നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങൾ കേരളത്തിന്റെ സാമൂഹിക കെട്ടുറപ്പിനെ അപകടകരമായി ബാധിക്കുന്നവയാണ് എന്ന് സാമാന്യമായി രാഷ്ട്രീയം നോക്കിക്കാണുന്ന ഏതൊരാൾക്കും മനസ്സിലാകും.

വിദ്വേഷത്തിൽ അധിഷ്ഠിതമായ മത ജാതിബോധത്തെ പ്രീണിപ്പിക്കാനും അതിന്റെ ചാമ്പ്യന്മാർ ആവാനും ഇക്കൂട്ടർ കടുത്ത മത്സരമാണ് നടത്തുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ നടന്ന കഠിനമായ നവോത്ഥാന പരിശ്രമങ്ങളുടെ വിലപ്പെട്ട ഫലങ്ങളെ തീർത്തും നിഷ്പ്രഭമാക്കാൻ പോന്നവയാണ് ഈ നീക്കങ്ങൾ. ഇടതുപക്ഷം, പുരോഗമന പക്ഷം എന്നൊക്കെ കരുതപ്പെട്ടുപോരുന്നവരുടെ വഞ്ചനാത്മകമായ നീക്കങ്ങളാണ് ഏറ്റവും ആശങ്കയുണർത്തുന്നത്. പുരോഗമനാത്മകമായ പരിശ്രമങ്ങളുടെയും ജനാധിപത്യ പ്രക്ഷോഭങ്ങളുടെയും അന്തരീക്ഷം ക്ഷയിച്ചതിനൊപ്പം ദുർബലമായ ഇടതുബോധം ക്രമേണ എല്ലാത്തരം പ്രതിലോമകരമായ ആശയങ്ങൾക്കും വഴിമാറി കൊടുക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. മെച്ചപ്പെട്ട തൊഴിൽ അവകാശങ്ങൾക്കും ജനാധിപത്യ അവകാശങ്ങൾക്കുംവേണ്ടി പൊരുതുകയും അത് നേടിയെടുക്കുകയും ചെയ്ത് ഇന്ത്യക്കാകെ മാതൃക കാട്ടിയിരുന്ന കേരളം ഇന്ന് ഇന്ത്യയാകെ ജ്വലിക്കുന്ന പ്രക്ഷോഭാന്തരീക്ഷത്തിൽപോലും അതേ ഊഷ്മാവോടെ പങ്കുചേരുന്നില്ലെന്ന് മാത്രമല്ല, മത-ജാതി വിദ്വേഷങ്ങൾ ഊതിക്കത്തിച്ച് അതിന്റെ മറവിൽ തെരഞ്ഞെടുപ്പ് വിജയത്തിനായി ശ്രമിക്കുന്ന വേദനാജനകമായ കാഴ്ചയാണ് നാം കാണുന്നത്.

ഭരണസംവിധാനങ്ങൾ നിയന്ത്രിക്കുന്ന ഈ മുന്നണികളുടെയും ജാതി മത സമുദായ സംഘടനകളുടെയും സ്വാധീനത്തിലുള്ള ജനസമൂഹത്തിന്റെ സാമൂഹ്യബോധത്തെ അവർ അത്തരത്തിൽ പരിശീലിപ്പിച്ചെടുക്കുകയാണ്. ജനാധിപത്യരാഷ്ട്രീയ പ്രബുദ്ധതയോടെ തെരഞ്ഞെടുപ്പ് പ്രക്രിയയിൽപങ്കെടുക്കുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ കേരളത്തിൽ ജീവിച്ചിരിപ്പുണ്ട് എന്ന കാര്യം ഇക്കൂട്ടർ പരിഗണിക്കുന്നതേയില്ല.

കേരളത്തിൽ ഇന്ന് കാണുന്ന മൂന്ന് പ്രമുഖ മുന്നണികളും ഭരണകക്ഷികൾ ആണ്. മാറിമാറി കേരളത്തിൽ അധികാരം പങ്കിടുന്ന

(ശേഷം 2–ാം പേജിൽ)

പേജ് 3
ജനങ്ങളുടെ പ്രതീക്ഷകൾ തകർത്ത കേന്ദ്രബജറ്റ്

പേജ് 5
ബിഡിടി ചുങ്കപ്പാതയ്ക്കായി പിണറായി–ഗഡ്കരി അവിശുദ്ധ സഖ്യം

പേജ് 10
ക്യാപിറ്റോൾ കലാപം: ട്രംപ് അനുകൂലികളുടെ അഴിഞ്ഞാട്ടം

# വിദ്യാഭ്യാസ വായ്പാകുടിശ്ശിക സമ്പൂർണമായും സർക്കാർ ഏറ്റെടുക്കണം – ഐഎൻപിഎ

**വി**ദ്യാഭ്യാസ വായ്പ എടുത്ത് പഠനം പൂർത്തിയാക്കിയ ലക്ഷക്കണക്കിന് വിദ്യാർഥികൾ ഇന്ന് കടക്കെണിയിലാണ്. കോവിഡ് കാലം ഈ പ്രതിസന്ധി വളരെയധികം മൂർച്ഛിപ്പിച്ചിരിക്കുന്നു. നിലവിൽ അതിരൂക്ഷമായിരുന്ന തൊഴിലില്ലായ്മയോടൊപ്പമാണ് കോവിഡ് പ്രതിസന്ധി വലിയൊരു വിഭാഗത്തിന് ഉണ്ടായിരുന്ന തൊഴിലും നഷ്ടപ്പെടുത്തിയത്. ഉന്നത വിദ്യാഭ്യാസം നേടിയ ആളുകൾക്ക് ഒരുവശത്ത് തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളും മറുവശത്ത് വിദ്യാഭ്യാസ വായ്പയുടെ ബാധ്യതയും ചേർന്ന് വിവരണാതീതമായ വലിയ ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ഗവൺമെന്റ് അടിയന്തരമായി ഉണർന്നു പ്രവർത്തിക്കേണ്ടസന്ദർഭംആണെന്ന് ഐ എൻ പി എ സംസ്ഥാന കമ്മിറ്റി ചൂണ്ടിക്കാട്ടി.

രണ്ടു വർഷങ്ങൾക്കുമുമ്പ് സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വായ്പയുടെ കടബാധ്യത ഏറ്റെടുക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ച 900 കോടി രൂപയുടെ നാലിലൊന്നുപോലും ഇതുവരെ അർഹതപ്പെട്ട ആളുകൾക്ക് നൽകിയിട്ടില്ല. സർക്കാരിന്റെ ഈ പദ്ധതിയിൽ വിശ്വസിച്ച്, 40 ശതമാനം തുക അടച്ച് കാത്തിരുന്ന ആളുകൾക്ക് ഇപ്പോൾ ഇരുട്ടടി കിട്ടിയിരിക്കുന്നു. സർക്കാർ നൽകാമെന്ന് പറഞ്ഞിരുന്ന 60 ശതമാനം തുക നൽകാത്തതുവഴി ജനങ്ങൾ വായ്പ അടച്ചു തീർക്കാൻ ഉദ്ദേശിച്ചു നൽകിയ 40 ശതമാനം തുക ബാങ്കുകൾ പലിശയിൽ ചേർക്കുകയും ബാക്കി തുക ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് അയക്കുകയും കേസുകൾ ഫയൽ ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഫലത്തിൽ സർക്കാരിന്റെ 900 കോടിയുടെ പ്രഖ്യാപനം വിദ്യാഭ്യാസ വായ്പ എടുത്തവരെ കൂടുതൽ പ്രതിസന്ധിയിൽ ആഴ്ത്തി.

ഇപ്പോഴാകട്ടെ ബാങ്കുകളെ യഥേഷ്ടം വിഹരിക്കാൻ ഗവൺമെന്റ് അനുവദിച്ചു കൊടുത്തിരിക്കുന്നു. അതിന്റെ ഫലമായി ഈ കോവിഡ് കാലത്തും പാവപ്പെട്ടവർക്ക് ജപ്തി നോട്ടീസ് അയയ്ക്കുവാനും ഭീഷണിപ്പെടുത്താനും അവർ മടിക്കുന്നില്ല. ആയതിനാൽ മക്കളെ പഠിപ്പിക്കുവാൻ വായ്പയെടുത്ത മാതാപിതാക്കളെ സംരക്ഷിക്കുവാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും 900 കോടി രൂപയുടെ പദ്ധതി ഉടൻ പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്നും ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോക്ടർ ഡി. സുരേന്ദ്രനാഥ് സെക്രട്ടറി എസ്. മിനി എന്നിവർ ആവശ്യപ്പെട്ടു. അനുകൂലമായ നടപടികൾ കൈക്കൊള്ളാത്ത പക്ഷം അതിശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകുമെന്നും അവർ പ്രഖ്യാപിച്ചു. ■



സിംഘു–ഗാസിപ്പൂർ അതിർത്തികളിൽ കർഷകർക്കുനേരെ നടന്ന ആക്രമണത്തിനെതിരെ ഫെബ്രുവരി 6 അഖിലേന്ത്യപ്രതിഷേധദിനത്തോടനുബന്ധിച്ച് കൊല്ലത്ത് നടന്ന സിവിൽസ്റ്റേഷൻ പോസ്റ്റ് ഓഫീസ് ധർണ സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു



ഇന്ധനവിലവർദ്ധനവിനെതിരെ കോട്ടയം പാമ്പാടിയിൽ നടന്ന പ്രതിഷേധ പരിപാടിയിൽ ജില്ലാകമ്മിറ്റി അംഗം സഖാവ് കെ.സദാനന്ദൻ പ്രസംഗിക്കുന്നു

# ജനാധിപത്യ പ്രക്ഷോഭങ്ങളുടെ അഭാവം പ്രതിലോമത്വത്തിന് ഇടമൊരുക്കുന്നു

*(1–ാം പേജിൽ നിന്ന്)*

എൽഡിഎഫ്, യുഡിഎഫ് മുന്നണികളാവട്ടെ, കേന്ദ്ര ഭരണം കൈയാളുന്ന ബിജെപി മുന്നണിയാവട്ടെ, തങ്ങളുടെ ഭരണകാല നടപടികൾ തെരഞ്ഞെടുപ്പുവേളയിൽ ജനങ്ങളുടെ നിഷ്കൃഷ്ടമായ പരിശോധനയ്ക്ക് വിധേയമാക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അവർ സമൂഹമനസ്സിൽ സംസ്കരിക്കപ്പെടാതെ കിടക്കുന്ന അധമ വാസനകളെയും വിദ്വേഷങ്ങളെയും ഉണർത്തിയും വളർത്തിയും ജ്വലിപ്പിച്ചുമാണ് തങ്ങൾ പ്രതിനിധാനം ചെയ്യുന്ന വർഗ്ഗ താൽപര്യങ്ങൾക്ക് അനുകൂലമായി ജനപിന്തുണ സമാഹരിക്കുന്നത്.

സംസ്കൃതിയെ പിറകോട്ട് വലിക്കുന്ന ഈ രീതി ഏറ്റവും വിദഗ്ധമായി നടപ്പിലാക്കുന്നത് ബിജെപിയാണ്. മുസ്ലിം വിരോധത്തിൽ അധിഷ്ഠിതമായ ഹിന്ദുത്വ ദർശനമാണ് അവരെ നയിക്കുന്നത്. പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത ത്തിന്റെ മരണാസന്നമായ ഈ ഘട്ടത്തിലെ അഭിലാഷങ്ങളെയാണ് അവർ പ്രതിനിധാനം ചെയ്യുന്നത്. കോൺഗ്രസാകട്ടെ, സ്വാതന്ത്ര്യസമരകാലഘട്ടംമുതലേ മുതലാളിവർഗ്ഗ താൽപര്യങ്ങളെ പ്രതിനിധാനം ചെയ്ത്, ജന്മിത്തത്തിന്റെ എല്ലാ ജീർണ്ണാവശിഷ്ടങ്ങളുമായി സന്ധിചെയ്തുകൊണ്ടാണ് അധികാരത്തിലേറിയത്. മതതാൽപര്യങ്ങളുമായി സന്ധിചെയ്തുവെന്ന് മാത്രമല്ല രാഷ്ട്രീയലാക്കോടെ അവർ ഇന്നും ഇന്ത്യ ഞെട്ടലോടെ ഓർക്കുന്ന പല വർഗീയ കലാപങ്ങൾക്കും ചുക്കാൻ പിടിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ വർഗീയതയുടെ തേര് തെളിച്ചു മുന്നേറിയത് ബിജെപി ആണെന്ന് മാത്രം. കേരളത്തിലും സമാന തന്ത്രങ്ങളാണ് ഇക്കൂട്ടർ പയറ്റിയത്.

മലപ്പുറം ജില്ലാ രൂപീകരണം, നിലയ്ക്കൽ പള്ളി പ്രശ്നം, മാറാട് കലാപം, ശബരിമലസ്ത്രീപ്രവേശനം തുടങ്ങിയ വിഷയങ്ങളിലെല്ലാം ബിജെപി, വിദ്വേഷത്തിൽ അധിഷ്ഠിതമായ സ്വന്തം സ്വാധീനശക്തി വളർത്താൻ ഉപയോഗിച്ചു. വിദ്വേഷം ജ്വലിപ്പിക്കാൻ ശേഷിയുള്ള പ്രശ്നങ്ങളെ അവർ കാത്തിരിക്കുകയും ചെയ്യുന്നു. കോൺഗ്രസ്സും, ജാതിമതാധിഷ്ഠിത ചേരിതിരിവുകളെയും മത സംഘടനകളെയും രാഷ്ട്രീയ ലാഭത്തിനുവേണ്ടി യഥേഷ്ടം ഉപയോഗപ്പെടുത്തി. ജാതി– സമുദായ–സഭ സങ്കുചിത താൽപര്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന സംഘടനകളും പാർട്ടികളും രൂപം കൊണ്ടതോടെ അവ തമ്മിലുള്ള സംഘർഷങ്ങളും സാമൂഹിക ചേരിതിരിവുകളും പ്രത്യക്ഷമായി. ഇവകളെല്ലാം വോട്ട് ബാങ്ക് ആയി കണക്കാക്കി തങ്ങളുടെ ചേരിയിൽ നിർത്താൻ മുന്നണികൾ പരസ്പരം മത്സരിച്ചു.

ഈ മലീമസമായ രാഷ്ട്രീയക്കളിയിൽ സിപിഐ(എം) 1967ലെ ഐക്യമുന്നണി കാലത്തുതന്നെ പങ്കെടുത്തു തുടങ്ങിയിരുന്നു. സ്പീക്കർ ആകാൻ വേണ്ടി മുസ്ലിം ലീഗ് നേതാവായിരുന്ന സി.എച്ച്.മുഹമ്മദ് കോയയെകൊണ്ട് ലീഗ് അംഗത്വം രാജി വെപ്പിച്ച കോൺഗ്രസിനെ വെല്ലുവിളിച്ച് ലീഗുമായി മുന്നണി അവർ സഖ്യമുണ്ടാക്കി. സിഎച്ചിനെ ഇഎംഎസ് മന്ത്രിസഭയിൽ മന്ത്രിയാക്കി. കോൺഗ്രസ് സിഎച്ചിന്റെ തൊപ്പിയൂരിയപ്പോൾ അത് തിരികെ വയ്പ്പിച്ചത് ഞങ്ങളാണെന്ന് സിപിഐ(എം) ഊറ്റം കൊണ്ടു. തുടർന്നിങ്ങോട്ട്, തങ്ങളുടെ സമുദായത്തിലെ വരേണ്യ വിഭാഗത്തിലെ താൽപര്യങ്ങൾ പേറുന്ന മുസ്ലീം ലീഗിന്റെയും കേരള കോൺഗ്രസിന്റെയും ഓരോ കഷണങ്ങൾ ഇരുമുന്നണികളിലും മാറി മാറി ചേക്കേറി. എല്ലാ മുന്നണി ഭരണങ്ങളിലും അവർ പങ്കാളികളായി. എൻഎസ്എസ്, എസ്എൻഡിപി എന്നീ ജാതി സംഘടനകൾ എൻഡിപി, എസ് ആർപി എന്നിങ്ങനെ സ്വന്തം രാഷ്ട്രീയ കക്ഷികൾ രൂപീകരിച്ച് ഭരണ പങ്കാളികളായി. സ്വന്തം പാർട്ടികൾ വച്ചുള്ള കച്ചവടം നഷ്ടമാണെന്ന് മനസ്സിലാക്കിയതോടെ പാർട്ടി പിരിച്ചുവിട്ട് ഇരുമുന്നണികളിലും സ്വന്തം നോമിനികളെ സ്ഥാനാർത്ഥികളാ ക്കാനും മന്ത്രിമാരാക്കാനും തരാതരംപോലെ മുന്നണികൾ മാറിമാറി പിന്തുണയ്ക്കാനും വേണ്ടി സമദൂരം, ശരിദൂരം തുടങ്ങിയ ഫോർമുലകൾക്ക് രൂപംകൊടുത്തു. ബാബറി പള്ളി തകർത്തതിനെയും തീവ്ര ഹിന്ദുത്വ രാഷ്ട്രീയം ശക്തി പ്രാപിച്ചതിനെയും തുടർന്ന് കേരളത്തിലെ വിവിധ മുസ്ലിം വിഭാഗങ്ങൾ മുസ്‌ലിം ലീഗിനെ തള്ളിക്കളഞ്ഞ തീവ്ര നിലപാടുകളിലൂടെ പുതിയ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകി.അതോടെ ഭരണമുന്നണികൾ ഇക്കൂട്ടരെ സ്വന്തം ചേരിയിൽ നിർത്താനും പങ്കിട്ടെടുക്കാനും മത്സരിച്ചു. തെരഞ്ഞെടുപ്പടുക്കുമ്പോൾ ഈ പാർട്ടികളുടെയും പിന്നിലുള്ള ജാതിമത ആസ്ഥാനങ്ങൾ കയറിയിറങ്ങി.അതേ സമയം തന്നെ തങ്ങളോടൊപ്പം നിൽക്കാത്തവരെ വർഗീയവാദികൾ എന്ന് വിളിക്കാനും അവർക്ക് യാതൊരു ഉളുപ്പുമില്ലാതായി.

ഈയൊരു പശ്ചാത്തലത്തിൽ വേണം തെരഞ്ഞെടുപ്പ് അടുത്തതോടെ, തങ്ങൾക്കനുകൂലമായി ചില വിഭാഗങ്ങളുടെ പിന്തുണ ലക്ഷ്യമാക്കിക്കൊണ്ടുള്ള പുതിയ നീക്കങ്ങളെ കാണേണ്ടത്. സിപിഐ(എം) സംസ്ഥാന സെക്രട്ടറിയുടെ മുസ്ലിം ലീഗ് വിരുദ്ധ പ്രസ്താവനകൾ 'മാറുന്ന' കാലത്തിനൊത്ത'അവസരോചിതവാദ'മായി കാണാം. ഇടത് പുരോഗമന മൂല്യസങ്കല്പങ്ങൾ ഉയർന്നുനിന്ന കേരളത്തിന്റെ പൊതുബോധത്തിൽ സ്ഥാനം ലഭിച്ചു വരുന്ന മുസ്ലിം വിരുദ്ധതയിൽ നിക്ഷേപമിറക്കാനാണ് സിപിഐ(എം) ശ്രമിക്കുന്നത്. മാർക്സിസത്തിന്റെ അടിസ്ഥാനമായ വൈരുദ്ധ്യാത്മക ഭൗതികവാദം എന്ന ശാസ്ത്രീയ ദർശനം ദൈവ വിശ്വാസത്തിന് എതിരാണെന്നും അതിനാൽ ഇന്ത്യയിൽ അത് പ്രായോഗികമല്ലെന്നും പ്രസ്താവിച്ചുകൊണ്ട് സിപിഐ(എം) കേന്ദ്ര കമ്മിറ്റി അംഗം നൽകുന്ന സന്ദേശം ഏതു വിഭാഗത്തെ ലക്ഷ്യം വെച്ചാണെന്ന് വ്യക്തം. അല്ലെങ്കിൽ ശാസ്ത്രം ഇന്ത്യയ്ക്ക് ബാധകമല്ല എന്ന അബദ്ധ സിദ്ധാന്തം പേരിലെങ്കിലും കമ്മ്യൂണിസ്റ്റ് എന്ന് ഉപയോഗിക്കുന്ന ഒരു പാർട്ടിയുടെ കേന്ദ്ര നേതാവിന്റെ നാവിൽ നിന്ന് വരില്ലതന്നെ. ക്രിസ്ത്യൻ സഭകൾ തമ്മിലുള്ള രൂക്ഷമായ വഴക്കുകളെ തുടർന്നുണ്ടായ ഭിന്നിപ്പുകളെ തങ്ങൾക്കനുകൂലമാക്കി മാറ്റാൻ മൂന്നു മുന്നണികളും തമ്മിൽ നടത്തുന്ന മത്സരം കൗതുകകരമാണ്.


ക്രിസ്ത്യൻ വിഭാഗത്തിനിടയിൽ മുസ്‌ലിംവിരുദ്ധ ത സൃഷ്ടിക്കാനും ശ്രമംനടക്കുന്നു. ശബരിമലവിഷയം യുഡിഎഫ്, ബിജെപി മുന്നണികൾ വീണ്ടും ഉയർത്തിക്കൊണ്ടു വരുന്നതും, ഇക്കാര്യത്തിൽ സിപിഐഎമ്മിന്റെ അഴകുഴമ്പൻ നിലപാടും ജനങ്ങളെ വിഭജിച്ചു വോട്ട് നേട്ടം ഉണ്ടാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതുതന്നെയാണ്. ഹലാൽ ഭക്ഷണത്തിന്റെ പേരിൽ പുതിയ വിവാദങ്ങൾ ഉണ്ടാക്കുന്നതിന്റെ പിന്നിലെ ഉദ്ദേശ്യവും ഇതുതന്നെ. തെരഞ്ഞെടുപ്പ് അടുക്കും ഇത്തരത്തിൽ വിദ്വേഷം വളർത്താൻ ശേഷിയുള്ള മറ്റെന്തെങ്കിലും വിഷയങ്ങൾ കണ്ടെത്തി ആനയിച്ചു കൊണ്ടുവന്നാലും അതിശയിക്കാനില്ല.

മൂന്നു മുന്നണികളും നടത്തുന്ന കേരള യാത്രകൾ ജനങ്ങൾ അഭിമുഖീകരിക്കുന്ന അന്തമില്ലാത്ത പ്രശ്നങ്ങളെ മുൻനിർത്തിയുള്ളതല്ല. സമുദായ നേതാക്കളുടെയും വൻകിട ബിസിനസ്സുകാരുടെയും അതിസമ്പന്നന്മാരുടെയും അരമനകൾ കയറിയിറങ്ങി കച്ചവടം ഉറപ്പിച്ച് യാത്രകൾ മുന്നേറുകയാണ്.

സ്വാതന്ത്ര്യസമരകാലത്തെ പ്രക്ഷുബ്ദ്ധതയും ന്യായയുക്തതയെയും ഓർമിപ്പിക്കുന്ന കർഷക പ്രക്ഷോഭം ഡൽഹിയിൽ 150ലധികം പേർ ജീവൻ നൽകി ജ്വലിച്ചു മുന്നേറുമ്പോൾ, രാജ്യമാസകലം മോദി സർക്കാരിന്റെ കടന്നാക്രമണങ്ങൾക്കെതിരെ ജനങ്ങൾ ഉണർന്നു തുടങ്ങുമ്പോൾ, കേരളത്തിൽ ഒരു തെരഞ്ഞെടുപ്പ് വേളയുടെ രാഷ്ട്രീയാന്തരീക്ഷത്തിൽപോലും അതിന്റെ ചൂട് തൊട്ടു തീണ്ടിക്കാതെ തമിഴ്നാട് മോഡൽ ഓണക്കിറ്റ് രാഷ്ട്രീയവും വർഗീയതയും വിഷയമാക്കി കടത്തിയെടുക്കാനാണ് മുന്നണികൾ ശ്രമിക്കുന്നത്.

സാധാരണക്കാരനായ ഓരോ മനുഷ്യന്റെയും ജീവിതത്തെ നിലവിലെ അവസ്ഥയിൽ നിന്ന് താഴേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്ന നടപടികൾ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ഇടതടവില്ലാതെ ആവിഷ്കരിച്ചു കൊണ്ടിരിക്കുമ്പോൾ, അവയെ ചെറുക്കാനുള്ള രാഷ്ട്രീയ പ്രബുദ്ധത ഉയർന്നുവരണം. അതിനു വിഘാതം സൃഷ്ടിക്കുന്ന മൂന്നു ഭരണ മുന്നണികളുടെയും തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കണം. ■

# ജനങ്ങളുടെ പ്രതീക്ഷകൾ തകർത്ത കേന്ദ്രബജറ്റ് സ്വകാര്യവത്കരണത്തിന്റെ ബ്ലൂപ്രിന്റ്




**ഏറെ പ്രതീക്ഷയോടെയാണ്, എല്ലാ ജനവിഭാഗങ്ങളും വിശേഷിച്ച്, അന്തമില്ലാതെ തുടരുന്ന സാമ്പത്തിക പ്രതിസന്ധിയിലും, തുടർന്നുവന്ന കോവിഡ് മഹാമാരിയിലും, ലോക്ക്ഡൗണിലുംപെട്ട് ഉഴലുന്ന ഏറ്റവും സാധാരണക്കാരായവർ, അവരുടെ ദുരിതത്തിന് അൽപ്പമെങ്കിലും ആശ്വാസം കിട്ടുമെന്ന് കരുതി കേന്ദ്രബജറ്റിലേക്ക് ഉറ്റുനോക്കിയത്. ബജറ്റിൽ അവതരിപ്പിച്ച കണക്കിലെ കളികളും ആളുകളുടെ കണ്ണിൽ പൊടിയിടുന്ന പ്രഖ്യാപനങ്ങളും, ഓഹരിവിപണിയുടെയും മുതലാളിത്ത ലോകത്തിന്റെയും അവരുടെ മാധ്യമങ്ങളുടെയും കൈയടികളും നമുക്ക് മാറ്റിവെക്കാം. എന്നിട്ട്, ഇന്ന് ഇന്ത്യയിലെ സാധാരണക്കാരൻ നേരിട്ടുകൊണ്ടിരിക്കുന്ന ജീവൽപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ഒരു നിമിഷം ചിന്തിക്കാം.**

**കേന്ദ്ര** ബജറ്റിന്റെ ജനവിരുദ്ധ ഉള്ളടക്കം തുറന്നുകാണിച്ചുകൊണ്ടും അത് സമ്പൂർണമായ സ്വകാര്യവൽകരണത്തിന്റെ രൂപരേഖയാണെന്ന് സമർത്ഥിച്ചുകൊണ്ടും ഫെബ്രുവരി 1ന് എസ്‌യുസിഐ (സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ഒരു പ്രസ്താവന പുറപ്പെടുവിച്ചിരുന്നു.

കോവിഡിനുമുന്നേ തുടങ്ങി, ഇപ്പോൾ അതിരൂക്ഷമായിരിക്കുന്ന തൊഴിലില്ലായ്മ, വിലക്കയറ്റം, തൊഴിൽസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലവും പിരിച്ചുവിടൽമൂലവും വർധിക്കുന്ന തൊഴിൽനഷ്ടം, പെട്രോളിയം ഉത്പന്നങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം, കോവിഡ് തുറന്നുകാട്ടിയ പൊതുജനാരോഗ്യമേഖലയിലെ ദൗർബല്യങ്ങൾ എന്നിങ്ങനെയുള്ള നീറുന്ന പ്രശ്നങ്ങളോട് സർക്കാർ എന്ത് സമീപനമാണ് സ്വീകരിക്കുന്നത് എന്നതുവെച്ചാണ് ഈ ബജറ്റിനെ വിലയിരുത്തേണ്ടത്. പക്ഷേ സമസ്തവും സ്വകാര്യമേഖലക്ക് അടിയറ വെക്കുന്നതിനുള്ള രൂപരേഖ മാത്രമാണ് ഈ ബജറ്റ് എന്നതാണ് വാസ്തവം.

ധനസമാഹരണത്തിന് എന്ന പേരിൽ പൊതുമേഖല സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുകയാണ് ഈ സർക്കാർ. പോയ വർഷം ലക്ഷ്യമിട്ടത് രണ്ടു ലക്ഷം കോടി രൂപയാണ്. ഈ വർഷം 1.75 ലക്ഷം കോടിയുടെ പുതിയ വിൽപ്പനലക്ഷ്യം മുന്നോട്ടുവയ്ക്കുന്നു. സാമ്പത്തികപ്രതിസന്ധിയിൽ ഒരു പിടി കുത്തകകളൊഴികെയുള്ളവർ പിടിച്ചുനിൽക്കാൻ പാടുപെടുമ്പോൾ ആണ് സർക്കാർ ഇത്തരം കച്ചവട പദ്ധതികളുമായി മുന്നോട്ടു വരുന്നത്. തന്ത്രപ്രധാനമേഖലയിൽ ഒഴികെയുള്ളവ എല്ലാം വിറ്റൊഴിവാക്കും എന്നതാണ് ബജറ്റിൽ പ്രഖ്യാപിച്ച നയം. ഇനി അങ്ങനെ വിറ്റൊഴിവാക്കാൻ സാധിക്കുന്നില്ല എങ്കിൽ, ആ സ്ഥാപനങ്ങൾ ലയിപ്പിക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യും. എന്നാൽ ഇവിടങ്ങളിലെ ജീവനക്കാരെക്കുറിച്ച് ഒന്നും പറയുന്നില്ല. അതായത്, തൊഴിലില്ലായ്മയും തൊഴിൽനഷ്ടവുംകൊണ്ട് സാധാരണക്കാർ നട്ടം തിരിയുമ്പോൾ പൊതുമേഖലയെ കൂടുതൽ ശക്തിപ്പെടുത്തി, തൊഴിൽ സൃഷ്ടിക്കുക എന്നതല്ല സർക്കാരിന്റെ നയം. മറിച്ച്, ഉള്ള തൊഴിലുകൾകൂടി ഇല്ലാതാക്കുന്നു. തൊഴിൽസുരക്ഷതന്നെ ഇല്ലാതാക്കുന്ന പുതിയ തൊഴിൽ നിയമങ്ങളുമായി ചേർത്തുവായിച്ചാൽ, സാധാരണക്കാരുടെയും തൊഴിലാളികളുടെയും ദൈന്യം ഈ സർക്കാരിന് വിഷയമല്ല. തങ്ങളുടെ യജമാനന്മാരായ മുതലാളിമാരുടെ പെരുകുന്ന കൊള്ളലാഭം മാത്രമാണ് അവരുടെ പരിഗണന എന്നത് പച്ചയായി ബജറ്റിൽ നിറഞ്ഞുനിൽക്കുന്നു. ഒൻപത് ലക്ഷം കോടി വിലമതിക്കുന്ന ബിപിസിഎൽ 40,000 കോടി രൂപയ്ക്ക് കേന്ദ്രഗവൺമെന്റ് വിൽപ്പനയ്ക്ക് വച്ചിരിക്കുന്നത് നാം കാണുന്നുണ്ടല്ലോ. ജനങ്ങളുടെ പണവും തൊഴിലാളികളുടെ അധ്വാനവും കൊണ്ട് കെട്ടിപ്പടുത്ത ആസ്തികൾ, മുഴുവൻ ജനതയുടേയും പൊതുസ്വത്ത്, ഇങ്ങനെ തുച്ഛവിലയ്ക്ക് വിറ്റുതുലക്കാൻ ആര് ഇവർക്ക് അനുമതി നൽകി? പൊതുമുതൽ നശിപ്പിക്കുന്നതിനും കൊള്ളയടിക്കുന്നതിനും തുല്യമല്ലേ ഇത്? ഇതും പോരാഞ്ഞ് റോഡുകൾ, വിമാനത്താവളങ്ങൾ, സർക്കാരിന്റെ കൈവശമുള്ള ഭൂമി, ഇതൊക്കെയും സ്വകാര്യമേഖലക്ക് കൈമാറുമെന്നാണ് പ്രഖ്യാപനം. കുറച്ച് അതിസമ്പന്ന കുത്തകമുതലാളിമാരെ വളർത്താം എന്നല്ലാതെ ഒരു പ്രയോജനവും സമ്പദ്ഘടനയ്ക്കോ സാധാരണജനങ്ങൾക്കോ ഈ സ്വകാര്യവൽക്കരണംകൊണ്ട് ഉണ്ടാകില്ല എന്ന്, മൂന്ന് ദശകത്തെ അനുഭവംകൊണ്ട് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നിട്ടും പ്രതിസന്ധികൊണ്ട് നട്ടം തിരിയുന്ന അവസ്ഥയിലും സ്വകാര്യവൽക്കരണമന്ത്രം മാത്രം ജപിക്കുന്നവർക്ക് എന്ത് രാജ്യതാത്പര്യം?

കാർഷികമേഖലയ്ക്കായുള്ള ധനസമാഹരണത്തിന് പുതിയ കാർഷിക അടിസ്ഥാനസൗകര്യ വികസന സെസ്സ് ഏർപ്പെടുത്താൻ ബജറ്റ് നിർദ്ദേശിക്കുന്നു. ജിഎസ്ടി നടപ്പാക്കിയാൽ പിന്നെ മറ്റൊരു നികുതിയും ഉണ്ടാകില്ല എന്നൊക്കെ വാഗ്ദാനം നൽകിയവർ പിന്നീട് പല പേരിൽ പല നികുതികൾ ഇതുപോലെ കൊണ്ടുവരുന്നു. ഈ പുതിയ ചുങ്കം, പെട്രോൾ, ഡീസൽ, ഭക്ഷ്യഎണ്ണകൾ, കടല, പയർ, പരിപ്പ്, യൂറിയ അടക്കമുള്ള വളം എന്നിവയ്ക്കുമേലാണ് വരിക. വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടുമ്പോൾ, അവശ്യവസ്തുക്കളുടെമേൽ പുതിയ ചുങ്കം ചുമത്തുന്നു. എന്നാൽ തത്തുല്യമായ കുറവ് ഇറക്കുമതി ചുങ്കത്തിൽ വരുത്തുന്നതുകൊണ്ട് ഈ പുതിയ സെസ്സിന്റെ ഭാരം ജനങ്ങൾക്കുമേൽ വരില്ല എന്ന് ധനമന്ത്രി പറയുന്നു. വിലക്കയറ്റം നിയന്ത്രിക്കാൻ ഒന്നും ചെയ്യില്ല എന്നതുപോകട്ടെ, എന്തെങ്കിലും നികുതികുറവു വരുത്തിയ ശേഷം, ആ കുറച്ച തുക ഞങ്ങൾ മറ്റൊരു പേരിൽ തിരിച്ചു പിടിക്കും എന്നുപറയുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയല്ലേ? ലിറ്ററിന് നൂറു രൂപയിലേക്ക് എത്തുന്ന പെട്രോൾ-ഡീസൽ വിലകൾ ജനങ്ങളുടെ നടുവൊടിക്കുകയാണ്. അതിനു പിന്നിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന അതിഭീമ നികുതികളാണ്. അതിൽ ഒരു കുറവും വരുത്താതെ ഈ പകൽകൊള്ള തുടരുന്നവർ കൂടുതൽ നികുതികൂടി ചുമത്തുന്നു. ഇതിൽപ്പരം ജനദ്രോഹം എന്താണുള്ളത്?

**കാർഷികമേഖലയ്ക്കുള്ള ധനസമാഹരണത്തിനായി പുതിയ കാർഷിക അടിസ്ഥാനസൗകര്യ വികസന സെസ്സ് ഏർപ്പെടുത്താൻ ബജറ്റ് നിർദ്ദേശിക്കുന്നു. ജിഎസ്ടി നടപ്പാക്കിയാൽ പിന്നെ മറ്റൊരു നികുതിയും ഉണ്ടാകില്ല എന്നൊക്കെ വാഗ്ദാനം നൽകിയവർ പിന്നീട് പല പേരിൽ പല നികുതികൾ ഇതു പോലെ കൊണ്ടുവരുന്നു. വിലക്കയറ്റം കൊണ്ട് ജനങ്ങൾ പൊറുതിമുട്ടുമ്പോൾ, അവശ്യവസ്തുക്കളുടെമേൽ പുതിയ ചുങ്കം ചുമത്തുന്നു.**

കർഷകക്ഷേമത്തിനായി പുതിയ നികുതി പിരിക്കുന്നവർ അതുകൊണ്ട് കാർഷികമേഖലക്കായി എന്തുചെയ്യുന്നു? വിവിധ പേരുകളിൽ കാലാകാലങ്ങളായി പിരിച്ചസെസ്സുകൾകൊണ്ട് അതത് മേഖലകൾക്കായി എന്തുചെയ്തു എന്ന ചോദ്യം അവിടെ ഉയരുന്നു. 16.5 ലക്ഷം കോടിയുടെ കർഷകവായ്പയാണ് ബജറ്റ് മുന്നോട്ടു വയ്ക്കുന്ന ഒരു പ്രധാന പദ്ധതി. 75,060 കോടിയുടെ കർഷകക്ഷേമപദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിലെമ്പാടുമുള്ള കർഷകരുടെ ഏറ്റവും പ്രധാനപ്രശ്നം, അവരുടെ ഉത്പന്നങ്ങൾ മതിയായ വില നൽകി സമയത്ത് വാങ്ങാനുള്ള സംവിധാനമില്ല എന്നതും, വിൽപ്പന വൈകിയാൽ അവ സംഭരിച്ച് സൂക്ഷിക്കുവാനുള്ള കേന്ദ്രങ്ങളില്ല എന്നതുമാണ്. പൊതുമേഖലയിൽ ഇതിന് എന്തെങ്കിലും ഇടപെടൽ ഉള്ളയിടങ്ങളിൽ മാത്രമാണ് പ്രഖ്യാപിത താങ്ങുവിലകൾ പോലും ഉറപ്പാക്കാൻ സാധിക്കുന്നത്. അപ്പോൾ, കർഷകക്ഷേമത്തിനായി എന്തെങ്കിലും ചെയ്യാൻ സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ, മതിയായ താങ്ങുവിലകൾ പ്രഖ്യാപിക്കുന്നതിനോടൊപ്പം, കർഷകരിൽനിന്നും വിളകൾ സമയത്ത് സംഭരിക്കുവാനും സൂക്ഷിക്കുവാനുമുള്ള സംവിധാനം രാജ്യമൊട്ടാകെ പൊതുമേഖലയിൽ സ്ഥാപിക്കുക എന്നതാണ് വേണ്ടത്. ഈ പ്രഖ്യാപിക്കുന്ന കോടികളിൽ ഒരു ഭാഗം മതിയാകും അതിന്. രാജ്യത്തെ സാധാരണക്കാരായ കർഷകരിൽ പുതിയ ഉണർവ്വുതന്നെ അത് സൃഷ്ടിച്ചേനെ. പക്ഷേ, സംഭരണം അപ്പാടെ സ്വകാര്യമേഖലയ്ക്ക് തീറെഴുതാനും, കരാർകൃഷിയടക്കം ഏർപ്പെടുത്തി സ്വകാര്യ കോർപ്പറേറ്റുകളുടെ കാൽക്കീഴിലേക്ക് ഇന്ത്യൻ കർഷകനെ തള്ളിവിടുവാനുമുള്ള നിയമനിർമ്മാണമാണ് ഈ സർക്കാർ നടത്തിയിരിക്കുന്നത്. മാസങ്ങളായി കർഷകർ തെരുവിൽ സമരത്തിലായിട്ടും ഈ നിയമങ്ങൾ പിൻവലിക്കില്ല എന്ന കടുംപിടിത്തത്തിലാണ് സർക്കാർ. എന്നിട്ട് കർഷകക്ഷേമം എന്ന പേരിൽ നാണമില്ലാതെ പ്രഖ്യാപനങ്ങൾ. അതിന്റെ മറവിൽ സാധാരണക്കാരന്റെ ചുമലിൽ പുതിയ ചുങ്കം. ഇത് ഇരട്ടത്താപ്പല്ലേ?

വിപണിയിൽ ഡിമാന്റ് കുറയുന്നതാണ് സാമ്പത്തികപ്രതിസന്ധിയെ രൂക്ഷമാക്കുന്നതെന്ന് സാമ്പത്തിക വിദഗ്ധരടക്കം ചൂണ്ടിക്കാട്ടിയിട്ടും ജനങ്ങളുടെ കൈയിൽ പണമെത്തിക്കാനുള്ള ഒരു ക്രിയാത്മക നടപടിയും ബജറ്റിൽ ഇല്ല. ആദായനികുതിയിലെ എങ്കിലും ഇളവുകൾ ഇടത്തട്ടുകാർ ഏറെ പ്രതീക്ഷിച്ചു. പക്ഷേ യാതൊരു ഇളവും ഉണ്ടായില്ലെന്ന് മാത്രമല്ല, ആദായനികുതി റിട്ടേണുകൾ സമർപ്പിക്കുന്നത് എളുപ്പമാക്കാൻ എന്ന പേരിൽ ചില പരിഷ്കാരങ്ങൾ മാത്രം പറഞ്ഞുവെക്കുന്നു. വാസ്തവത്തിൽ, ഇതിലൂടെ പൗരന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും കർശനമായി നിരീക്ഷിക്കപ്പെടുകയാണ്. ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ വർഷം 5% വർധനയുണ്ടായി. 5.55 ലക്ഷം കോടിയാണ് ആദായനികുതിയായി ശേഖരിച്ചത്. കോർപ്പറേറ്റ് നികുതിയായി 6.78 ലക്ഷം കോടിയായിരുന്നു പിരിച്ചത്. അതിൽ കൃത്യമായി ഇളവുകൾ നൽകുന്ന സർക്കാർ, പണപ്പെരുപ്പത്തിന് ആനുപാതികമായെങ്കിലും ആദായനികുതി ഘടന പരിഷ്കരിച്ച് ജനങ്ങൾക്ക് ആശ്വാസം നൽകാൻ തയ്യാറാകുന്നില്ല. ഫലമോ, വിപണിയിലേക്ക് പണമെത്തില്ല, ഡിമാന്റിലെ മന്ദത തുടരും. തന്നെയുമല്ല, ചെറുകിട നിക്ഷേപങ്ങൾക്കുപോലും ആദായനികുതി നൽകേണ്ടി വരുന്ന അവസ്ഥയുമുണ്ടാകുന്നു. അതേസമയം തന്നെ, അതിവേഗം സമ്പത്തു പെരുക്കുന്ന അതിസമ്പന്നർക്കുമേൽ ഒരു നികുതിയും ചുമത്താൻ സർക്കാർ തയ്യാറാകുന്നില്ല. അങ്ങനെ ഒരു നിർദ്ദേശം സമർപ്പിച്ചതിന്റെ പേരിൽ ചില ഐആർഎസ് ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ നടപടിയെടുത്തതും പോയ വർഷമല്ലേ? സാധാരണക്കാരനെ പരമാവധി പിഴിഞ്ഞൂറ്റി, ആ പണംകൊണ്ട് കോർപ്പറേറ്റുകൾക്കും അതിസമ്പന്നർക്കും ഇളവുകൾ നൽകുന്നത് പച്ചയായി നാം കാണുന്നു.

ജനങ്ങൾക്കായി ആരോഗ്യമേഖലയിൽ വർധിച്ച തുക മാറ്റിവെക്കുന്നു എന്ന് ബജറ്റ് അവകാശപ്പെടുന്നു. 61,480 കോടി രൂപ

(ശേഷം 4-ാം പേജിൽ)

# ബിപിസിഎൽ തൊഴിലാളികളുടെ പ്രതിഷേധം ശക്തമാകുന്നു

## ദീർഘകാല കരാർ പുതുക്കലിലൂടെ സ്വകാര്യവൽക്കരണ നടപടികൾ അടിച്ചേൽപ്പിക്കുന്നു

**ബി**പിസിഎൽ പോലെ ജനജീവിതവുമായി നേരിട്ട് ബന്ധമുള്ള ഒരു പൊതുമേഖലാ സ്ഥാപനം സ്വകാര്യവൽക്കരിക്കപ്പെട്ടാൽ അതുവഴി സാമൂഹ്യ ജീവിതത്തിലുണ്ടാകുന്ന എല്ലാത്തരം ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും ബിപിസിഎൽ ജീവനക്കാരും നേരിടേണ്ടിവരും. അതോടൊപ്പം സ്ഥാപനത്തിലെ ജീവനക്കാർ എന്ന നിലയിൽ പ്രത്യേകമായി നേരിടേണ്ടി വരുന്ന എല്ലാ പ്രശ്നങ്ങളും ദീർഘകാല കരാർ പുതുക്കലിലൂടെ തൊഴിലാളി യൂണിയനുകളെക്കൊണ്ട് നിയമപരമായി സമ്മതിപ്പിക്കാനാണ് മാനേജ്മെന്റ് നീക്കം.

തൊഴിലാളികളുടെ എണ്ണം ഭീമമായി വെട്ടിക്കുറക്കൽ, നിർബന്ധിത പിരിച്ചുവിടലും ട്രാൻസ്ഫറും, ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിമിതപ്പെടുത്തൽ, റിട്ടയർമെന്റ് ആനുകൂല്യങ്ങളുടെ നിഷേധം, ജോലിഭാരം ഭീമമായി അടിച്ചേൽപ്പിക്കൽ, ജീവനക്കാരുടെ ജോലി സുരക്ഷയും പരിരക്ഷയും നിഷേധിക്കൽ, യൂണിയനുകളുടെ പ്രവർത്തനം ഇല്ലാതാക്കൽ തുടങ്ങി എല്ലാം സമ്മതിപ്പിക്കാനാണ് ദീർഘകാല കരാറിൽ ഒന്ന് (എഫ്) ക്ലോസ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സ്ഥാപനം പൊതുമേഖലയിലായിരിക്കുമ്പോഴേ ലഭിക്കൂ എന്ന വകുപ്പ്, കേന്ദ്ര ഗവൺമെന്റും ബിപിസി എൽ വാങ്ങാൻ തയ്യാറാകുന്ന മുതലാളിയും തമ്മിൽ ഒപ്പിടുന്ന സെയിൽ - പർച്ചയ്സ് കരാറിലെ വകുപ്പുകൾ അംഗീകരിക്കൽ, തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറക്കലും പുനർവിന്യാസവും തുടങ്ങിയ വകുപ്പുകൾ കരാറിൽ ഉൾപ്പെടുത്തുന്നതിലൂടെ ശ്രമിക്കുന്നത്.

ഇതോടൊപ്പം 2021 ഏപ്രിൽ മുതൽ ലേബർ കോഡുകൾ കൂടി നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് തുടങ്ങിയാൽ സ്വകാര്യവൽക്കരിക്കപ്പെട്ട ബി പി സി എൽ ജീവനക്കാരെയെല്ലാം നിശ്ചിത കാല കരാർ ജോലിക്കാരായി മാറ്റിയെടുക്കാൻ കഴിയും. അതിലൂടെ ഏതു സമയവും ആരേയും പിരിച്ചുവിടാനും നിയമിക്കാനുമുള്ള ഹയർ ആന്റ് ഫയർ പോളിസി നടപ്പിലാക്കാനുള്ള നിയമ പിൻബലമാണ് സ്വകാര്യ മാനേജ്മെന്റുകൾക്ക് ലഭിക്കുന്നത്. ഇതെല്ലാം ഏറ്റവും കൂടുതൽ ബാധിക്കാൻ പോകുന്നത് പുതുതായി ജോലിയിൽ പ്രവേശിച്ച യുവാക്കളായ ജീവനക്കാരെയാണ്. ആയതിനാൽ യുവാക്കളായ ജീവനക്കാരുടെ മുൻകൈയിൽ ഏല്ലാവരും ഒറ്റക്കെട്ടായി സ്വകാര്യവൽക്കരണത്തിനെതിരായും ജീവനക്കാരുടെമേൽ സ്വകാര്യവൽക്കരണ അജണ്ടകൾ അടിച്ചേൽപ്പിക്കുന്ന ദീർഘകാല കരാറിലെ തൊഴിലാളിവിരുദ്ധമായ വകുപ്പുകൾക്കെതിരെയും ശക്തമായ പോരാട്ടം വളർത്തിയെടുക്കേണ്ടത് അടിയന്തര ആവശ്യകതയാണ്. ആയതിനാൽ മുഴുവൻ ജീവനക്കാരും തൊഴിലാളികളും ഒത്തൊരുമിച്ചുകൊണ്ട് ശക്തമായ പ്രതിഷേധം കോവിഡ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വളർത്തിയെടുക്കണമെന്ന് ബിപിസിഎൽ സംരക്ഷണ സമര സമിതിയംഗവും കൊച്ചിൻ റിഫൈനറി എംപ്ലോയീസ് അസോസിയേഷൻ (സിആർ ഇഎ) വൈസ് പ്രസിഡന്റുമായ എൻ.ആർ. മോഹൻകുമാർ അഭിപ്രായപ്പെട്ടു.



കൊച്ചി റിഫൈനറിയിൽ നടത്തിയ നിൽപ്പ് സമരം ബിപിസിഎൽ സംരക്ഷണ സമര സമിതിയംഗവും കൊച്ചിൻ റിഫൈനറി എംപ്ലോയീസ് അസോസിയേഷൻ(സിആർഇഎ) വൈസ് പ്രസിഡന്റുമായ എൻ. ആർ. മോഹൻ കുമാർ ഉദ്ഘാടനം ചെയ്യുന്നു.

2017ജനുവരിഒന്നുമുതൽകൊച്ചി റിഫൈനറി ഓഫീസർമാർക്ക് അനുവദിച്ചതും ഇന്ത്യയിലെ മറ്റെല്ലാ പെട്രോളിയം മേഖല തൊഴിലാളികൾക്കും നൽകിയതും, കേന്ദ്ര ഗവൺമെന്റ് ഗൈഡ്‌ലൈൻ പ്രകാരവുമുള്ള ആനുകൂല്യങ്ങൾ കൊച്ചി റിഫൈനറി തൊഴിലാളികൾക്ക് അനുവദിക്കുന്ന ദീർഘകാല കരാർ പുതുക്കുക, സ്വകാര്യവൽക്കരണ നടപടികൾ നിർത്തിവയ്ക്കുക തുടങ്ങിയ ഡിമാന്റുകൾ ഉയർത്തി റിഫൈനറി തൊഴിലാളികൾ തുടർന്നുവരുന്ന സമരത്തിന്റെ ഭാഗമായി കൊച്ചി റിഫൈനറി ഗേറ്റിൽ നടക്കുന്ന നിൽപ്പ് സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊച്ചിൻ റിഫൈനറി വർക്കേഴ്സ് അസോസിയേഷൻ നേതാവ് എസ്.സഞ്ജയ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ■

# കേന്ദ്രബജറ്റ് സ്വകാര്യവൽക്കരണവും വിറ്റുതുലയ്ക്കലും കൂസലില്ലാതെ നടപ്പാക്കുന്നു

(3-ാം പേജിൽ നിന്ന്)

യുടെ പ്രധാനമന്ത്രി ആത്മനിർഭർ ഭാരത് പദ്ധതി ആരോഗ്യമേഖലയിൽ നടപ്പാക്കുമത്രെ. കോവിഡ് വാക്സിനായി 35,000 കോടിയും മാറ്റിവെക്കുമത്രെ. എന്നാൽ പുതിയ പേരിൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോഴും, നമ്മുടെ രാജ്യത്തെ പൊതുജനാരോഗ്യരംഗം എത്ര ദുർബലമാണെന്നത് കോവിഡ് കാണിച്ചുതന്നതാണ്. അതിൽ എന്തു മാറ്റം ഉണ്ടാകുന്നു എന്നതാണ് ദൃശ്യമാകേണ്ടത്. എയിംസ് മാതൃകയിൽ നഗരകേന്ദ്രീകൃത വൻകിട ആശുപത്രികളേക്കാൾ കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അവിടെ മതിയായ ഡോക്ടർമാരും ഉണ്ടാവുക എന്നതല്ലേ ജനങ്ങൾക്ക് ആവശ്യം. പുതിയ പദ്ധതി അവിടെ നിൽക്കട്ടെ, പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത്, ദേശീയ ആരോഗ്യദൗത്യം തുടങ്ങിയ പഴയ പദ്ധതികൾ എന്തു മാറ്റം കൊണ്ടുവന്നു എന്ന സത്യസന്ധമായ വിലയിരുത്തൽ ആദ്യം വേണ്ടേ? ആയുഷ്മാൻ ഭാരത് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മാത്രമാണ്.

ആരോഗ്യമേഖല പൂർണ്ണമായും കമ്പോളശക്തികൾക്ക് വിട്ടുകൊടുക്കുക എന്ന നയം പുലർത്തുന്ന പുതിയ പദ്ധതികൾ, ആ നയത്തിന് അനുസൃതമായി പൊതുപണം മുടക്കിയുള്ള ഘടനാപരമായ മാറ്റങ്ങളും സൗകര്യമൊരുക്കലും മാത്രമല്ലേ ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളൂ? ഇനി, ആരോഗ്യമേഖലയുടെ പേരിൽ ഈ അവതരിപ്പിച്ച തുകയുടെ സിംഹഭാഗവും നഗരവികസന പദ്ധതികൾക്കായാണ് പോവുക. വികസനം നഗരകേന്ദ്രീകൃതമാകുന്നു, ഗ്രാമീണജനത അവഗണിക്കപ്പെടുന്നു. അതാവും സംഭവിക്കുക. ഇതും സ്വകാര്യമുതലാളിമാരുടെ ലാഭതാത്പര്യം മാത്രം മുന്നിൽ കണ്ടുള്ളതാണെന്നതും വ്യക്തം.

മറുവശത്ത് ചെറുകിട സംരംഭകർ തഴയപ്പെടുന്നു. സാമ്പത്തികപ്രതിസന്ധിയിൽ നട്ടം തിരിയുന്ന അവർക്ക് കാര്യമായ സഹായങ്ങളില്ല. എന്തിലും ഏതിലും ആത്മനിർഭർ മേലങ്കി അണിയുന്നവർ വ്യാപകമായ വിദേശനിക്ഷേപത്തിന് വാതിൽ തുറന്നിടുന്നതാണ് നമ്മൾ കാണുന്നത്. ഇൻഷ്വറൻസ് മേഖലയിൽ 74% വിദേശനിക്ഷേപം അനുവദിക്കപ്പെടുന്നു. എൽഐസിയും ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനും വിൽക്കാൻ ഒരുമ്പെടുന്നു. ഇതെന്ത് ആത്മനിർഭർ? സൗജന്യ പാചകവാതക പദ്ധതിയിൽ ഒരു കോടി കുടുംബങ്ങളെക്കൂടി കൊണ്ടുവരും എന്നുപറയുന്ന ബജറ്റ്, പക്ഷേ പാചകവാതക സബ്സിഡി തുടരുന്നതിൽ മൗനം പാലിക്കുന്നു. സാധാരണക്കാരന്റെയും ഗ്രാമീണമേഖലയുടെയും പേരിൽ വാചാടോപം ഒരു വശത്ത്. മറുവശത്ത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം 35% കണ്ട് വെട്ടിക്കുറച്ചിരിക്കുന്നു. ഒരു ഭാഗത്ത്, ഡിജിറ്റൽ ഇന്ത്യയെക്കുറിച്ച് പറയുന്നവർ മറുഭാഗത്ത് മൊബൈൽ ഫോൺ അടക്കമുള്ള ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ വില കുത്തനെ ഉയരാൻ ഇടയാക്കുന്ന രീതിയിൽ യാതൊരു യാഥാർത്ഥ്യ ബോധവുമില്ലാതെ അവയുടെ നികുതി കൂട്ടിയിരിക്കുന്നു. ഇങ്ങനെ ഇരട്ടത്താപ്പുകളുടെയും വാചകമടിയുടെയും ജനദ്രോഹത്തിന്റെയും സഞ്ചയം മാത്രമാണ് ഇത്തവണത്തെ കേന്ദ്രബജറ്റ്.

സർക്കാർ ഉടമസ്ഥതയിലുള്ള ഹൈവേകൾ സ്വകാര്യവൽക്കരിക്കുമെന്ന നയം മുന്നോട്ട് വെക്കുന്നവർ തന്നെയാണ് തെരഞ്ഞെടുപ്പ് അടുത്തുനിൽക്കുന്ന കേരളം അടക്കമുള്ള സംസ്ഥാനങ്ങളിൽ പാത വികസനത്തിനായി പതിനായിരക്കണക്കിന് കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്. അല്ലെങ്കിൽതന്നെ, പൊതുജനങ്ങളുടെ കൈയിൽനിന്നും പലപ്പോഴും മതിയായ നഷ്ടപരിഹാരംപോലും നൽകാതെ പിടിച്ചെടുത്ത ഭൂമിയിൽ പൊതുഖജനാവിൽ നിന്നുള്ള പണം മുടക്കി പണിയുന്ന റോഡുകൾ, സ്വകാര്യമേഖലയ്ക്ക് ബിഒടി എന്ന പേരിൽ കൈമാറി, കണ്ണിൽ ചോരയില്ലാതെ ടോൾ പിരിച്ച് കൊള്ളലാഭം കൊയ്യുന്ന അറവുശാലകളാക്കി മാറ്റുകയല്ലേ ചെയ്യുന്നത്. അന്യായ ടോൾ പിരിവിനെതിരെ രാജ്യത്തിന്റെ പല ഭാഗത്തും പ്രതിഷേധങ്ങൾ ഉയർന്നപ്പോൾ, നേരിട്ട് വാഹനയുടമയുടെ ബാങ്ക് അക്കൗണ്ടിലെ തുക ടോൾകമ്പനിയുടെ കീശയിലെത്തിക്കുന്ന ഫാസ്റ്റ് ടാഗ് സംവിധാനം സർക്കാർ കർശനമായി നടപ്പാക്കി കൊടുത്തു. അതായത് ഈ റോഡ് മുതലാളിമാരുടെ കൊള്ളയടി നിർബാധം തുടരുവാനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഫാസ്റ്റ് ടാഗിലെ തട്ടിപ്പുകളിൽ പൊതുജനത്തിന് പരാതിപ്പെടുവാനുള്ള ഒരു സംവിധാനംപോലും നിലവിലില്ല.

ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കെയാണ് രാജ്യത്ത് അവശേഷിക്കുന്ന റോഡുകളും വിമാനത്താവളങ്ങളും പോലെയുള്ള പൊതുആസ്തികൾ അപ്പാടെ സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള രൂപരേഖ ബജറ്റിൽ അവതരിപ്പിച്ചിരിക്കുന്നത്. പോരാത്തതിന് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള പാക്കേജ് എന്ന പേരിൽ, ജനത്തെ വിഡ്ഢികളാക്കിക്കൊണ്ട്, ഇത്ര കനത്ത തുക സ്വകാര്യവൽക്കരിക്കാൻ വെച്ചിരിക്കുന്ന റോഡുകൾക്കായി നൽകുമത്രേ!

ആത്മനിർഭര മേലങ്കിയണിഞ്ഞെത്തിയ ഈ ബജറ്റിന്റെ യഥാർത്ഥ സ്വഭാവം വെളിവാക്കാനുള്ള ചില വശങ്ങൾ മാത്രമാണ് ഇവിടെ ചർച്ച ചെയ്തത്. സ്വകാര്യകുത്തകകൾക്കും അവരുടെ പിണിയാളുകൾക്കും കൈയടിക്കാനുള്ളവ ഇതിൽ തീർച്ചയായും ഉണ്ട്. പക്ഷേ രാജ്യത്തെ സാധാരണക്കാരുടെയും തൊഴിലാളികളുടെയും കർഷകരുടെയും നട്ടെല്ലൊടിക്കുന്ന, അവരെ കൂടുതൽ പിഴിയുന്ന ഒന്നുമാത്രമാണ് ഈ ബജറ്റ്.

വിലക്കയറ്റവും തൊഴിലില്ലായ്മയും പോലെയുള്ള നീറുന്ന പ്രശ്നങ്ങളെ ഈ ബജറ്റ് പരിഗണിച്ചിട്ടുപോലുമില്ല എന്ന് നമ്മൾ കണ്ടു കഴിഞ്ഞു. സാധാരണക്കാരന്റെ കൈയിൽ പണമെത്തിക്കുന്നതു പോകട്ടെ, കൈയിൽ ഉള്ളതുകൂടി പിടിച്ചുപറിക്കുന്ന പുതിയ നികുതികളും നിർദ്ദേശങ്ങളുമാണ് ഉള്ളത്. അതേസമയംതന്നെ അടിമുടി സ്വകാര്യവൽക്കരണവും വിറ്റുതുലയ്ക്കലും കൂസലില്ലാതെ നടപ്പാക്കാൻ പോകുന്നു. അങ്ങനെ, കുത്തകകളുടെ താത്പര്യംമാത്രം പരിഗണിച്ച് അവർക്കുവേണ്ടി മാത്രം ഭരിക്കുന്ന, അവരുടേത് മാത്രമായ ഈ മോദി സർക്കാരിന്റെ, ജനത്തെ വെല്ലുവിളിക്കുന്ന അടിമുടി ജനദ്രോഹകരമായ ഈ ബജറ്റിനെ എതിർക്കേണ്ടതും ചെറുക്കേണ്ടതും ഈ രാജ്യത്തെ ഓരോ പൗരന്റെയും കടമയായി മാറുന്നു. ■

**അന്യായ ടോൾ പിരിവിനെതിരെ രാജ്യത്തിന്റെ പല ഭാഗത്തും പ്രതിഷേധങ്ങൾ ഉയർന്നപ്പോൾ, നേരിട്ട് വാഹനയുടമയുടെ ബാങ്ക് അക്കൗണ്ടിലെ തുക ടോൾകമ്പനിയുടെ കീശയിലെത്തിക്കുന്ന ഫാസ്റ്റ് ടാഗ് സംവിധാനം സർക്കാർ കർശനമായി നടപ്പാക്കിക്കൊടുത്തു. റോഡ് മുതലാളിമാരുടെ കൊള്ളയടി നിർബാധം തുടരുവാനാണ് സർക്കാർ മുൻഗണന നൽകുന്നത്.**

# ബിഒടി ചുങ്കപ്പാതയ്ക്കായി പിണറായി–ഗഡ്കരി അവിശുദ്ധ സഖ്യം

**2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം പൂർണമായും ലംഘിച്ചുകൊണ്ട് സ്വകാര്യ ടോൾ പാതക്കുവേണ്ടി നിർബന്ധിത കുടിയൊഴിപ്പിക്കലുമായി മുന്നോട്ടു പോവുകയാണ് സംസ്ഥാനം ഭരിക്കുന്ന ഇടതുമുന്നണി സർക്കാർ. കേന്ദ്ര ബിജെപി മന്ത്രി നിതിൻ ഗഡ്കരി എല്ലാവിധ പിന്തുണയും ആശീർവാദവുമായി ഒപ്പമുണ്ട്. പ്രബുദ്ധ കേരളത്തിന് അറപ്പുളവാക്കുന്ന വിധത്തിലാണ് ആലപ്പുഴ ബൈപാസിന്റെ ഉദ്ഘാടന വേളയിൽ കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയും കേരള മുഖ്യൻ മിസ്റ്റർ പിണറായി വിജയനും അന്യോന്യം പ്രശംസ ചൊരിഞ്ഞത്.**




**ബി**ഒടി (ബിൽഡ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ) പദ്ധതി പ്രകാരം കേരളത്തിലെ മുഴുവൻ ദേശീയ പാതകളും ക്രമേണ സംസ്ഥാന, ജില്ലാ റോഡുകളും നിർമ്മിക്കാനാണ് സർക്കാർ തീരുമാനം. ഒരു ദിവസം ഒരു കോടി 25 ലക്ഷം രൂപ മിനിമം വരുമാനമുള്ള തൃശ്ശൂർ പാലിയേക്കരയിലെ ടോൾ പ്ലാസപോലെ മറ്റ് ഇരുപതിലേറെ ടോൾ പ്ലാസകളാണ് ഹൈവേ വികസനത്തിലൂടെ യഥാർത്ഥത്തിൽ ലക്ഷ്യമാക്കുന്നത്. ക്രമേണ റോഡുകൾ സ്വകാര്യവൽക്കരിച്ച് കോർപ്പറേറ്റുകൾക്ക് കൈമാറ്റം ചെയ്യപ്പെടും.

കേരളത്തിലാകമാനം നടപ്പിലാക്കാനുദ്ദേശിക്കുന്ന ദേശീയപാത സ്വകാര്യവൽക്കരണത്തിന് എതിരെയുള്ള ജനരോഷം വളരെ ശക്തമാണ്. ഭൂമി വില വളരെ കൂടുതലായതിനാൽ കേരളത്തിലെ ഭൂമിയേറ്റെടുക്കൽ മറ്റു സംസ്ഥാനങ്ങളെപ്പോലെ എളുപ്പമല്ലെന്ന് തിരിച്ചറിഞ്ഞ ഹൈവേ അതോറിറ്റി 2015ൽ പദ്ധതിയിൽനിന്നും പിൻവാങ്ങിയതാണ്. എന്നുമാത്രമല്ല സാമ്പത്തിക പ്രതിസന്ധിമൂലം കേരളത്തിലെ ദേശീയപാത വികസനം 2022 ശേഷം മതിയെന്നായിരുന്നു കേന്ദ്ര നിർദ്ദേശം. എന്നാൽ ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ദേശീയപാത വികസനത്തിന് നിർമാണച്ചെലവിന്റെ 25% സംസ്ഥാനം വഹിക്കുവാൻ തീരുമാനിക്കുകയും 4500 കോടി ബജറ്റിൽ വക കൊള്ളിക്കുകയും ചെയ്തുകൊണ്ട് പദ്ധതി എവ്വിധവും നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ പച്ചക്കൊടി കാണിച്ചു. ഇത് ജനതാല്പര്യം നിറവേറ്റുവാനോ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വേണ്ടിയോ ആയിരുന്നില്ല. ദേശീയപാതയിൽ ഉടനീളം നിർമ്മിക്കാൻ പോകുന്ന 20 ലേറെ ടോൾ ബൂത്ത് കളിലൂടെ ഓരോ ദിവസവും വാരിക്കൂട്ടാൻ പോകുന്ന കോടികളുടെ വരുമാനം കണ്ടുകൊണ്ടുമാത്രമാണ്. ദേശീയ പാത നിർമ്മാണ ടെണ്ടർ ഏറ്റെടുത്തുകൊണ്ട് അദാനി കടന്നുവന്നതും ഈ കോള് കണ്ടിട്ടാണ്.

30 വർഷത്തിലേറെയായി ജനങ്ങൾ വിട്ടുകൊടുത്ത ഭൂമി ഉപയോഗിച്ചുകൊണ്ട് യാത്രാസൗകര്യം ഉണ്ടാക്കാതെ കേരളത്തിന്റെ ദേശീയ പാത വികസനം എന്ന യഥാർത്ഥ സ്വപ്നത്തെ മുരടിപ്പിച്ചതും ഇതേ ഭരണക്കാർ തന്നെയാണ്. 2013ലെ ഭൂമിയേറ്റെടുക്കൽ നിയമവും സുപ്രീംകോടതിവിധിയും ഹൈക്കോടതിയുടെ നിർദ്ദേശവും ഹരിതട്രൈബ്യൂണൽ നിലപാടുകളും പരിപൂർണ്ണമായി ലംഘിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നത്. ഇരകൾ കൊടുത്ത ക്ലെയിം പെറ്റീഷനുകളും, ഇതര പരാതികളും പരിപൂർണമായും അവഗണിച്ചുകൊണ്ട് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഭൂമി ഏറ്റെടുത്തു എന്ന് വരുത്തിത്തീർക്കാനുള്ള തത്രപ്പാടിലാണ് പിണറായി സർക്കാർ.


എറണാകുളത്ത് നടന്ന പ്രതിഷേധ പരിപാടിയിൽ എൻഎച്ച് സംയുക്ത സമര സമിതി സംസ്ഥാന കൺവീനർ ഹാഷിം ചേന്ദാംപള്ളിയുടെ നേതൃത്വത്തിൽ 3ജി വിജ്ഞാപനം കത്തിക്കുന്നു

ബിഒടി കോർപ്പറേറ്റ് മുതലാളിമാർക്കുവേണ്ടി നീതിയും നിയമവും ജനങ്ങളുടെ സ്വത്തും മാത്രമല്ല, അടിസ്ഥാനപരമായ പൗരാവകാശവും സർക്കാർ നിഷേധിക്കുകയാണ്. സമാര സ്വകാര്യ കൺസൽട്ടൻസി ഉദ്യോഗസ്ഥർ എൻഎച്ച് ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും സഹായത്തോടെ വീടുവീടാന്തരം കയറി ഇറങ്ങുകയാണ്. അതായത് മുതലാളിമാർ പോലീസ് സഹായത്തോടെ ഭൂമിപിടിച്ചെടുക്കാൻ കേരളത്തിൽ രംഗത്തിറങ്ങിയിരിക്കുന്നു. ദേശീയപാത സമരത്തെ അപകീർത്തിപ്പെടുത്തുന്ന നുണക്കഥകൾ പ്രചരിപ്പിച്ചും ഭൂമി ഏറ്റെടുക്കുന്നതിന് ഒത്താശ ചെയ്തും മാർക്സിസ്റ്റ് പാർട്ടിയും സമാന്തരമായി രംഗത്തുണ്ട്.


ചാവക്കാട് പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ നടന്ന പ്രതിഷേധ സമ്മേളനം ആക്ഷൻ കൗൺസിൽ സംസ്ഥാന ചെയർമാൻ ഇ.വി.മുഹമ്മദാലി ഉദ്ഘാടനം ചെയ്യുന്നു

കോവിഡ് വ്യാപനം ഇത്രയും രൂക്ഷമായിരിക്കുന്ന പശ്ചാത്തലത്തിൽപോലും സർവ്വേ നടപടികളോ ഹിയറിങ്ങോ താൽക്കാലികമായി നിർത്തിവയ്ക്കുവാൻ സർക്കാർ തയ്യാറായിട്ടില്ല. നടപടികൾ അടിയന്തരമായി നിർത്തിവെക്കണമെന്ന് സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടും അതൊന്നും മാനിക്കാതെ തികച്ചും ഏകപക്ഷീയമായി, ബലം പ്രയോഗിച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ എൻഎച്ച് ഓഫീസുമായിട്ടുള്ള ഒരു ഉടമ്പടിയിലും ഇരകളാക്കപ്പെടുന്ന ഒരു കുടുംബവും ഏർപ്പെടരുതെന്ന് എൻഎച്ച് ആക്ഷൻ കൗൺസിൽ സമരപ്രവർത്തകർക്ക് മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

ദേശീയപാത വികസനത്തിന്റെ പേരിൽ 45 മീറ്റർ ബിഒടി ചുങ്കപ്പാതക്കുവേണ്ടി, നീതിക്കും നിയമത്തിനും നിരക്കാത്ത നടപടികൾ സർക്കാർ അനുവർത്തിക്കുന്നതിനെതിരെ ശക്തമായ സമരപരിപാടികളുമായി ആക്ഷൻ കൗൺസിൽ മുന്നോട്ടു പോവുകയാണ്. തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പ്രതിഷേധ റാലിയും സംഗമവും നടന്നു.

ചാവക്കാട് പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ നടന്ന പ്രതിഷേധ സമ്മേളനം ആക്ഷൻ കൗൺസിൽ സംസ്ഥാന ചെയർമാൻ ഇ.വി.മുഹമ്മദാലി ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഗുരുവായൂർ മണ്ഡലം കമ്മിറ്റി പ്രസിഡന്റ് വി.സിദ്ദിഖ് ഹാജി അധ്യക്ഷത വഹിച്ചു. ജില്ലാ കൺവീനർ സി.കെ.ശിവദാസൻ മുഖ്യ പ്രസംഗം നടത്തി. പിണറായി വിജയൻ സർക്കാർ തികച്ചും ഏകപക്ഷീയമായും ബലം പ്രയോഗിച്ചും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭൂമിയേറ്റെടുക്കൽ നടപടികൾ പരിപൂർണ്ണമായും നിർത്തിവെക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമ്മേളനത്തിൽ ദേശീയപാത സംരക്ഷണ സമിതിയിലെ വിവിധ ഘടക സംഘടനകളുടെ അടക്കം നേതാക്കൾ സംസാരിച്ചു.

സി.എച്ച്.റഷീദ് (മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി), കെ.വി.ഷാനവാസ് (ഇന്ത്യൻ നാഷണൽ കോൺഗ്രസ് ചാവക്കാട് മണ്ഡലം പ്രസിഡന്റ്), കെ.കെ.ഹംസക്കുട്ടി (പ്രവാസി ആക്ഷൻ കൗൺസിൽ ചെയർമാൻ), എം.കുമാർ (ജനകീയ പ്രതിരോധ സമിതി), സി.വി.പ്രേംരാജ് (എസ്‌യുസിഐ(സി)), തോമസ് ചിറമ്മൽ (കേരള കോൺഗ്രസ് ജോസഫ് ഗുരുവായൂർ മണ്ഡലം പ്രസിഡന്റ്), അശ്റഫ് വടക്കൂട്ട് (എസ്ഡിപിഐ ജില്ലാ കമ്മിറ്റി അംഗം), അഹമ്മദ് ഖാൻ (പിഡി പി ജില്ലാസെക്രട്ടറി), എന്നിവർ പ്രസംഗിച്ചു.

ടി.എം. നിസാബ് കൈപ്പമംഗലം, സി.ആർ ഉണ്ണികൃഷ്ണൻ, കമറുദീൻ പട്ടാളം, കെ.എ.സുകുമാരൻ, പി.കെ.നൂറുദ്ദീൻ, സി.ഷറഫുദ്ദീൻ, ഉസ്മാൻ അണ്ടത്തോട് എന്നിവർ റാലിക്ക് നേതൃത്വം കൊടുത്തു.

എറണാകുളം ജില്ലയിൽ ഇടപ്പള്ളി മുതൽ മൂത്തകുന്നംവരെയുള്ള പ്രദേശങ്ങളിൽ ഈ പദ്ധതിക്കു വേണ്ടി ഒരിക്കൽ കുടിയൊഴിപ്പിക്കപ്പെട്ടവരാണ് വീണ്ടും ഇരകളാവുന്നത്. അവരെ ബിഒടി ചുങ്കപ്പാതക്കുവേണ്ടി വീണ്ടും കുടിയൊഴിപ്പിക്കുന്നതിനെതിരെ ദേശീയപാത സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ തെളിവെടുപ്പ് നടക്കുന്ന കുന്നുംപുറം എൻഎസ്എസ് കരയോഗം ഹാളിന് മുമ്പിൽ ഭൂമിയേറ്റെടുപ്പ് വിജ്ഞാപനം കത്തിച്ച് പ്രതിഷേധിച്ചു. പദ്ധതിയിലെ തട്ടിപ്പ്, അഴിമതി, എലവേറ്റഡ് ഹൈവെ, മുൻകൂർ പരിസ്ഥിതി അനുമതിയുടെ അഭാവം എന്നീ വിഷയങ്ങൾ ഉന്നയിച്ച് ഹൈക്കോടതിയിൽ നൽകിയ കേസുകളിൽ അന്തിമ വാദം തുടങ്ങിയിരിക്കെ ദ്രുതഗതിയിൽ നടപടികൾ തീർക്കാൻ ശ്രമിക്കുന്നത് ദുരൂഹമാണെന്ന് സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി. ആർ. നീലകണ്ഠൻ പറഞ്ഞു. എല്ലാ നടപടികളും നിർത്തിവെച്ച് സർക്കാർ ചർച്ചക്ക് തയ്യാറാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നിർദ്ദിഷ്ട 45മീറ്റർ പദ്ധതിക്കായി ചെലവിടുന്നതിനേക്കാൾ 500 കോടിയോളം രൂപ കുറവിൽ എലവേറ്റഡ് ഹൈവെ നിർമ്മിക്കാനാവും. അരൂർ–ഇറുവൂർ ഭാഗത്ത് നിലവിലുള്ള 30 മീറ്റർ ഉപയോഗിച്ച് ആറുവരി എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന മാതൃകയിൽ ഇടപ്പള്ളി-മൂത്തകുന്നം ഭാഗത്തും നിർമിക്കണം. 45 മീറ്റർ പദ്ധതി അടിച്ചേൽപ്പിക്കരുതെന്നും അദ്ദേഹം പറഞ്ഞു.

ചേരാനല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേഷ്, വൈസ് പ്രസിഡന്റ് ആരിഫ മുഹമ്മദ്, സംയുക്തസമരസമിതി സംസ്ഥാന കൺവീനർ ഹാഷിം ചേന്ദാംപള്ളി, രാജൻ ആന്റണി, ഷംസുദ്ദീൻ (വെൽഫെയർ പാർട്ടി), തമ്പി മേനാച്ചേരി (വ്യാപാരി വ്യവസായി ഏകോപന സമിതി) ടോമി ചന്ദനപ്പറമ്പിൽ (എൽസിഎംഎസ്), പ്രൊഫസർ കെ.എൻ.നാണപ്പൻപിള്ള, ജസ്റ്റിൻ ഇലഞ്ഞിക്കൽ എന്നിവർ പ്രസംഗിച്ചു.

ജാഫർ മംഗലശ്ശേരി, കെ.എസ്.സക്കരിയ, പി.എ.ലത്തീഫ്, അഷ്റഫ്, വി.കെ.സുബൈർ, ടോമി അറക്കൽ, എ.ബി.നിയാസ്, പി.വി.സുഗതൻ, രാജേഷ് കാട്ടിൽ, അഭിലാഷ്, സലീം, ഷുക്കൂർ, മുഹമ്മദ് അസ്ലം, കെ.ഡി.ലോറൻസ് എന്നിവർ നേതൃത്വം നൽകി. ■

# യുണൈറ്റഡ് സോഷ്യലിസ്റ്റ് പാർട്ടി ഓഫ് വെനസ്വേലയുടെ ഗംഭീര വിജയം: സാമ്രാജ്യത്വ ഗൂഢാലോചനയ്ക്കേറ്റ കനത്ത പ്രഹരം

**2020** ഡിസംബർ ആറിന്, വെനസ്വേലയിലെ ദേശീയ അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ യുണൈറ്റഡ് സോഷ്യലിസ്റ്റ് പാർട്ടി ഓഫ് വെനസ്വേലയും (പിഎസ് യുവി) സഖ്യകക്ഷികളും ഗംഭീര വിജയം നേടിയിരിക്കുന്നു. പോൾ ചെയ്ത വോട്ടുകളുടെ 69.3 ശതമാനവും പാർലമെൻറിലെ 277 സീറ്റുകളിൽ 253-ഉം നേടിക്കൊണ്ടാണീ വിജയം. പ്രസിഡന്റ് നിക്കോളാസ് മഡൂറോ വലിയ വിജയം കരസ്ഥമാക്കിയിരിക്കുന്നു.

യുഎസ്-യൂറോപ്യൻ യൂണിയൻ സാമ്രാജ്യത്വ ബ്ലോക്കിന്റെ പിന്തുണയുള്ള, കടുത്ത വലതുപക്ഷക്കാരനായ ആക്ടിംഗ് പ്രസിഡൻറ് യുവാൻ ഗ്വൈഡോ, തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുവാനുള്ള ആഹ്വാനം നൽകിയിട്ടും നേടിയെടുത്തതാണീ വിജയം. തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻപോലും ഗ്വൈഡോ ഗ്രൂപ്പ് ശ്രമിച്ചിരുന്നു. ഗ്വൈഡോ ഗ്രൂപ്പ് ഒഴികെ തെരഞ്ഞെടുപ്പിൽ മത്സരിച്ച, പ്രതിപക്ഷത്തെ മൂന്ന് വലതുപക്ഷഗ്രൂപ്പുകളും ജനവിധി അംഗീകരിക്കുകയും തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനുള്ള ആഹ്വാനത്തെ ശക്തമായി വിമർശിക്കുകയും ചെയ്തിരുന്നു.

## തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലവും വിശകലനവും

പിഎസ് യുവിയുടെ വിജയം എന്തുകൊണ്ടാണ് പ്രധാന പ്പെട്ടതാകുന്നത്? പ്രസിഡണ്ട് ഹ്യൂഗോ ഷാവേസിന്റെ നേതൃത്വത്തിൽ കൈക്കൊണ്ടുവന്നിരുന്ന അചഞ്ചലമായ സാമ്രാജ്യത്വവിരുദ്ധ നിലപാടുകൾ പ്രത്യേകിച്ച് യു.എസ് സാമ്രാജ്യത്വ വിരുദ്ധ നിലപാടുകളുടേതായ വെനസ്വേലയുടെ ചരിത്രം അതിനായി ഒന്നുകൂടി സംഗ്രഹിക്കേണ്ടിയിരിക്കുന്നു.

വെനസ്വേലയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാനും എവ്വിധവും അവിടെ ഒരു പാവഗവൺമെന്റിനെ വാഴിക്കുവാനും അതുവഴി ആ രാജ്യത്തെ എണ്ണനിക്ഷേപം കവർന്നെടുക്കാനും ഈ സാമ്രാജ്യത്വസ്രാവുകൾ അത്യന്തം തൽപ്പരരായിരുന്നു. രണ്ടു പതിറ്റാണ്ടിലേറെക്കാലം കഴിഞ്ഞകാലത്ത് യുഎസ് സാമ്രാജ്യത്വം ബൊളീവിയൻ വെനിസ്വേലയ്ക്കെതിരെ ഒരു 'സങ്കര യുദ്ധമുറ' പ്രയോഗിക്കുകയായിരുന്നു. അതാകട്ടെ പ്രകടമായ അക്രമണം മാത്രമല്ല മറിച്ച് വിവരയുദ്ധം, നയതന്ത്രയുദ്ധം, സാമ്പത്തികയുദ്ധം, രാജ്യത്തിന്റെ നാണയത്തിനെതിരെയുള്ള യുദ്ധം എന്നിവയെല്ലാം ഉൾക്കൊള്ളുന്നതും അതുവഴി രാജ്യത്തെയും ജനങ്ങളെയും തകർക്കാനുതകുന്നതും നേരിട്ടുള്ള ബോംബാക്രമണത്തെക്കാൾ വിനാശകരവുമായിരുന്നു. പക്ഷേ ഷാവേസും വെനസ്വേല ജനതയും ഇത്തരം ഹീനമായ നീക്കങ്ങളെ തന്റേടത്തോടെ ചെറുക്കുകയും അതുവഴി സാമ്രാജ്യത്വ ശക്തികളുടെ അപ്രീതിക്ക് പാത്രമാകുകയും ചെയ്തു. 2013-ൽ ഷാവേസിന്റെ മരണശേഷം അദ്ദേഹം തന്റെ അനുയായിയായി തെരഞ്ഞെടുത്തിരുന്ന നിക്കോളാസ് മഡൂറോ പ്രസിഡന്റ് ആകുകയും ഷാവേസ് തുടങ്ങിവെച്ച പുരോഗമനപരമായ പരിഷ്കാരങ്ങൾ തുടരുകയും ചെയ്തു. പക്ഷേ സാമ്രാജ്യത്വ ശക്തികൾ വെനസ്വേലയിലെ മാടമ്പി പ്രഭുക്കളുമായി ചേർന്നുകൊണ്ട്, പുരോഗമനപരവും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടതുമായ മഡൂറോയുടെ സർക്കാരിനെ അട്ടിമറിയിലൂടെ അസ്ഥിരപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇത്തരം ശ്രമങ്ങളെല്ലാമുണ്ടായിട്ടും 2018 മെയ് മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ 68 ശതമാനം ജനകീയ വോട്ടുകൾ നേടിക്കൊണ്ട് മഡൂറോ രണ്ടാമതും വിജയിക്കുന്നതിനെ തടയാനവർക്കായില്ല. വലതുപക്ഷ പ്രതിപക്ഷ പാർട്ടികൾ ഒന്നുംതന്നെ തെരഞ്ഞെടുപ്പിൽ മത്സരിച്ചില്ലെങ്കിൽപ്പോലും സാമ്രാജ്യത്വ ശക്തികളും അവരുടെ പിണിയാളുകളായ വലതുപക്ഷക്കാരും, തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നു എന്ന് ഒച്ചപ്പാടുണ്ടാക്കി.

എന്നാൽ പ്രതിപക്ഷ നിയന്ത്രണത്തിലുള്ള ദേശീയ അസംബ്ലി മഡൂറോയുടെ തെരഞ്ഞെടുപ്പിനെ അംഗീകരിക്കാതിരിക്കുകയും അദ്ദേഹത്തെ അധികാരം തട്ടിയെടുക്കുന്നവനായി ചിത്രീകരിക്കുകയും പ്രസിഡൻറ് പദവി ഒഴിഞ്ഞു കിടക്കുകയാണെന്നു വാദിക്കുകയും ചെയ്തു. വെനസ്വേലയിലെ എണ്ണയുടെ മേൽ സാമ്രാജ്യത്വ ക്യാമ്പിനു നിയന്ത്രണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, രാജ്യത്ത് അനിശ്ചിതാവസ്ഥ സൃഷ്ടിക്കാനുള്ള അവസരം ഉപയോഗിച്ചുകൊണ്ട് പടിഞ്ഞാറൻ ബൂർഷ്വാ മുഖ്യധാരാ മാധ്യമങ്ങൾ, മഡൂറോയുടെ കീഴിൽ വെനസ്വേലയിൽ ജനാധിപത്യം അപകടത്തിലാണ് എന്ന് വ്യാപകമായി പ്രചരിപ്പിച്ചു. സാമ്രാജ്വത്വ ഉപരോധങ്ങൾ മൂലമുണ്ടായ തീവ്രമായ സാമ്പത്തികക്കുഴപ്പത്തിന്റെ ഉത്തരവാദിത്തം അവർ മഡൂറോയുടെമേൽ ചുമത്തുകയും രൂക്ഷമായ ദുരിതം കൊണ്ട് അഞ്ചുലക്ഷത്തോളം വെനസ്വേലക്കാർ മറ്റു രാജ്യങ്ങളിലേക്ക് അഭയാർത്ഥികളായി പലായനം ചെയ്തു എന്ന വ്യാജപ്രചാരണം നടത്തുകയും ചെയ്തു. തുടർന്ന് അമേരിക്കൻ സാമ്രാജ്യത്വം വെനസ്വേല എന്ന സ്വതന്ത്ര പരമാധികാര രാഷ്ട്രത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ മറയില്ലാതെ ഇടപെടുകയും എല്ലാ ജനാധിപത്യ മാനദണ്ഡങ്ങളേയും ചവിട്ടിമെതിച്ചുകൊണ്ട്, പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതിപക്ഷ രാഷ്ട്രീയക്കാരനായ യുവാൻ ഗ്വൈഡോയെ 'ജനാധിപത്യത്തിന്റെ രക്ഷകനായി' അവതരിപ്പിച്ചുകൊണ്ട് വെനസ്വേലയുടെ ഇടക്കാല പ്രസിഡണ്ടായി തിടുക്കത്തിൽ അംഗീകരിക്കുകയും മഡൂറോയുടെ പ്രസിഡണ്ട് പദവി ക്രമ വിരുദ്ധമാണെന്നു പ്രഖ്യാപിച്ചുകൊണ്ട് അധികാരക്കൈമാറ്റത്തിനായി ആവശ്യമുന്നയിക്കുകയും ചെയ്തു. അങ്ങനെ തിരഞ്ഞെടുപ്പിൽ, വെനസ്വേല ജനതയിൽ ഒരാളുടെ പോലും വോട്ടു കിട്ടാത്ത ഗ്വൈഡോയ്ക്ക്, യുഎസ് പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് 'ഇടക്കാല പ്രസിഡണ്ടു പദവി' ചാർത്തിക്കൊടുത്തു. യുഎസ് സാമ്രാജ്യത്വത്തിന്റെ അങ്ങേയറ്റം സ്വേച്ഛാപരമായ ഈ ധിക്കാരത്തിന്, 20 വർഷം നീണ്ട ബൊളിവേറിയൻ വിപ്ലവത്തിലൂടെ അധികാരം നഷ്ടപ്പെട്ട വെനസ്വേലയിലെ സമ്പന്ന ഉന്നത വിഭാഗത്തിന്റെ പിന്തുണ ലഭിക്കുകയും ചെയ്തു. അതോടൊപ്പം, വിപ്ലവാഭിമുഖ്യമുള്ള പാർട്ടികൾക്കിടയിൽത്തന്നെ ഒരു പിളർപ്പ് സൃഷ്ടിക്കുകയും വിമതർ മഡൂറോയ്ക്കെതിരെ തിരിയുകയും രാജ്യത്ത് ആഭ്യന്തര അസ്വാസ്ഥ്യം സൃഷ്ടിക്കുകയും ചെയ്തു. ഗ്വൈഡോ, വെനസ്വേലയിലെ വിപ്ലവ വിരുദ്ധരായ പാർട്ടികളെയെല്ലാം തനിക്കു പിന്നിൽ അണിനിരത്താനുള്ള വെറിപിടിച്ച ശ്രമങ്ങളും നടത്തി.

അതുമാത്രമല്ല. അമേരിക്കൻ ആഭിമുഖ്യമുള്ള അയൽരാജ്യമായ കൊളംബിയയുമായി കൂട്ടു ചേർന്നുകൊണ്ട് ഒരു അട്ടിമറി ലക്ഷ്യമാക്കി, യുഎസ് പിന്തുണയോടെ വെനസ്വേല-കൊളംബിയ അതിർത്തിയിലൂടെ ഒരു കടന്നുകയറ്റം ഉൾപ്പടെയുള്ള ഹീനമായ ഗൂഢാലോചനകൾ ഗ്വൈഡോയും കൂട്ടാളികളും ആസൂത്രണം ചെയ്തു. പക്ഷേ, വെനസ്വേല ജനതയും സായുധ സേനയും ഒത്തു ചേർന്ന് ഈ ശ്രമങ്ങളെ തകർത്തു കളഞ്ഞു. ഫോക്സ് ബിസിനസ് അവതാരകനായ ട്രിഷ് റീഗനോടു സംസാരിക്കവെ, ട്രംപിന്റെ ഏറ്റവുമുയർന്ന ഉപദേശകനും അമേരിക്കൻ ഭരണ സംവിധാനത്തിലെ കടുത്ത ആധിപത്യ സ്വഭാവക്കാരനുമായ ജോൺ ബോൾട്ടൺ, എണ്ണയുടെയും രാജ്യത്തിനുണ്ടാകാവുന്ന സാമ്പത്തിക നേട്ടങ്ങളുടെയും ഉദാഹരണം കാണിച്ചുകൊണ്ട്, വെനസ്വേലയിലെ രാഷ്ട്രീയ പ്രതിസന്ധിയിൽ അമേരിക്കയ്ക്ക് 'ഒരുപാടു താല്പര്യ'ങ്ങളുണ്ടെന്ന് വെളിപ്പെടുത്തിയതിലൂടെ, യു.എസിലെ എണ്ണ ഭീമൻമാരുടെ നിക്ഷിപ്ത താല്പര്യം സാന്ദർഭികമായി തുറന്നുകാട്ടപ്പെടുകയും ചെയ്തു.

## ഇപ്പോഴത്തെ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിയുക്തവും ആയിരുന്നു

1998ലെ പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ ഹ്യൂഗോ ഷാവേസിന്റെ വിജയത്തിനു ശേഷം വലതുപക്ഷ പ്രതിപക്ഷ ശക്തികൾ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനും ബഹിഷ്കരിക്കുന്നതിനുമിടയിൽ ചാഞ്ചാടുകയായിരുന്നു എന്നത് ഈയവസരത്തിൽ ഓർക്കേണ്ടതാണ്.

എന്നിരുന്നാലും, സാമ്രാജ്യത്വ ശക്തികളേർപ്പെടുത്തിയ സാമ്പത്തിക ഉപരോധത്തിന്റെ കെടുതികൾ, വിദേശാക്രമണത്തിന്റെ ഭീഷണി, തെരഞ്ഞെടുപ്പു ബഹിഷ്കരിക്കുന്നതിന്റെ ന്യായയുക്തത തുടങ്ങി പല വിഷയങ്ങളിലും ഈ വലതു പ്രതിപക്ഷനിര ഭിന്നിക്കപ്പെട്ടിരിക്കുകയായിരുന്നു. അതിനാൽ തെരഞ്ഞെടുപ്പു ബഹിഷ്കരിക്കാനുള്ള ഗ്വൈഡോയുടെ ആഹ്വാനം ഒരു വിഭാഗം തള്ളിക്കളഞ്ഞു. 107 പാർട്ടികളിൽപ്പെട്ട--അതിലാകട്ടെ 97 എണ്ണം പ്രസിഡണ്ട് മഡൂറോയ്ക്കെതിരെയുള്ളതായിരുന്നു -- 14000 സ്ഥാനാർത്ഥികൾ 277 സീറ്റുകളിലേക്കായി മത്സരിച്ചു. പിഎസ് യുവിക്കും പ്രസിഡണ്ട് മഡൂറോയ്ക്കും ഗണ്യമായി വോട്ടു നൽകിയപ്പോൾത്തന്നെ ജനങ്ങൾ അവരുടെ ഇംഗിതത്തിനനുസരിച്ച് വ്യത്യസ്ത പാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും വോട്ടുനൽകി.

ദേശീയ ടെലിവിഷനിൽ പ്രതിപക്ഷ സ്ഥാനാർത്ഥികൾക്ക് പ്രക്ഷേപണ സമയം അനുവദിക്കുകയും അവർ നിരവധി സംവാദങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. കോവിഡ്-19 പ്രോട്ടോക്കോളിൽ തെരഞ്ഞെടുപ്പ് സുഗമമായും നീതിയുക്തമായും നടന്നു.

യുഎസ് അടക്കം 34 രാജ്യങ്ങളിൽനിന്നുള്ള 300 അന്താരാഷ്ട്ര നിരീക്ഷകരും രാഷ്ട്രീയ പാർട്ടികളിൽനിന്നും സാമൂഹിക സംഘടനകളിൽനിന്നും ആയിരത്തിൽപ്പരം ദേശീയ നിരീക്ഷകരും തെരഞ്ഞെടുപ്പു വീക്ഷിക്കാനുണ്ടായിരുന്നു. തെരഞ്ഞെടുപ്പ് നീതിപൂർവ്വം നടന്നുവെന്നും വോട്ടെണ്ണൽ ശരിയായിത്തന്നെ നടന്നുവെന്നും അവരെല്ലാം അഭിപ്രായപ്പെട്ടിട്ടുണ്ട്.

യുഎസ് നേതൃത്വത്തിലുള്ള യുദ്ധങ്ങളും സൈനികവൽക്കരണവും അവസാനിപ്പിക്കുവാനും, സമാധാനത്തെയും മനുഷ്യാവകാശ മുന്നേറ്റങ്ങളെയും പിന്തുണയ്ക്കുവാനും ജനങ്ങളുടെ നികുതിപ്പണം ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം, പരിസ്ഥിതി സൗഹൃദമായ തൊഴിലുകളും മറ്റു ജീവനോപാധികളും എന്നിവയിലേയ്ക്ക് തിരിച്ചുവിടുവാനും സ്ത്രീകളുടെ നേതൃത്വത്തിൽ അടിത്തട്ടിൽ പ്രവർത്തിക്കുന്ന CODEPINK എന്ന സംഘടനയുടെ സംഘത്തെ നയിച്ചു വരികയും മുമ്പ് രണ്ടുതവണ തെരഞ്ഞെടുപ്പു നിരീക്ഷണത്തിനെത്തുകയും ചെയ്ത ടെരി മാറ്റ്സൺ, ഈ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർണ്ണവുമായിരുന്നുവെന്നും കൃത്രിമങ്ങളും തട്ടിപ്പുമൊന്നുമില്ലാത്തതായിരുന്നുവെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. "വോട്ടിംഗ് എളുപ്പവും വേഗമേറിയതും സുരക്ഷിതവുമായിരുന്നു: നീണ്ട വരികളും ആയാസകരമായ ബാലറ്റും വോട്ടിംഗ് രീതികളും ഒഴിവാക്കിയതിനോടൊപ്പം വോട്ടുചെയ്യുന്നവർക്ക് പ്രോത്സാഹനവും നൽകിയിരുന്നു". മാറ്റ്സൺ പറയുന്നു.

തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ, യുഎസിലെ വൈറ്റ് ഹൗസ് നാഷണൽ സെക്യൂരിറ്റി കൗൺസിൽ പറഞ്ഞു തെരഞ്ഞെടുപ്പ് പദ്ധതിയും ക്രമവും തട്ടിപ്പായിരുന്നുവെന്ന്. തെരഞ്ഞെടുപ്പിനുള്ള 'ഒരു സാഹചര്യവും' നിലവിലില്ലഎന്നും അതിനാൽ പോളിംഗ് നടക്കുന്നതിനു മുമ്പു തന്നെ പ്രസിഡൻറ് മഡൂറോ രാജിവെക്കണമെന്നും പെന്റഗൺ ഭരണാധികാരികൾ ആവർത്തിച്ചാവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നിട്ടും വോട്ടെടുപ്പ് നടക്കുക തന്നെ ചെയ്തു; ക്രമക്കേട് നടന്നതിനുള്ള ഒരു തെളിവും ലഭിച്ചതുമില്ല. പെന്റഗൺ, യൂറോപ്യൻ യൂണിയൻ, ലിമ ഗ്രൂപ്പ് (വെനസ്വേലയിലെ ഭരണമാറ്റത്തിനു വേണ്ടി ശ്രമിക്കുന്ന ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെ ഒരു അനൗപചാരിക സംഘം) യു.എസ് സാമ്രാജ്യത്വ ഉപകരണമായ ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സ് (ഒഎഎസ്) നിയന്ത്രിക്കുന്ന കോർപ്പറേറ്റ് മാധ്യമങ്ങൾ ഇവരെല്ലാവരും, ലോകത്തിലെ തന്നെ കുറ്റമറ്റ ഒരു തിരഞ്ഞെടുപ്പു പ്രക്രിയയെ നിയമവിരുദ്ധമാണെന്നു സ്ഥാപിക്കുവാൻ എല്ലാ ശ്രമവും നടത്തുന്നുവെന്നതിൽ അത്ഭുതമില്ല. എന്നാൽ, ലാറ്റിൻ അമേരിക്കൻ കൗൺസിൽ ഓഫ് ഇലക്ടറൽ എക്സ്പേർട്ട്സ് (സിഇഇഎൽഎ) ഉൾപ്പടെയുള്ള നേരിട്ടുള്ള നിരീക്ഷകർ സ്ഥിരീകരിക്കുന്നത് ഈ തിരഞ്ഞെടുപ്പുപ്രക്രിയ അന്തർദ്ദേശീയമാനദണ്ഡങ്ങൾക്കനുസരിച്ചു തന്നെയാണെന്നാണ്.

അധീശത്വത്തിനും മാടമ്പിത്തരത്തിനും മറ്റു രാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിലുള്ള നിന്ദ്യമായ കൈകടത്തലിനുമുള്ള വെറുക്കപ്പെട്ട ശ്രമങ്ങൾ യു.എസ് സാമ്രാജ്യത്വം എങ്ങനെയൊക്കെ തുടർന്നുവരുന്നു എന്നാണിത് കാണിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസിഡണ്ട് മഡൂറോയ്ക്കും ധീരരായ വെനസ്വേലൻ ജനതയ്ക്കും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും സമരോത്സുകമായ ആഗോള സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭങ്ങൾ, പ്രത്യേകിച്ചും സാമ്പത്തിക ഉപരോധങ്ങൾ വഴി മറ്റു രാജ്യങ്ങളെ കീഴടക്കാനുള്ള യു.എസ്. സാമ്രാജ്യത്വ ശ്രമങ്ങൾക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തുകയുമാണ് സമാധാനം കാംക്ഷിക്കുന്ന എല്ലാ സാമ്രാജ്യത്വ വിരുദ്ധ ജനതയുടെയും ഉത്തരവാദിത്തം.

**കാർഷിക നിയമങ്ങൾ പിൻവലിക്കുക**

# കർഷക പ്രക്ഷോഭത്തിന് പിന്തുണ സമാഹരിച്ച് ഐക്യദാർഢ്യ ജാഥ

**കർഷക പ്രക്ഷോഭം...**
*(1-ാം പേജിൽ നിന്ന്)*

കളും ചെയ്തുകൊണ്ടിരിക്കുന്നത്. പിറ്റേന്ന് നടന്ന 'മൻ കി ബാതി'ൽ റിപ്പബ്ളിക് ദിനത്തിൽ ദേശീയ പതാകയെ അപമാനിച്ചത് വളരെ വേദനിപ്പിച്ചു എന്നും പറഞ്ഞു നരേന്ദ്രമോദി. ദേശീയ പതാക വലിച്ചെറിഞ്ഞതും ചവിട്ടിത്തേച്ചതും കർഷകരെ നേരിടാൻ മോദി നിയോഗിച്ച പോലീസുകാരും സിആർപിഎഫുകാരും ഗൂഢാലോചനയിൽ പങ്കുപറ്റിയവരുമാണെന്നത് ദൃശ്യങ്ങളിൽനിന്ന് വളരെ വ്യക്തമാണ്. എന്താണ് നടപടിയെടുക്കാത്തത്? റെഡ്ഫോർട്ടും പരിസരവും ഇപ്പോൾ ഡാൽമിയയുടെ കൈകളിലാണ് എന്നത് പ്രത്യേകം പ്രസ്താവ്യം. ലക്ഷണമൊത്ത ഫാസിസ്റ്റ് നടപടികളാണ് മോദിയും സംഘവും പയറ്റുന്നത്. ജർമ്മനിയിലെ റീഷ്ടാഗ് ആക്രമണത്തോട് സംഭവങ്ങൾക്ക് സാദൃശ്യമുണ്ടെങ്കിൽ അത് കേവലം യാദൃശ്ചികമല്ല.




ചൈനയുടെയോ പാകിസ്ഥാന്റെയോ അതിർത്തികളിൽ കാണാത്ത സുരക്ഷാ സന്നാഹങ്ങൾ ഒരുക്കിയാണ് രാജ്യതലസ്ഥാനം കർഷകരെ പ്രതിരോധിക്കാൻ ശ്രമിക്കുന്നത്. കിടങ്ങുകൾ തീർത്തും മുള്ളുവേലികൾ സ്ഥാപിച്ചും അള്ളുകൾ പാകിയുമാണ് തലസ്ഥാനത്തിന് 'സംരക്ഷണം' ഒരുക്കുന്നത്. പത്തുമീറ്ററാണ് സിംഘുവിൽ റോഡിലെ കിടങ്ങിന് ദൈർഘ്യം. പോരാഞ്ഞിട്ട് ഇരുമ്പു ബാരിക്കേഡും ഉയർത്തിയിട്ടുണ്ട്. ബാരിക്കേഡിനുമുന്നിൽ മുള്ളുവേലിയും തറയിൽ ആണികളും പാകിയിരിക്കുന്നു. പോലീസിന് ഇരുമ്പ് ലാത്തിയും നൽകിയിട്ടുണ്ട്. തിക്രിയിലും ഗാസിപ്പൂരിലും മറിച്ചല്ല അവസ്ഥ. സിംഘുവിൽ സമരക്കാരെ ഒഴിപ്പിക്കാനെത്തിയത് അന്നാട്ടുകാരല്ല, പുറം നാട്ടുകാരാണ് എന്നത് വ്യക്തമായിക്കഴിഞ്ഞു. ഒഴിപ്പിക്കാനെത്തിയവരോട് വളരെ സഹകരണാത്മകമായി വർത്തിച്ച പോലീസ് അവരുമായി ചേർന്ന് കർഷകരെ വളഞ്ഞിട്ട് തല്ലുകയും തറയിലിട്ട് ചവിട്ടിയരയ്ക്കുകയും ചെയ്യുന്നതിന്റെ ദൃശ്യങ്ങൾ ലോകംമുഴവൻ കണ്ടു. കടുത്ത പോലീസ് ബന്തവസ്സിലായിരുന്ന പ്രദേശത്ത് ആയുധധാരികളായ മുന്നൂറോളം ആളുകൾ വാഹനങ്ങളിൽ എങ്ങനെ എത്തപ്പെട്ടു എന്നതിന് ഉത്തരം പറയാൻ പോലീസിനെ കഴിയൂ. പരിസ്ഥിത പ്രവർത്തക ഗ്രേറ്റാ തുൻബർഗ്, അമേരിക്കൻ നടിയും ഗായികയുമായ റിയാന തുടങ്ങി ലോകത്തിന്റെ നാനാകോണുകളിൽനിന്നും പിന്തുണയുടെ പ്രവാഹമാണ് പിന്നീട് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

കർഷകനേതാക്കൾക്കെതിരെ യുഎപിഎ, രാജ്യദ്രോഹക്കുറ്റങ്ങൾ നിരത്തി കേസെടുത്തിരിക്കുന്നു, ലുക്ക് ഔട്ട് നോട്ടീസ് ഇറക്കിയിരിക്കുന്നു, ഇരുനൂറിലെറെ കർഷകരെ കസ്റ്റഡിയിലെടുത്തിരിക്കുന്നു, നൂറിലേറെ കർഷകരെ കാണ്മാനില്ല, കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ് എല്ലാം വിച്ഛേദിച്ചിരിക്കുന്നു. പ്രദേശത്തേയ്ക്ക് മാധ്യമപ്രവർത്തകരെപ്പോലും കടത്തിവിടുന്നില്ല. സമരത്തെ പിന്തുണയ്ക്കുന്ന മാധ്യമപ്രവർത്തകർക്കെതിരെ രാജ്യദ്രോഹക്കുറ്റത്തിന് കേസെടുക്കുന്നു. അങ്ങനെയും പോകുന്നു കാര്യങ്ങൾ. ഇപ്രകാരമൊക്കെ ചെയ്യുന്നതിൽ അപഹാസ്യത തോന്നാനുംമാത്രം മനുഷ്യത്വമോ വിവേകമോ ഇല്ല ഭരണകൂടത്തിന്. ഇതൊക്കെ ആർക്കുവേണ്ടി ചെയ്യുന്നു. അദാനി, അംബാനിമാർക്കും ഏതാനും കുത്തകകൾക്കും വേണ്ടി.



ജനുവരി 29ന് ഡൽഹിയിലെ സിംഘു അതിർത്തിയിൽ കർഷകർക്കുനേരെയുണ്ടായ പോലീസ് അതിക്രമത്തിൽനിന്ന്



സിംഘുവിൽ ദേശീയ പാതയിൽ മുള്ളുവേലിയും ബാരിക്കേഡുകളും ഉപയോഗിച്ച് പോലീസ് പ്രതിബന്ധങ്ങൾ തീർക്കുന്നു



സിംഘു-ഗാസിപ്പൂർ അതിർത്തിയിൽ കർഷകർക്കുനേരെയുണ്ടായ പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് ആലപ്പുഴ ടൗണിൽ നടന്ന പ്രതിഷേധ പ്രകടനം



ഐക്യദാർഢ്യസമിതിയുടെ ആഭിമുഖ്യത്തിൽ ചിങ്ങവനത്ത് നടന്ന സംഗമത്തിൽ സണ്ണി എം.കപിക്കാട് പ്രസംഗിക്കുന്നു

## കോടതിയെ മുൻനിർത്തി നീക്കുപോക്കുണ്ടാക്കാൻ നടത്തിയ ശ്രമങ്ങൾ

ജനുവരി 26 ആയപ്പോഴേയ്ക്കും കർഷകസമരം രണ്ടുമാസം പിന്നിട്ടുകഴിഞ്ഞിരുന്നു. അതിനകം പതിനൊന്നുവട്ടം നടന്ന ചർച്ചകളും സർക്കാരിന്റെ പിടിവാശികൊണ്ട് തീരുമാനമാകാതെ പിരിഞ്ഞു. നിയമത്തിലെ വ്യവസ്ഥകളിൽ ചില മിനുക്കുപണികൾ നിർദ്ദേശിച്ചതല്ലാതെ നിയമം റദ്ദാക്കാൻ സർക്കാർ വിസമ്മതിച്ചു, കോടതിയെ മുൻനിർത്തി നീക്കുപോക്കുണ്ടാക്കാനും ശ്രമിച്ചു. എന്നാൽ നിയമപരമായ ഒരു പ്രശ്നത്തിനുംവേണ്ടിയല്ല പോരാടുന്നത് എന്നുവ്യക്തമാക്കിക്കൊണ്ട് കർഷകർ കോടതിയുടെ വാതിലിൽ മുട്ടുകയോ ജുഡീഷ്യൽ ഇടപെടൽ തേടുകയോ ചെയ്തില്ല. നിയമങ്ങൾ നിരുപാധികം പിൻവലിക്കണം എന്ന ആവശ്യത്തിൽ അവർ ഉറച്ചുനിന്നു.

എന്നാൽ ചീഫ് ജസ്റ്റിസ് നയിക്കുന്ന സുപ്രീംകോടതിയുടെ ഡിവിഷൻ ബെഞ്ച് മൂന്ന് കാർഷിക നിയമങ്ങളുടെയും ഭരണഘടനാസാധുതയെ ചോദ്യം ചെയ്യുന്ന ഒരു പൊതുതാൽപര്യ ഹർജി പുനസ്ഥാപിച്ചു. അതേ പൊതുതാൽപര്യ ഹർജി, കൃഷി സംസ്ഥാന വിഷയമാകയാൽ ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്താൻ പാർലമെന്റിന് അധികാരമില്ലെന്ന കാരണത്താൽ സുപ്രീം കോടതി നവംബറിൽ തള്ളിക്കളഞ്ഞിരുന്നു. കർഷകരുടെ പ്രതിനിധികളുമായി യാതൊരു കൂടിയാലോചനയുമില്ലാതെ സുപ്രീം കോടതി ഏകപക്ഷീയമായി നാലംഗകമ്മിറ്റിയെ പ്രഖ്യാപിച്ചു. കമ്മിറ്റിയംഗങ്ങൾ നാലുപേരും കാർഷികനിയമത്തിനുള്ള പിന്തുണ പരസ്യമായി പ്രഖ്യാപിച്ചവരാണ്. സുപ്രീംകോടതിയുടെ മധ്യസ്ഥത ആവശ്യപ്പെട്ടിട്ടില്ല എന്നതിനാൽ കർഷകർ സ്വാഭാവികമായും അത്തരമൊരു വിധിയിൽഅസംതൃപ്തിപ്രകടിപ്പിക്കുകയും കമ്മിറ്റിക്കുമുമ്പിൽ ഹാജരാകുവാൻ വിസമ്മതിക്കുകയും നിയമങ്ങൾ റദ്ദാക്കുന്നതുവരെ സമരംതുടരുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

## കാർഷിക നിയമങ്ങൾ ആർക്കുവേണ്ടി

പുതിയ കാർഷിക നിയമങ്ങൾ മൂലം കർഷകർക്ക് ഉണ്ടാകാൻ പോകുന്ന സമൃദ്ധിയെക്കുറിച്ച് സർക്കാർ പക്ഷം പ്രകീർത്തനങ്ങൾ ആവർത്തിക്കുമ്പോഴും വാസ്തവം എന്താണ്? ആവശ്യസാധനനിയമം 1955 അട്ടിമറിക്കപ്പെടുന്നതിലൂടെ അരിയും ഗോതമ്പും ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ പരിധിയില്ലാതെ സംഭരിക്കുവാൻ കുത്തകകൾക്ക് അവസരമൊരുക്കുന്നു. ഇത് കൃത്രിമക്ഷാമത്തിനും തുടർന്ന് വിലക്കയറ്റത്തിനും ഇടവരുത്തുമെന്നത് നിസ്തർക്കമാണ്. നിലവിലുള്ള എപിഎംസിആക്ട് സംഭരണത്തിനുമേലുള്ള സ്വകാര്യവത്ക്കരണത്തിന് വിഘാതം സൃഷ്ടിക്കുന്നതാണ്. 7500ളം വരുന്ന മണ്ഡികളിലാണ് 30-32ശതമാനം വരുന്ന കാർഷികഉൽപ്പന്നങ്ങൾ താങ്ങുവിലനൽകി സർക്കാർ

*(ശേഷം 8-ാം പേജിൽ)*



ജനുവരി 26ന് തലസ്ഥാന നഗരിയിൽ കർഷക സമര ഐക്യദാർഢ്യ ജാഥ എത്തിച്ചേർന്നപ്പോൾ

# റിപ്പബ്ലിക് ദിനത്തിലെ അനിഷ്ട സംഭവങ്ങൾക്കുപിന്നിൽ സർക്കാരിന്റെ ഒത്താശ

(7–ാം പേജിൽ നിന്ന്)

സംഭരിക്കുന്നത്. മണ്ഡികൾ നിലനിൽക്കുന്നത് സ്വകാര്യവത്ക്കരണത്തിന് തടസ്സമാണ്. അതുകൊണ്ടാണ് ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് ആന്റ് കൊമേഴ്സ് ആക്ടിൽ സ്വകാര്യസംഭരണത്തിന് അനുമതി നൽകിയിരിക്കുന്നത്. ഒരിക്കൽ സ്വകാര്യമണ്ഡികൾ സ്ഥാപിക്കപ്പെട്ടാൽ സർക്കാർ സംവിധാനം അട്ടിമറിക്കപ്പെടും എന്നതിന് ആഗോളവത്ക്കരണ കാലത്ത് ഉദാഹരണങ്ങൾക്കും അനുഭവങ്ങൾക്കും പഞ്ഞമില്ല. കാർഷിക നിയമം 2020 പാസ്സാക്കപ്പെട്ടതിന് പിന്നാലെ മധ്യപ്രദേശിൽ 247 മണ്ഡികൾ പൂട്ടിയതായിവന്ന റിപ്പോർട്ടുകളും കർണാടകയിൽ റിലയൻസ് ധാന്യം സംഭരിച്ചുതുടങ്ങിതായി വന്ന വാർത്തകളും കർഷകരുടെ ആശങ്കൾ ശരിവയ്ക്കുന്നു. എപിഎംസി മണ്ഡികൾ പൂട്ടപ്പെട്ടാൽ സർക്കാരിന്റെ അധീനതയിൽ ധാന്യങ്ങൾ ഉണ്ടാകില്ല എന്നത് റേഷൻ സംവിധാനത്തെ പ്രതികൂലമായി ബാധിക്കും. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്കും മരണമണിമുഴങ്ങും. പ്രൈസ് അഷ്വറൻസ് ആന്റ് ഫാം ആക്ട് കരാർ കൃഷിയിലേയ്ക്കുള്ള വഴിയൊരുക്കലാണ്. വിളവാങ്ങുന്നവന് വിളയുടെ ഗുണനിലവാര പരിശോധയ്ക്കുള്ള അവകാശവും ഉറപ്പാക്കുന്നുണ്ട്. തുണ്ടുഭൂമികളിൽ കൃഷിചെയ്യുന്ന കർഷകനെ സംബന്ധിച്ചിടത്തോളം പിടിച്ചുനിൽക്കുക വളരെ പ്രയാസമേറിയതാകും.

ആഗോളവത്ക്കരണനയങ്ങളുടെ തുടക്കംമുതൽ ഓരോ നയങ്ങളും കർഷകർക്ക് അനുകൂലമാണ് എന്ന പല്ലവിയോടെയാണ് നടപ്പിലാക്കിത്തുടങ്ങിയത്. ഗാട്ടുകരാർ മുതൽ ആസിയാൻ, ആർസിഇപി കരാറുകളിലെത്തിനിൽക്കുന്ന മൂന്നുപതിറ്റാണ്ടുകൊണ്ട് നാലരലക്ഷം കർഷകരാണ് ആത്മഹത്യചെയ്തത്. ഓരോ പന്ത്രണ്ടു മിനിട്ടിലും ഒരു കർഷകൻ ആത്മഹത്യ ചെയ്യുന്ന ഇന്ത്യയിൽ. ഈ അനുഭവങ്ങളാണ് സമരഭൂമിയിൽ അടിയുറച്ചുനിൽക്കാൻ കർഷകനെ നിർബന്ധിതനാക്കുന്നത്.

ഭരണാധികാരികളുടെ മുഷ്ക്കുകൊണ്ട് ജനങ്ങളുടെ മുന്നേറ്റത്തിന് തടയിടാനാകില്ല എന്ന് ഒരിക്കൽക്കൂടെ തെളിയിക്കപ്പെടുന്നു. രണ്ടുമാസമായി ഭരണകൂടം ആസൂത്രിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കുത്തിത്തിരിപ്പുകളെ മറികടന്ന്, മോദിയുടെ കുതന്ത്രത്തിൽ



കർഷക സമര ഐക്യദാർഢ്യ ജാഥയുടെ സമാപന സമ്മേളനത്തിൽ ജാഥാ ക്യാപ്റ്റൻ സഖാവ് ടി.കെ.സുധീർകുമാർ പ്രസംഗിക്കുന്നു


പതറാതെ കർഷകർ ശക്തമായി മുന്നോട്ടുതന്നെ. ഗാസിപ്പൂർ ബോർഡറിലെ ഒഴിപ്പിക്കൽ ഭീഷണയിൽ നിന്ന് സർക്കാരിന് പിന്നോട്ടുപോകേണ്ടി വന്നു. ഒഴിഞ്ഞുപോയില്ലെന്നുമാത്രമല്ല, രാത്രുരാമാനം ആയിരക്കണക്കിന് കർഷകർ സമരകേന്ദ്രങ്ങളിൽ ഒഴുകിയെത്തി. കുടിവെള്ളവും ജനറേറ്ററുകളും ഗ്രാമങ്ങളിൽനിന്നെത്തിച്ചു. ടയറിന് പകരം ട്രാക്ടറിന് ഇരുമ്പുചക്രങ്ങൾ പണിതുംതുടങ്ങി കർഷകർ. കാർഷിക നിയമങ്ങൾ നിരുപാധികം പിൻവലിക്കുക, കസ്റ്റഡിയിലെടുത്ത കർഷകരെ വിട്ടയയ്ക്കുക, കള്ളക്കേസുകൾ പിൻവലിക്കുക, വെള്ളം, വൈദ്യുതി, ഇന്റർനെറ്റ് എന്നിവ പുന:സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളെ മുൻനിർത്തി, റോഡ് ഉപരോധം ഉൾപ്പെടെയുള്ള സമരപരിപാടികളോടെ, ഫെബ്രുവരി 6ന് ദേശവ്യാപകമായ പ്രക്ഷോഭം പ്രഖ്യാപിച്ച് സമരം മുന്നോട്ടുതന്നെ. തെരുവിൽ പിന്തുണയ്ക്കുക, ഐതിഹാസികമായ ഈ പ്രക്ഷോഭത്തെ. അതാണ് ഇന്ന് ഇന്ത്യയിൽ ഏതൊരാളുടെയും കർത്തവ്യം.



കർഷക സമര ഐക്യദാർഢ്യ ജാഥയിൽ അവതരിപ്പിച്ച 'ഉണരുന്ന കർഷകർ' എന്ന തെരുവ് നാടകത്തിൽ നിന്ന്

## കർഷക പ്രക്ഷോഭ ഐക്യദാർഢ്യജാഥ

രാജ്യം ഇന്നോളം കണ്ടതിൽ വെച്ച് ഏറ്റവും ഐതിഹാസികമായ കർഷക സമരത്തിന്റെ സന്ദേശം കേരളത്തിന്റെ മണ്ണിൽ അങ്ങോളം ഇങ്ങോളം ഹൃദയത്തിൽ സ്പർശിക്കുംവിധം വിളിച്ചറിയിച്ച, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെയും അഖിലേന്ത്യാ കിസാൻ ഖേത് മസ്ദൂർ സംഘടനയുടെയും (എഐകെകെഎംഎസ്) സംയുക്താഭിമുഖ്യത്തിൽ ജനുവരി 11ന് കാസർഗോഡു നിന്ന് ആരംഭിച്ച കർഷക സമര ഐക്യദാർഢ്യ ജാഥ 14 ജില്ലകളിലും പര്യടനം പൂർത്തിയാക്കി ജനുവരി 26ന് തിരുവനന്തപുരത്ത് സമാപിച്ചു. നിരവധി ബൈക്കുകളിലും മറ്റുവാഹനങ്ങളിലുമായി നൂറുകണക്കിന് പ്രവർത്തകർ ജാഥയിൽ അംഗങ്ങളായി.




കാർഷിക മേഖലയിലെ ഉല്പാദനവും വിതരണവും കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന, വിലക്കയറ്റം രൂക്ഷമാക്കുന്ന, ചെറുകിട-ചില്ലറ വ്യാപാര രംഗത്തെ സമ്പൂർണമായും തകർക്കുന്ന ജനവിരുദ്ധ കാർഷിക നിയമങ്ങൾ പിൻവലിക്കുക, വൈദ്യുതി ബിൽ 2020 പിൻവലിക്കുക തുടങ്ങിയ ഡിമാൻറുകൾ ഉന്നയിച്ചുകൊണ്ടാണ് ഐക്യദാർഢ്യജാഥ സംഘടിപ്പിച്ചത്.

ജനുവരി 11ന് കാസർഗോഡ് പുതിയ ബസ് സ്റ്റാൻഡിൽ നടന്ന ആദ്യ സമ്മേളനം എസ്‌യുസിഐ(സി)സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റുമായ സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ജനകീയ സമര നേതാവുമായ ഡോക്ടർ ഡി. സുരേന്ദ്രനാഥ് ഫ്ളാഗ് ഓഫ് ചെയ്തു. എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് കെ.കെ. സുരേന്ദ്രൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ജാഥാക്യാപ്റ്റനും പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവുമായ സഖാവ് ടി.കെ. സുധീർകുമാർ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ വി.കെ.സദാനന്ദൻ(ജാഥാ മാനേജർ), ജ്യോതികൃഷ്ണൻ എന്നിവർ സംസാരിച്ചു. സഖാവ് അനൂപ് ജോൺ സ്വാഗതവും സഖാവ് അകിൽ മുരളി കൃതജ്ഞതയും പറഞ്ഞു.




വനിതാ കർഷക ഐക്യദാർഢ്യ ദിനത്തോടനുബന്ധിച്ച് അരയങ്കാവിൽ നടന്ന സമ്മേളനം എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി സഖാവ് കെ.എം.ബീവി ഉദ്ഘാടനം ചെയ്യുന്നു

അതിശൈത്യത്തെയും മോദി സർക്കാരിന്റെ അപവാദ പ്രചാരണങ്ങളെയും അടിച്ചമർത്തലുകളെയും മറികടന്ന് കർഷകർ നടത്തുന്ന ഐതിഹാസികമായ സമരത്തോടൊപ്പം മുഴുവൻ ജനങ്ങളും നിലകൊള്ളണമെന്ന ജാഥയുടെ ആഹ്വാനം ആയിരക്കണക്കിന് ജനങ്ങൾ, വിശേഷിച്ചും ഇടതുപക്ഷ പ്രവർത്തകർ ഹൃദയപൂർവ്വം ഏറ്റുവാങ്ങി. ഐക്യദാർഢ്യജാഥയ്ക്ക് വിവിധ ജില്ലകളിലായി നൂറിലേറെ കേന്ദ്രങ്ങളിലാണ് ജനങ്ങൾ സ്വീകരണം നൽകിയത്. കക്ഷിരാഷ്ട്രീയബന്ധങ്ങൾക്കപ്പുറം വിവിധ വിഭാഗം ജനങ്ങൾ എല്ലാ ജില്ലകളിലും ജാഥക്ക് സ്വീകരണം നൽകാൻ മുന്നോട്ടു വന്നുവെന്നത് എസ്‌യുസിഐ(സി)യുടെ ഇടതുപക്ഷ സമരരാഷ്ട്രീയത്തിനുള്ള അംഗീകാരമാണ്.




കർഷക സമര ഐക്യദാർഢ്യ ജാഥയിൽ എഐഡിഎസ്ഒ സ്ട്രീറ്റ് ബാൻഡിന്റെ ഗാനാവതരണം

പാലക്കാട്, തൊടുപുഴ, ആലപ്പുഴ ജില്ലയിലെ രാമങ്കരി തുടങ്ങിയ സ്ഥലങ്ങളിൽ നടന്നുവരുന്ന കർഷക സമര ഐക്യദാർഢ്യ അനിശ്ചിതകാല സത്യഗ്രഹ പന്തലുകളിലും കോഴിക്കോട് കാട്ടിലപ്പീടികയിലെ കെ.റെയിൽ വിരുദ്ധ സമരപ്പന്തലിലും ജാഥ ക്യാപ്റ്റൻ അഭിവാദ്യങ്ങൾ അർപ്പിച്ചു സംസാരിച്ചു.

നിരവധി സാമൂഹിക വ്യക്തിത്വങ്ങൾ ജാഥയുടെ ഭാഗമായി. പ്രമുഖ കർഷക നേതാവ് പി.ടി. ജോൺ, ഡോ. വിൻസന്റ് മാളിയേക്കൽ, ജോർജ്ജ് മുല്ലക്കര, അഡ്വക്കേറ്റ് മാത്യു വേളങ്ങാടൻ, ജോർജ്ജ് മാത്യു കൊട്ടുമൺ(പ്രസിഡന്റ്, കേരള സംസ്ഥാന കർഷക പ്രതിരോധ സമിതി), ഫാദർ എബ്രഹാം ജോസഫ്, പ്രൊഫ. കുസുമം ജോസഫ്, മോഹൻദാസ് (പ്രമുഖപരിസ്ഥിതിപ്രവർത്തകൻ) തോമസ് ജേക്കബ് (ഒറ്റപ്പാലം കർഷക സമര ഐക്യദാർഢ്യ സമിതി വൈസ് ചെയർമാൻ), പി. മുഹമ്മദ് കുട്ടി (ചേംബർ ഓഫ് കൊമേഴ്സ്), മുസ്തഫ ഹാജി (ആൾ കേരള ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷൻ) എന്നിവരും എറണാകുളത്ത് പ്രൊഫ. ജോർജ്ജ് ജോസഫ് (തൃപ്പൂണിത്തുറ ഐക്യദാർഢ്യ സമിതി ചെയർമാൻ), ടി. രവീന്ദ്രൻ (നവോത്ഥാന ശക്തി), അബ്ദുൾ ജബ്ബാർ മേത്തർ (ജനകീയ പ്രതിരോധ സമിതി, ആലുവ ), ഇരുമ്പനം ഭാസി(ജെആർഎസ്), പി.സി.ജോസഫ്(ജനകീയ പ്രതിരോധ സമി തി, മൂവാറ്റുപുഴ), ഇ.എം.മക്കാരുപിള്ള, കുഞ്ഞമ്മ (സ്ത്രീ സുരക്ഷ സമിതി), സോണി.ടി.മാത്യു(മദ്യ വിരുദ്ധ

(ശേഷം 9–ാം പേജിൽ)

# ഭരണാധികാരികളുടെ മുഷ്കിനുമുന്നിൽ ജനങ്ങൾ മുട്ടുമടക്കില്ല

(8–ാം പേജിൽ നിന്ന്)

ജനകീയ സമര സമിതി), ടി.സി. യോഹന്നാൻ (യുക്തിവാദി സംഘം), ശങ്കർ എ.സി.(ആം



കർഷക സമര ഐക്യദാർഢ്യ ജാഥയെ കോട്ടയത്ത് അഭിസംബോധന ചെയ്യുന്ന എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ

ആദ്മി പാർട്ടി), ടി. ഡി. സ്റ്റീഫൻ, കെ.പി.ഗോവിന്ദൻ (എഐകെഎഫ്) എന്നിവരും പ്രൊഫ. എൻ.ജെ. ജേക്കബ് (ചെയർമാൻ, കർഷക സമര ഐക്യദാർഢ്യ സമിതി, തൊടുപുഴ), ടി. ജെ. പീറ്റർ (വൈസ് ചെയർമാൻ), നിഷ സോമൻ(കൺവീനർ), മനോഹർ നടുവിലേത്ത്, നെല്ലിപ്പാറ ബേബി, പി.സി. ജോളി എന്നിവർ ഇടുക്കിയിലും ഡോ. സൈമൺ ജോൺ(സിഎസ്ഐ സെക്രട്ടറി), ടി.എം.സത്യൻ(പശ്ചിമഘട്ട സംരക്ഷണ സമിതി), എൻ.രാമചന്ദ്രൻ നായർ (പൗരസമിതി) പത്തനംതിട്ടയിലും, അഡ്വ. ഒ.ഹാരിസ്, റ്റി. ബി. വിശ്വനാഥൻ, ബി. ദിലീപൻ ആലപ്പുഴയിലും, നൗഷാദ് എസ്. മുഹമ്മദ്(ജനകീയ പ്രതിരോധ സമിതി), ഗോവിന്ദൻ (ഐഎൻപിഎ) എന്നിവർ കോട്ടയത്തും എ.ജയിംസ്(ജനകീയ പ്രതിരോധ സമിതി), മോഹൻലാൽ (എംസിപിഐ), മോനച്ചൻ (സിഎംപി), കോശി പണിക്കർ(ഐക്യദാർഢ്യ സമിതി, കുണ്ടറ) എ. റ്റി. ജോസഫ് (ഐക്യദാർഢ്യ സമിതി, പുനലൂർ), സുകുമാരൻ എടമുളയ്ക്കൽ(ജനകീയ പ്രതിരോധ സമിതി, അഞ്ചൽ), പി. കെ. ഉണ്ണികൃഷ്ണൻ (ചെയർമാൻ, ഐക്യദാർഢ്യ സമിതി, അഞ്ചൽ) എന്നിവർ കൊല്ലത്തും സ്വീകരണം നൽകിയവരിൽ ഉൾപ്പെടുന്നു. തിരുവനന്തപുരം പള്ളിപ്പുറത്ത് പാഠശേഖര സമിതിയുടെ ചെയർമാൻ ഷറഫുദ്ദീൻ, ബി.രവി, സൈനുലാബ്ദീൻ, മുഹമ്മദ് അലി, സലിം (ഷഹിൻ ബാഗ് ഐക്യദാർഢ്യ സമിതി)സഖാവ് രവി (സിഐറ്റിയു), കുന്നുംപുറം അഷ്റഫ് (കർഷക ഐക്യ ദാർഢ്യ സമിതി) നെടുമങ്ങാട് ഐക്യദാർഢ്യ സമിതി നേതാക്കളായ എസ്. ശ്രീകുമാർ, എ. ആൽബർട്ട്, മുഹമ്മദ് ഷിബു, ശാർങ്ഗധരൻ, വിദ്യാധരൻ, തുടങ്ങിയ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്തെ നിരവധി വ്യക്തിത്വങ്ങൾ സ്വീകരണയോഗങ്ങളിൽ പങ്കെടുത്ത് ജാഥയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിക്കുകയും സ്വീകരണം നൽകുകയും ചെയ്തു.

സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ പ്രവർത്തിക്കുന്ന കർഷക സമര ഐക്യദാർഢ്യ സമിതികൾ, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി, അഖിലേന്ത്യാ കിസാൻ ഖേത് മസ്ദൂർ സംഘടൻ, കേരള സംസ്ഥാന കർഷക പ്രതിരോധ സമിതി, കേരള സംസ്ഥാന സ്ത്രീ സുരക്ഷ സമിതി, കേരള സംസ്ഥാന മദ്യ വിരുദ്ധ ജനകീയ സമര സമിതി, നവോത്ഥാന ശക്തി, ഷഹീൻബാഗ് ഐക്യദാർഢ്യ സമിതി, ബാനർ സാംസ്കാരിക സമിതി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ വിവിധ ജില്ലാ-പ്രാദേശിക കമ്മിറ്റികൾ, യുവകമ്മ്യൂണിസ്റ്റ് ദളം കോംസമോൾ, കുട്ടികളുടെ പ്രസ്ഥാനം പ്രചോദന, മുന്നണി സംഘടനകളായ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന, ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ, ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ, ട്രേഡ് യൂണിയൻ സംഘടന ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ, വിവിധ തൊഴിൽ മേഖലകളിലെ യൂണിയനുകളായ കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ, കേരളാ തയ്യൽ തൊഴിലാളി സെന്റർ, പ്ലാന്റേഷൻ വർക്കേഴ്സ് സെന്റർ, കേരളാ ഷോപ്സ് & കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് സെന്റർ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ, ടിമ്പർ വർക്കേഴ്സ് സെന്റർ, ഹെഡ് ലോഡ് വർക്കേഴ്സ് സെന്റർ, കെഎസ്ഇബി വർക്കേഴ് യൂണിയൻ, കെഎസ്ഇബി പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ, കശുവണ്ടി തൊഴിലാളി സെന്റർ തുടങ്ങിയ സംഘടനകളെ പ്രതിനിധീകരിച്ചും ജാഥയ്ക്ക് സ്വീകരണം നൽകി.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ വനിതാ വിദ്യാർഥി യുവജന കലാസംഘം അവതരിപ്പിച്ച 'ഉണരുന്ന കർഷകർ' എന്ന തെരുവ് നാടകം അവതരിപ്പിച്ചിടങ്ങളിലെല്ലാം കാണികളുടെ കണ്ണുകളെ ഈറനണിയിച്ചു. കർഷകരുടെ നീറുന്ന പ്രശ്നങ്ങളെ രാഷ്ട്രീയവും സാമൂഹ്യവുമായ മാനത്തിൽ ജീവൽഗന്ധിയായി അവതരിപ്പിച്ച തെരുവ് നാടകത്തിന്റെ രചനയും സംവിധാനവും എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് ആണ് നിർവ്വഹിച്ചത്. എഐഡിഎസ്ഒ സ്ട്രീറ്റ് ബാൻഡ് അവതരിപ്പിച്ച ഗാനങ്ങൾ പ്രേക്ഷക ഹൃദയങ്ങളിൽ സമര താളമായി അലയടിച്ചു.




ഡൽഹിയിൽ കർഷക ലക്ഷങ്ങൾ സമാന്തര റിപ്പബ്ലിക്ദിന പരേഡ് നടത്തിയ ജനവരി 26ന് ജാഥ അതിഗംഭീര റാലിയോടെ തിരുവനന്തപുരത്ത് സമാപിച്ചു. പുത്തരിക്കണ്ടത്ത് നടന്ന സമാപന സമ്മേളനം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗവും ജില്ലാ സെക്രട്ടറിയുമായ സഖാവ് ആർ. കുമാർ അധ്യക്ഷത വഹിച്ചു. രാഷ്ട്രീയ കിസാൻ മഹാസംഘ് സൗത്ത് ഇന്ത്യൻ കോ-ഓർഡിനേറ്റർ പി.റ്റി.ജോൺ മുഖ്യപ്രസംഗം നടത്തി. കേന്ദ്ര സർക്കാർ എന്തെല്ലാം കുതന്ത്രങ്ങൾ പ്രയോഗിച്ച് സമരത്തെ തകർക്കാൻ ശ്രമിച്ചാലും വിജയം കാണാതെ കർഷകർ മടങ്ങില്ലെന്ന് അദ്ദേഹം പറഞ്ഞു. കർഷകരുടെ നിലനിൽപ്പിന്റെ സമരം വിജയിപ്പിക്കാൻ ദേശീയ ട്രേഡ് യൂണിയനുകൾ എത്രയും വേഗം അനിശ്ചിതകാല സമരം പ്രഖ്യാപി ക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. കേരളത്തിന്റെ മണ്ണിൽ ഈ സമരത്തിന്റെ സന്ദേശം കൊണ്ടെത്തിക്കാൻ ആത്മാർഥമായി പ്രവർത്തിക്കുന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടിയുടെ സമർപ്പണത്തെ ആദരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ജാഥ ക്യാപ്റ്റൻ സഖാവ് ടി കെ സുധീർ കുമാറിന് വിവിധ മുന്നണി സംഘടനാ നേതാക്കളും ജനകീയ സമര നേതാക്കളും സ്വീകരണം നൽകി. കർഷകസമരത്തിന് നേരെ നടന്ന പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ചു കൊണ്ടുള്ള പ്രമേയം പാർട്ടിസംസ്ഥാനകമ്മിറ്റിയംഗം മിനി കെ. ഫിലിപ്പ് അവതരിപ്പിച്ചു. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ ജയ്സൺ ജോസഫ്, എസ്.രാജീവൻ, ഡോ. പി.എസ്.ബാബു സംസ്ഥാന കമ്മിറ്റിയംഗങ്ങളായ സഖാക്കൾ വി കെ.സദാനന്ദൻ, ഷൈല കെ. ജോൺ, എസ്. സീതിലാൽ എന്നിവർ സംസാരിച്ചു. സമ്മേളനത്തിന് മുന്നോടിയായി ട്രാക്ടറുകളുടെയും ബൈക്കുകളുടെയും അകമ്പടിയോടെ പട്ടത്തു നിന്നാരംഭിച്ച ആവേശകരമായ പ്രകടനം പുത്തരിക്കണ്ടത്ത് സമാപിച്ചതിന് ശേഷമാണ് സമ്മേളനം ചേർന്നത്. കർഷക പ്രക്ഷോഭത്തെ ചരിത്ര വിജയമാക്കുവാൻ കൂടുതൽ സമർപ്പിതമായി പൊരുതുവാൻ ഏവർക്കും വമ്പിച്ച പ്രചോദനമായി സംസ്ഥാനതല ഐക്യദാർഢ്യ ജാഥയും സമാപന സമ്മേളനവും.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി മുൻകൈ എടുത്ത് സംസ്ഥാനത്ത് നിരവധി ഐക്യദാർഢ്യ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ ആഭിമുഖ്യത്തിൽ തുടർച്ചയായ പ്രചാരണപരിപാടികൾ നടന്നുവരുന്നു. ആലപ്പുഴ രാമങ്കരിയിലെയും തൊടുപുഴയിലെയും സ്ഥിരം സമരപന്തലുകളിൽ കക്ഷി-രാഷ്ട്രീയത്തിന് അതീതമായി നിരവധിപേർ പങ്കെടുക്കുന്നുണ്ട്. ജീവിതത്തിന്റെ നാനാതുറകളിലുള്ളവരുടെ പങ്കാളിത്തം ജനങ്ങളിൽ സമരത്തോട് ശക്തമായ ആഭിമുഖ്യം സൃഷ്ടിച്ചിട്ടുണ്ട്. കേരളം സമരത്തോടൊപ്പമാണെന്ന ശക്തമായ സന്ദേശമാണ് ഐക്യദാർഢ്യ പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. ■




കർഷക സമരത്തിന് ഐക്യദാർഢ്യമർപ്പിച്ചുകൊണ്ട് എഐയുടിയുസി അരയങ്കാവിൽ നടത്തിയ സമ്മേളനത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് സഖാവ് പി.എം.ദിനേശൻ പ്രസംഗിക്കുന്നു



സിംഘു–ഗാസിപ്പൂർ അതിർത്തിയിൽ കർഷകർക്കുനേരെയുണ്ടായ പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് കണ്ണൂർ ടൗണിൽ നടന്ന പൊതുയോഗത്തിൽ ഡോ.ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു







1. ജാഥയുടെ സമാപനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടന്ന പ്രകടനത്തിൽനിന്ന് 2. ഉണരുന്ന കർഷകർ തെരുവ് നാടകം ഒരു ദൃശ്യം
3. ജാഥയിൽ അണിനിരന്ന വാഹനങ്ങൾ

# ബൂർഷ്വാ ജനാധിപത്യത്തിന്റെ പൊള്ളത്തരം വെളിവാക്കി ട്രംപ് അനുകൂലികളുടെ അഴിഞ്ഞാട്ടം

**2021 ജനുവരി 6ന് അമേരിക്കയിൽ, വാഷിംഗ്ടണിലെ ക്യാപ്പിറ്റോളിൽ, ആയിരക്കണക്കിന് വെളുത്തവർഗ്ഗ മേൽക്കോയ്മവാദികളായ വംശീയഭ്രാന്തന്മാരും, പ്രസിഡന്റ് ട്രംപിന്റെ ഫാസിസ്റ്റ് അനുയായികളും ചേർന്ന് ആക്രമണം അഴിച്ചുവിടുകയുണ്ടായി. അഞ്ചു മരണങ്ങൾക്ക് ഇടയാക്കിയ ആക്രമണം അമേരിക്കൻ ജനാധിപത്യമെന്ന മിത്തിന്റെ പൊള്ളത്തരം വെളിവാക്കാൻ പോന്നതായിരുന്നു.**



**അ**ടുത്തിടെ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ, ഡൊണാൾഡ് ട്രംപിനെതിരെയുള്ള ജോ ബൈഡന്റെ വിജയം ഔദ്യോഗികമായി അംഗീകരിക്കുവാനുള്ള ഭരണഘടനാ പ്രക്രിയയായ ഇലക്ടറൽ കോളേജ് വോട്ടിങ്ങിനെ തടസ്സപ്പെടുത്തുവാനോ അട്ടിമറിക്കുവാനോ ഉള്ള ഉദ്ദേശ്യത്തോടെയാണ്, 'വീ വാണ്ട് ട്രംപ്' (ഞങ്ങൾക്ക് ട്രംപിനെ വേണം) എന്ന മുദ്രാവാക്യമുയർത്തി വടിയും തോക്കും രാസവസ്തുക്കളുമടക്കമുള്ള ആയുധങ്ങളണിഞ്ഞ, ഹെൽമറ്റ് ധരിച്ച റൗഡികൾ യുഎസ് പാർലമെന്റ് ആക്രമിച്ചത്. പുറത്തുനിന്നുള്ള ശത്രുക്കളോ തീവ്രവാദിസംഘങ്ങളോ അല്ല, പ്രസിഡന്റ് ട്രംപ് തന്നെയാണ്, കാടൻപ്രതിഷേധത്തിനായി അപരിഷ്കൃതരും ആയുധധാരികളുമായ വെളുത്തവർഗ്ഗവംശീയവാദികളും നവഫാസിസ്റ്റുകളുമായ അനുയായികളെ വിദ്വേഷപ്രസംഗങ്ങളിലൂടെ ഇളക്കിവിട്ടത്. 'അമേരിക്കയുടെ ഭരണഘടനയെ നിലനിർത്താനും സംരക്ഷിക്കാനും പ്രതിരോധിക്കുവാനും തങ്ങളുടെ അപ്രായോഗികമായ പോരാട്ടത്തെ യുഎസ് ക്യാപ്പിറ്റോളിലേക്ക് കൊണ്ടുപോവുക,' അഥവാ, തെരഞ്ഞെടുപ്പ് ഫലത്തെ അട്ടിമറിക്കുക എന്നത് ആഹ്വാനങ്ങളിൽ നിറഞ്ഞുനിന്നിരുന്നു.

പാർലമെന്റ് മന്ദിരത്തിനുനേരെയുള്ള ആക്രമണത്തിനുപിന്നിൽ പ്രസിഡന്റിന്റെതന്നെ ആസൂത്രണം ഉണ്ടായിരുന്നതുകൊണ്ട്, തത്സമയം മതിയായ സുരക്ഷാഭടന്മാരും അവിടെ ഉണ്ടായിരുന്നില്ല. കാവൽനിന്ന പൊലീസുകാരെ ഭ്രാന്തന്മാരായ ജനക്കൂട്ടം എളുപ്പത്തിൽ കീഴടക്കി, മതിലുകൾ ചാടിക്കടന്ന് ക്യാപ്പിറ്റോളിന്റെ അകത്തളങ്ങളിലെത്തി. നടപടികൾ തടസ്സപ്പെടുത്തി,പ്രതിനിധികളെയും സെനറ്റർമാരെയും ചേംബറിൽനിന്നും ഒഴിപ്പിച്ചു. ജനക്കൂട്ടം ക്യാപ്പിറ്റോളിൽ കലാപം നടത്തുമ്പോഴും നാഷണൽ ഗാർഡിന് ഉത്തരവു കൊടുക്കാതെയും കലാപനിയമത്തിന്റെ വ്യവസ്ഥകൾ ഉപയോഗിച്ച് സായുധസേനയെ രംഗത്തിറക്കാതെയും പ്രസിഡന്റ് ട്രംപ് മണിക്കൂറുകളോളം നോക്കിനിന്നു. വിറളി പിടിച്ച അനുയായികളോട് അടങ്ങാൻ ആവശ്യപ്പെടുന്നതിനുപകരം, കാര്യങ്ങൾ കൈവിട്ടു പോകുമ്പോഴും ട്രംപ് അവരെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്തത്. വ്യക്തമായും ഈ തെമ്മാടിത്തം മുൻകൂട്ടി ആസൂത്രണം ചെയ്തതും, ട്രംപ് ഭരണകൂടം അനുവദിച്ചുകൊടുത്തതുമാണ്. ഒരുപക്ഷേ അടിച്ചമർത്തപ്പെടുന്ന തൊഴിലാളികളോ സാധാരണക്കാരായ ജനങ്ങളോ ആണ് ന്യായമായ ഒരു ആവശ്യത്തിനായി ഇങ്ങനെ ഒരു പ്രതിഷേധം സംഘടിപ്പിച്ചിരുന്നതെങ്കിൽ, എത്ര ക്രൂരമായി പൊലീസ് അടിച്ചമർത്തിയേനെ. എന്നാൽ, ഈ തെമ്മാടിക്കൂട്ടങ്ങളുടെ കോമാളികളെപ്പോലെയുള്ള പെരുമാറ്റവും ദേശീയ പാർലമെന്റ് മന്ദിരത്തിനുള്ളിലേക്കുള്ള അവരുടെ എളുപ്പത്തിലുള്ള കടന്നുകയറ്റവും തെളിയിക്കുന്നത്, എല്ലാം മുൻകൂട്ടി തയ്യാറെടുത്തു നടത്തിയതാണെന്നാണ്. ട്രംപിനെ അനുകൂലിക്കുന്ന തെമ്മാടികൾ ക്യാപ്പിറ്റോളിനുനേർക്ക് നടത്തിയ ആക്രമണം ചില ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തുന്നു.




അമേരിക്കൻ ബൂർഷ്വാ ജനാധിപത്യം എത്രത്തോളം അധഃപതിച്ചിരിക്കുന്നു! അധികാരക്കൊതിയനായ, സ്വേച്ഛാധിപതിയായ ഒരു ബൂർഷ്വാ രാഷ്ട്രീയക്കാരന്, അവശേഷിക്കുന്ന ജനാധിപത്യ മൂല്യങ്ങളും മര്യാദകളും ചട്ടങ്ങളും പോലും എങ്ങനെയാണ് ഇത്ര എളുപ്പത്തിൽ കാൽക്കീഴിലിട്ട് ചവിട്ടിയരക്കാൻ പറ്റിയത്? ഈ സംഭവം ലോകത്തെയാകെ അന്ധാളിപ്പിച്ചു. ട്രംപിനോട് വളരെ അടുപ്പം പുലർത്തുന്നവർ എന്ന് കരുതപ്പെട്ട സാമ്രാജ്യത്വ-മുതലാളിത്ത ലോകനേതാക്കൾക്കുപോലും ഈ സംഭവത്തെ അപലപിക്കേണ്ടിവന്നു.

### ജനാധിപത്യമനസ്സുള്ള അമേരിക്കക്കാരുടെ അതൃപ്തിക്ക് ട്രംപ് പാത്രമായി

യുഎസ് സമ്പദ്ഘടന മൂക്കുകുത്തുന്നതിൽനിന്നും തടയുന്നതിലുള്ള ട്രംപിന്റെ തികഞ്ഞ പരാജയത്തിനുപുറമേ, അദ്ദേഹത്തിന്റെ വ്യാജോക്തികളുടെയും ജുഗുപ്സാവഹമായ ആത്മപ്രശംസയുടെയും അധികാരക്കൊതിയുടെയും പലപ്പോഴും സ്ത്രീവിരുദ്ധത നിറഞ്ഞ അസഭ്യപരാമർശങ്ങളുടെയും മര്യാദയില്ലാത്ത പെരുമാറ്റത്തിന്റെയും വംശീയവിദ്വേഷം പച്ചയ്ക്ക് ആളിക്കത്തിക്കുന്നതും വിദേശികളോടുള്ള വെറുപ്പ് നിറഞ്ഞ സംസാരവും അതിരുകടന്ന അഹങ്കാരവും ഏകാധിപത്യപരമായ സമീപനവും പ്രവൃത്തികളും ഒക്കെ മൂലം യുഎസിന് അകത്തും പുറത്തുമുള്ള വിവേകവും ജനാധിപത്യബോധവുമുള്ള എല്ലാവരും ട്രംപിനെ വ്യാപകമായി വിമർശിച്ചിരുന്നു എന്നത് ഇവിടെ ഓർമ്മിക്കേണ്ടതാണ്. കോവിഡ്-19 ഏറ്റവും രൂക്ഷമായി ബാധിച്ച രാജ്യമായിരുന്നിട്ടും, 4 ലക്ഷത്തിലേറെ മരണമുണ്ടായിട്ടും, മതിയായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്ര-വൈദ്യസമൂഹത്തിന്റെ ഉപദേശത്തിന് പുല്ലുവില പോലുംകൽപ്പിക്കാതെ തള്ളിക്കളയുന്നയത്രയും ധാർഷ്ട്യമാണ് അദ്ദേഹം വെച്ചുപുലർത്തിയത്. തന്നെയുമല്ല, ഏറ്റവും അടിസ്ഥാനപരമായആരോഗ്യ പ്രോട്ടോക്കോളുകളെ അദ്ദേഹം പരസ്യമായി തള്ളിപ്പറഞ്ഞു. മൊത്തത്തിലുള്ള പിടിപ്പുകേടിനെപ്പറ്റി എടുത്തു പറയേണ്ടതുതന്നെയില്ല. വംശീയ അതിക്രമങ്ങളോടും ന്യൂനപക്ഷമായ ആഫ്രിക്കൻ-അമേരിക്കക്കാർക്കെതിരായ പോലീസ് അതിക്രമങ്ങളോടുമുള്ള അദ്ദേഹത്തിന്റെ നിഷ്ക്രിയമായ നിശ്ശബ്ദപിന്തുണ,'ബ്ലാക്ക്ലൈവ്സ് മാറ്റർ' എന്ന രാജ്യവ്യാപക പ്രസ്ഥാനത്തിന് കാരണമായി. വർദ്ധിച്ചുവരുന്ന ദാരിദ്ര്യം, ഉയരുന്ന തൊഴിലില്ലായ്മ, കുറ്റകൃത്യങ്ങളുടെ നിരക്കിലെ വർദ്ധന, കൊറോണ കേസുകളുടെ അനിയന്ത്രിതമായ വർദ്ധനവ് എന്നിവ ട്രംപിനെ ഏറ്റവും കൂടുതൽ അപ്രീതിക്ക് പാത്രമായ യുഎസ് പ്രസിഡന്റുമാരിൽ ഒരാളാക്കി. എന്നാൽ, മറ്റു പല രാജ്യങ്ങളിലെയും തന്റെ പകർപ്പുകളെപ്പോലെതന്നെ, അധികാരഭ്രാന്തനും പൊങ്ങച്ചക്കാരനുമായ ട്രംപ്, തന്നെ അധികാരത്തിൽനിന്നും പുറത്താക്കുന്ന ഒരു വിധിയെഴുത്തിനെ അംഗീകരിക്കില്ലെന്ന് തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കുന്നതിന് മുന്നേതന്നെ ധാരണ നൽകിയിരുന്നു. എന്തിനേറെ പറയുന്നു, ഈ മഹാമാരിക്കാലത്തും മാസ്ക് ധരിക്കാൻ വിസ്സമ്മതിക്കുകയും, അങ്ങനെ ചെയ്യുന്നതിൽ മറ്റുള്ളവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്ത ട്രംപ്, തപാൽ വോട്ടിലൂടെ വോട്ടുചെയ്യാനുള്ള ജനങ്ങളുടെ അവകാശം നിഷേധിക്കാൻ പല രീതിയിൽ ശ്രമിക്കുകയും ചെയ്തു. അതിന്റെ ഫലത്തെക്കുറിച്ച് തെരഞ്ഞെടുപ്പിന് ഏറെ മുന്നേതന്നെ സംശയത്തിന്റെ വിത്തും വിതച്ചു. തെരഞ്ഞെടുപ്പുദിനം അടുക്കുന്തോറും അദ്ദേഹം കൂടുതൽ അസ്വസ്ഥനാവുകയും എങ്ങനെയും അധികാരത്തിൽ കടിച്ചുതൂങ്ങാനുള്ള ശ്രമങ്ങൾ നടത്തുകയും തന്നെ ആരെങ്കിലും എതിർക്കുന്നവെന്ന് തോന്നിയാൽ അവർക്കെതിരേ ശകാരവർഷം ചൊരിയുകയും ചെയ്തു. അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ച സഹപ്രവർത്തകരെയും, ഉന്നത ഉദ്യോഗസ്ഥരെയും, സൈനികമേധാവികളെയും അദ്ദേഹം പുറത്താക്കി. എഴുതപ്പെട്ട എല്ലാ ചട്ടങ്ങളും പെരുമാറ്റമര്യാദകളും കാറ്റിൽ പറത്തി. അദ്ദേഹത്തിന്റെ സ്വയംപുകഴ്ത്തൽ എല്ലാ അതിരുകളും ലംഘിച്ചു. 'എന്റെ സൗന്ദര്യമെന്തെന്നാൽ ഞാൻ വളരെ സമ്പന്നനാണ്..; 'മറ്റാരേയുംകാൾ മഹത്തായ മനോനിലയാണ് എനിക്കെന്നതിൽ ഞാൻ അഭിമാനിക്കുന്നു...'; 'ഡൊണാൾഡ് ട്രംപിനേക്കാൾ ബുദ്ധിശക്തിയെ ബഹുമാനിക്കുന്ന മറ്റാരുമില്ല...'; 'ഇന്നേവരെ പ്രസിഡന്റാകാൻ മൽസരിച്ചതിൽ ഏറ്റവും വിജയിയായ വ്യക്തി ഞാനാണ്...'; ഇങ്ങനെയൊക്കെ പറയാനുള്ള തൊലിക്കട്ടി അദ്ദേഹം കാണിച്ചു. അങ്ങനെ ഒരു ഫാസിസ്റ്റ് ഏകാധിപത്യ നേതാവിന്റെ ശക്തമായ പ്രതിരൂപമായി അദ്ദേഹം സ്വയം ഉയർത്തിക്കാട്ടി. തന്റെ ഫാസിസ്റ്റ് ഏകാധിപത്യപാത പിന്തുടർന്ന് അധികാരക്കസേരകളിൽ ഒട്ടിയിരിക്കാൻ താത്പര്യപ്പെട്ട സമാനമനസ്കരായ സുഹൃത്തുക്കളെയും ആരാധകരെയും മറ്റ് രാജ്യങ്ങളിലും അദ്ദേഹം കണ്ടെത്തി.ബൂർഷ്വാ ജനാധിപത്യത്തെക്കുറിച്ചുള്ള വ്യാമോഹം വച്ചുപുലർത്തുന്ന വലിയൊരു വിഭാഗം സാധാരണക്കാരായ അമേരിക്കക്കാർക്കും, കാര്യങ്ങൾ ഇങ്ങനെ മാറിമറിഞ്ഞത് നടുക്കം ഉളവാക്കി. വ്യക്തിപരമായ ചെളിവാരിയെറിയലുകളും മോശം ഭാഷയും അന്തമില്ലാത്ത സംഘട്ടനങ്ങളുംകൊണ്ട് അവർ പൊറുതിമുട്ടി. എന്തെങ്കിലും തരത്തിൽ സാധാരണനില തിരികെയെത്തണമെന്ന് അവർ ആഗ്രഹിച്ചു. ട്രംപിന്റെ പ്രവർത്തനത്തിൽ വലിയൊരു വിഭാഗം സാധാരണക്കാരായ അമേരിക്കക്കാരും അതൃപ്തരോ രോഷാകുലരോ ആയിരുന്നു എന്നത്, അദ്ദേഹത്തിന്റെ തോൽവി ഒഴിവാക്കാനാകാത്തതാണ് എന്നതിന്റെ സൂചനയായിരുന്നു.

അത് മനസ്സിലാക്കിയ ട്രംപ്, ഇക്കാലത്തെ മറ്റെല്ലാ ബൂർഷ്വാ നേതാക്കളെയുംപോലെ, എല്ലാത്തരത്തിലുമുള്ള കള്ളത്തരങ്ങളും കൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട്, വംശീയമായ വിഭാഗീയതകൾ ആളിക്കത്തിക്കാൻ ശ്രമിച്ചു. വളരെ മുമ്പേതന്നെ, 'അമേരിക്ക ആദ്യം', 'അമേരിക്കയെ വീണ്ടും മഹത്തരമാക്കുക', തുടങ്ങിയ വഞ്ചനാത്മകമായ മുദ്രാവാക്യങ്ങളിലൂടെ ട്രംപ്, നിരന്തരം ഗൂഢമായ സിദ്ധാന്തങ്ങൾ മെനഞ്ഞെടുത്തുകൊണ്ട്, അതിതീവ്ര ദേശീയവികാരത്തിന് തിരികൊളുത്താൻ ശ്രമിച്ചു. തൊഴിൽരഹിതരായ വെള്ളക്കാരായ മധ്യവർഗ്ഗക്കാരുടെയിടയിൽ, പ്രത്യേകിച്ചും യുവാക്കളുടെ ഇടയിൽ, വംശീയഭ്രാന്തിന്റെയും വിഭാഗീയതയുടെയും മനോഭാവം വളർത്തിയെടുത്ത്, നല്ല ജോലിയും ജീവിതമാർഗ്ഗവും തങ്ങൾക്ക് ലഭിക്കുന്നതിനുള്ള തടസ്സം മറ്റ് വംശീയതയിൽ നിന്നുള്ള സഹപൗരന്മാരാണെന്ന് ബോധിപ്പിച്ച് അവർക്കെതിരേ ഇളക്കിവിടുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശ്യം. അമേരിക്കതന്നെഅടിച്ചേൽപ്പിക്കുകയുംആഘോഷിക്കുകയും ചെയ്ത മുതലാളിത്ത ആഗോളവൽക്കരണത്തിന്റെ സിദ്ധാന്തത്തിൽ നിന്ന് പിന്മാറുമെന്ന് ട്രംപ് പ്രഖ്യാപിക്കുകയുണ്ടായി. മറ്റ് രാജ്യങ്ങളിൽനിന്നും ജനങ്ങൾ അമേരിക്കയിൽ പ്രവേശിക്കുന്നത് തടയാനും, കുടിയേറ്റക്കാരെ ബലമായി പുറന്തള്ളാനും നടപടികളുമെടുത്തു. ഇങ്ങനെയുള്ള നടപടികളിലൂടെയും, താൻ വിദഗ്ധമായി ഉപജാപങ്ങൾ നിർവ്വഹിക്കുന്ന സമൂഹമാധ്യമങ്ങൾ അടക്കമുള്ള മാർഗ്ഗങ്ങളിലൂടെയും, വെള്ളക്കാരായ മധ്യവർഗ്ഗക്കാർക്കിടയിൽ പിന്തുണയുടെ ഒരു അടിത്തറ സൃഷ്ടിക്കുവാൻ ട്രംപ് ശ്രമിച്ചു. ഏറ്റവുമധികം ഇലക്ടറൽ കോളേജ് വോട്ടുകളുള്ള സംസ്ഥാനങ്ങളിൽ ഭൂരിപക്ഷമുള്ള ഇവരെ ഉപയോഗിച്ചുകൊണ്ട് രണ്ടാമതൊരുവട്ടം കൂടി പ്രസിഡന്റ് പദവി നേടിയെടുക്കാമെന്ന് അദ്ദേഹം കണക്കുകൂട്ടി.

### ഇലക്ടറൽ കോളേജ് സംവിധാനം

കൂടുതൽ ചർച്ച ചെയ്യുന്നതിനുമുമ്പ്, യുഎസിലെ ഇലക്ടറൽ കോളേജ് സംവിധാനത്തെക്കുറിച്ചു കൂടി വിശദീകരിക്കേണ്ടതുണ്ട്.

(ശേഷം 11-ാം പേജിൽ)

# അമേരിക്കൻ പാർലമെന്റ് ആക്രമണം തെരഞ്ഞെടുപ്പ് ഫലം അട്ടിമറിക്കാനുള്ള ആസൂത്രിത പദ്ധതി

(10-ാം പേജിൽ നിന്ന്)

യുഎസിൽ, ഒരു പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് കിട്ടുന്ന മൊത്തം വോട്ട് വെച്ചല്ല തെരഞ്ഞെടുപ്പിലെ വിജയം നിർണ്ണയിക്കുന്നത്. പകരം അത് ഇലക്ടറൽ കോളേജ് അടിസ്ഥാനമാക്കിയ തെരഞ്ഞെടുപ്പാണ്. അതായത്, സ്റ്റേറ്റ് അസംബ്ലിയിലെ വോട്ടു നിലയെ പ്രതിനിധീകരിക്കുക എന്ന യോജിച്ച ഉത്തരവാദിത്തമുള്ള ഒരുകൂട്ടം പ്രതിനിധികളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇവരാണ് ഇലക്ടർമാർ. അവരുടെ ജോലിയാണ് പ്രസിഡന്റിനെയും വൈസ്-പ്രസിഡന്റിനെയും തെരഞ്ഞെടുക്കുക എന്നത്. ഓരോ സംസ്ഥാനത്തുനിന്നുമുള്ള ഇലക്ടറൽമാരുടെ എണ്ണം, അവിടെ നിന്നുള്ള ജനസംഖ്യക്ക് ആനുപാതികമായാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഓരോ സംസ്ഥാനത്തിനും ഒരു നിശ്ചിത എണ്ണം ഇലക്ടറൽ വോട്ടുകളുണ്ട്. ഉദാഹരണത്തിന്, ഏറ്റവുമധികം ഇലക്ടർമാരുള്ള കാലിഫോർണിയയ്ക്ക് 55 ഇലക്ടർമാരുള്ളപ്പോൾ ജനസംഖ്യ തീരെക്കുറവുള്ള വ്യോമിംഗ്, അലാസ്ക, നോർത്ത് ഡക്കോട്ട, വാഷിംഗ്ടൺ ഡിസി തുടങ്ങിയവയ്ക്ക് 3 പേർ വീതമേയുള്ളൂ. മൊത്തം 538 ഇലക്ടർമാരാണ് ഉള്ളത്. ഒരു സംസ്ഥാനത്തെ മുഴുവൻ ഇലക്ടറൽ വോട്ടുകളും ഒരു സ്ഥാനാർത്ഥിക്കുമാത്രം മുഴുവനായും ലഭിക്കുകയോ നഷ്ടമാവുകയോ ചെയ്യും. മൊത്തം വോട്ടിൽ 270-ഓ അതിലധികമോ നേടുന്നയാൾ പ്രസിഡന്റാകും. അതായത്, ടെക്സാസിലെ വോട്ടിലെ 50.1% ഒരു സ്ഥാനാർത്ഥി നേടിയാൽ ആ സംസ്ഥാനത്തിന്റെ 38 ഇലക്ടറൽ വോട്ടുകളും അപ്പാടെ അയാൾക്ക് ലഭിക്കുകയാണ്. ഇനി വമ്പിച്ച ഭൂരിപക്ഷം അവിടെ നേടിയാൽപോലും അതേ എണ്ണം വോട്ടുകൾ മാത്രമേ ആ ആൾക്ക് ലഭിക്കുകയുള്ളൂ. ഉദാഹരണത്തിന്, 2016ൽ, ഡൊണാൾഡ് ട്രംപ് തന്റെ എതിരാളിയായിരുന്ന ഹിലരി ക്ലിന്റണേക്കാൾ 30 ലക്ഷത്തോളം വോട്ടുകൾക്ക് ദേശീയതലത്തിൽ പിന്നിലായിരുന്നു. എന്നിട്ടും ഇലക്ടറൽ കോളേജിൽ ഭൂരിപക്ഷം നേടി എന്നതുകൊണ്ടുമാത്രം അദ്ദേഹം പ്രസിഡന്റായി. അതുപോലെതന്നെ 2000ൽ 271 ഇലക്ടറൽ വോട്ട് നേടി ജോർജ് ഡബ്ല്യു ബുഷ് വിജയിച്ചു. പക്ഷേ അദ്ദേഹത്തിന്റെ എതിരാളി അൽഗോർ അഞ്ചുലക്ഷത്തിലേറെ പൊതുവോട്ട് നേടിയിരുന്നു. ഇത്തവണയാകട്ടെ, ട്രംപിന് 232 ഇലക്ടറൽ കോളേജ് വോട്ടാണ് ലഭിച്ചത്. എതിരാളിയായ നിയുക്ത പ്രസിഡന്റ് ജോ ബൈഡന് 306 വോട്ടും ലഭിച്ചു. മൊത്തം പോൾ ചെയ്യപ്പെട്ട വോട്ടിന്റെ 51.3% അഥവാ 81.3 ദശലക്ഷം വോട്ടുകൾ എന്ന റെക്കോർഡോടെ ട്രംപിനേക്കാൾ 7 ദശലക്ഷം കൂടുതൽ വോട്ടാണ് ബൈഡൻ നേടിയത്.

### ട്രംപ് തെരഞ്ഞെടുപ്പ് തോൽവി അംഗീകരിക്കാൻ വിസമ്മതിച്ചു

തെരഞ്ഞെടുപ്പുപ്രക്രിയ അട്ടിമറിച്ചുകൊണ്ടുമാത്രമേ തന്നെ തോൽപ്പിക്കാനാകൂ എന്നാണ് തെരഞ്ഞെടുപ്പിന് രണ്ടു മാസം മുമ്പ് ട്രംപ് പ്രഖ്യാപിച്ചത്. വോട്ടെണ്ണൽ നടന്നുകൊണ്ടിരിക്കെ, രാത്രി ഏറെ വൈകി പത്രസമ്മേളനം വിളിച്ചുകൊണ്ട് താൻ മുന്നിട്ടു നിൽക്കുകയാണെന്ന് ട്രംപ് പ്രഖ്യാപിച്ചു. പക്ഷേ, തെരഞ്ഞെടുപ്പുഫലം എതിരായി തുടങ്ങിയപ്പോൾ, അദ്ദേഹം കോപാകുലനാവുകയും സാമാന്യബോധത്തിന്റെ എല്ലാ പരിധിയും ലംഘിച്ച് കൊടിയ ധാർഷ്ട്യം പ്രകടിപ്പിക്കുകയും ചെയ്തു. ചാഞ്ചാട്ട സംസ്ഥാനങ്ങളിൽ തന്നെ കൃത്രിമമായി പരാജയപ്പെടുത്തിക്കൊണ്ട് തെരഞ്ഞെടുപ്പ് അട്ടിമറിച്ചിരിക്കുന്നു എന്ന് അദ്ദേഹം പൊട്ടിത്തെറിച്ചു. ഭൂരിഭാഗം സംസ്ഥാനങ്ങളും പരമ്പരാഗതമായി റിപ്പബ്ലിക്കൻ, അല്ലെങ്കിൽ ഡെമോക്രാറ്റിക് സ്ഥാനാർത്ഥികൾക്ക് അനുകൂലമായി മാത്രം വോട്ടു ചെയ്യുന്നവയാണ്. തെരഞ്ഞെടുപ്പുഫലത്തെ നിശ്ചയിക്കുന്നത് ചാഞ്ചാട്ടസംസ്ഥാനങ്ങൾ എന്ന് വിളിക്കപ്പെടുന്ന, അങ്ങോട്ടും ഇങ്ങോട്ടും പിന്തുണ മാറ്റാവുന്ന ഒരു പറ്റം സംസ്ഥാനങ്ങളാണ്. അതുകൊണ്ടുതന്നെ, മിഷിഗൺ, പെൻസിൽവാനിയ, കൂടാതെ പരമ്പരാഗതമായി റിപ്പബ്ലിക്കൻ ശക്തികേന്ദ്രമായ ജോർജിയ എന്നിവയടക്കമുള്ള ഈ സംസ്ഥാനങ്ങളിലെ ഫലം അനുകൂലമാക്കാൻ വേണ്ടി ട്രംപ് തീവ്രമായി പൊരുതി. ബൈഡന് അനുകൂലമായി വിധിയെഴുതിയ ചാഞ്ചാട്ട സംസ്ഥാനങ്ങളിൽ ട്രംപിന്റെ നിയമസംഘവും അനുഭാവികളും കോടതികളിൽ അമ്പതിലേറെ പരാതികളാണ് നൽകിയത്. തെരഞ്ഞെടുപ്പു തട്ടിപ്പ് ആരോപിച്ച്, തെരഞ്ഞെടുപ്പുഫലം അസാധുവാക്കണമെന്നതായിരുന്നു ആവശ്യം. എന്നാൽ എല്ലാ കോടതികളും ഈ പരാതികളൊക്കെയും തള്ളിക്കളഞ്ഞു. തെരഞ്ഞെടുപ്പുതട്ടിപ്പ് എന്ന ആരോപണം ഉന്നയിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുവെങ്കിലും കോടതികളിലടക്കം അവതരിപ്പിക്കാൻ കുറേ ഊഹാപോഹങ്ങളും അടിസ്ഥാനരഹിതമായ ആവശ്യങ്ങളുമല്ലാതെ യാതൊരു തെളിവും അവർക്കുണ്ടായിരുന്നില്ല.

എന്നിട്ടും ട്രംപ് വഴങ്ങിയില്ല. തുടർന്നും, താനാണ് ജയിച്ചത്, തന്റെ എതിരാളി ജോ ബൈഡന്റെ വിജയം തട്ടിപ്പാണെന്നും അത് തട്ടിയെടുത്ത വോട്ടുകൾകൊണ്ടാണെന്നുമുള്ള കള്ളം അദ്ദേഹം ആവർത്തിച്ചു. ആഴ്ച്ചകളോളം ട്രംപിന്റെ അന്ധരായ അനുയായികൾ സമൂഹമാധ്യമങ്ങളിൽ അലമുറയിട്ടത് തെരഞ്ഞെടുപ്പ് തട്ടിയെടുത്തു എന്നാണ്. ഈ ഫലം അംഗീകരിക്കുന്നതിനായി കോൺഗ്രസ് കൂടുന്ന ദിവസം അക്രമാസക്തമായ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് പരസ്യമായിതന്നെ അവർ ചർച്ച ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥിക്ക് അധികാരം കൈമാറുന്നത് തടസ്സപ്പെടുത്തുന്നതിനാണ് പിന്നീട് ട്രംപ് ശ്രമിച്ചത്. കലാപത്തിന് ആഹ്വാനം ചെയ്യുക എന്ന കടുത്ത കുറ്റത്തിന്റെയും ശിക്ഷാർഹമായ പെരുമാറ്റത്തിന്റെയും പേരിൽ രണ്ടാമത്തെ ഇംപീച്ച്മെന്റിന് അദ്ദേഹം വിധേയനാകുന്നതുവരെ കാര്യങ്ങൾ എത്തിച്ചേർന്നു.




തെരഞ്ഞെടുപ്പുഫലത്തെ അസാധുവാക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ, അവസാനവട്ട ശ്രമമെന്ന നിലയിൽ തെരഞ്ഞെടുപ്പുഫലത്തെ ഔദ്യോഗികമായി അംഗീകരിക്കുന്നത് തടസ്സപ്പെടുത്തുന്നതിനായി അക്രമം ആസൂത്രണം ചെയ്യുന്നതിനും, പൊലീസ് സേനയെ പരമാവധി സ്തംഭിപ്പിക്കുന്നതിനും ട്രംപ് ശ്രമിച്ചു. ജനുവരി 6ന് വൈറ്റ് ഹൗസിന് സമീപം തന്റെ അനുയായികളുടെ 'സേവ് അമേരിക്ക റാലി' അദ്ദേഹം സംഘടിപ്പിച്ചു. ഈ തെരഞ്ഞെടുപ്പ് തന്നിൽനിന്നും തട്ടിയെടുത്തതാണ് എന്ന് ഇതിനകം തന്നെ അവരെ വിശ്വസിപ്പിച്ച അദ്ദേഹം, എന്തെങ്കിലും പ്രവർത്തിക്കാൻ അവരെ പ്രേരിപ്പിച്ചു. 'നിങ്ങൾ അങ്ങേയറ്റം പോരാടിയില്ലെങ്കിൽ നിങ്ങൾക്ക് ഒരു രാജ്യമുണ്ടാകില്ല' എന്ന് അദ്ദേഹം ആൾക്കൂട്ടത്തോടു പറഞ്ഞു. ക്യാപ്പിറ്റോളിലേക്ക് നീങ്ങാൻ അവരോട് ആഹ്വാനം ചെയ്തു. വെല്ലുവിളി നിറഞ്ഞ ഈ പ്രസംഗത്തിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട്, ആൾക്കൂട്ടം ക്യാപ്പിറ്റോളിലേക്ക് മാർച്ച് ചെയ്യുകയും, അവിടം അക്രമിച്ച് കീഴ്പ്പെടുത്തി നാശമുണ്ടാക്കുകയും ചെയ്തു. ഇത്തരമൊരു നടപടിയോടെ, നാടിന്റെ നിയമം പാലിക്കുവാൻ അദ്ദേഹത്തെ നിയുക്തനാക്കിയ പാർലമെന്ററി ജനാധിപത്യത്തിന്റെ ഭരണഘടനാപരമായ പ്രതിജ്ഞയാണ് പ്രസിഡന്റ് ട്രംപ് കൈയൊഴിഞ്ഞത്. ഇതിലൂടെ താൻ പറയുന്ന, 'അമേരിക്കയുടെയും അമേരിക്കൻ ജനതയുടെയും മഹത്വ'മല്ല അധികാരക്കൊതി മാത്രമാണ് തനിക്കുവലുതെന്ന് അദ്ദേഹം കാണിച്ചുതന്നു. ലോകം മുഴുവൻ ഈ സംഭവത്തിൽ നടുങ്ങിയപ്പോൾ, അമേരിക്കക്കാർതന്നെ ഇതിനെ ജനാധിപത്യത്തിനുമേലെയുള്ള ആക്രമണമായികണ്ട് അപലപിച്ചപ്പോൾ, ട്രംപ് മലക്കം മറിഞ്ഞ് പരാജയം അംഗീകരിച്ചു. അക്രമത്തെയും നിയമവിരുദ്ധതയെയും അപലപിച്ചുവെങ്കിലും, പിന്നിട്ടും അദ്ദേഹം അതിൽനിന്ന് പിന്നാക്കം പോയി.

> **തങ്ങളുടെ രാജ്യത്ത് നിലനിൽക്കുന്ന ജനാധിപത്യത്തെക്കുറിച്ച് പലപ്പോഴും അമേരിക്കൻ ഭരണാധികാരികൾ മേനി നടിക്കാറുണ്ടായിരുന്നു. തങ്ങളുടെ കൽപനകൾക്കുമുന്നിൽ മുട്ടുമടക്കാൻ വിസ്സമ്മതിക്കുന്ന മറ്റു രാജ്യങ്ങളിൽ ജനാധിപത്യം കൊലചെയ്യപ്പെടുന്നതിനെക്കുറിച്ച് അവർ ആശങ്ക പ്രകടിപ്പിക്കാറുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ എന്താണ് അവരുടെ സ്വന്തം രാജ്യത്തു കാണുന്നത്? ആ ജനാധിപത്യത്തെ യുഎസ് പ്രസിഡന്റ്തന്നെ ചോദ്യം ചെയ്തിരിക്കുന്നു.**

### അമേരിക്കൻ ജനാധിപത്യമെന്ന മിത്തിന്റെ തകർച്ച

പലരുടെ മനസ്സിലും അമേരിക്കൻ ജനാധിപത്യം എന്ന ഒരു മിത്ത് നിലനിന്നിരുന്നു. തങ്ങളുടെ രാജ്യത്ത് പ്രവർത്തിക്കുന്ന സജീവമായ ജനാധിപത്യത്തെക്കുറിച്ച് പലപ്പോഴും അമേരിക്കൻ ഭരണാധികാരികൾ മേനി നടിക്കാറുണ്ടായിരുന്നു. തങ്ങളുടെ കൽപ്പനകൾക്കുമുന്നിൽ മുട്ടുമടക്കാൻ വിസ്സമ്മതിക്കുന്ന മറ്റു രാജ്യങ്ങളിൽ ജനാധിപത്യം കൊലചെയ്യപ്പെടുന്നതിനെക്കുറിച്ച് തങ്ങൾക്കുള്ള ഉത്കണ്ഠ അവർ പലപ്പോഴും പ്രകടിപ്പിക്കാറുണ്ടായിരുന്നു. അതായത്, അത്തരം 'തെമ്മാടി രാഷ്ട്രങ്ങളിലേക്ക്' യുദ്ധക്കപ്പലുകളിലൂടെയും ഭീകരമായ സാമ്പത്തിക ഉപരോധങ്ങളിലൂടെയും 'ജനാധിപത്യം കയറ്റിയയക്കാനുള്ള അവകാശം' അവർ സ്വയം പതിച്ചെടുത്തിരുന്നു. അടുത്തിടെ നടന്ന യുദ്ധക്കുറ്റങ്ങൾ, അട്ടിമറികൾ, കൊലപാതകങ്ങൾ, ആസൂത്രിതമായ അക്രമങ്ങൾ, കലാപങ്ങൾ - ഇതെല്ലാം യുഎസ് ഭരണാധികാരികൾ, ജനാധിപത്യം നടപ്പാക്കുക എന്ന മറയിൽ, ഇറാഖ്, സിറിയ, അഫ്ഗാനിസ്ഥാൻ, ലിബിയ, വെനസ്വേല, തുടങ്ങിയ രാജ്യങ്ങളിൽ നടപ്പാക്കിയതാണ്. പക്ഷേ ഇപ്പോൾ എന്താണ് അവരുടെ സ്വന്തം രാജ്യത്തു കാണുന്നത്? ആ ജനാധിപത്യത്തിന്റെ ഫലസിദ്ധിയെ ചോദ്യം ചെയ്തുകൊണ്ട്, യുഎസ് പ്രസിഡന്റുതന്നെ അതിന്റെ പ്രവർത്തനത്തെക്കുറിച്ച് ചോദ്യങ്ങളുയർത്തുകയാണ്. നവംബറിൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിലെ തോൽവിയെ അംഗീകരിക്കാൻ ഡൊണാൾഡ് ട്രംപ് രണ്ടുമാസം വിസ്സമ്മതിച്ചു. അടിസ്ഥാനമില്ലാത്ത ഗൂഢാലോചനാസിദ്ധാന്തങ്ങൾ പടച്ചുവിട്ടുകൊണ്ടും, ഉത്തരവാദിത്തമില്ലാതെ തെരഞ്ഞെടുപ്പു തട്ടിപ്പിനെക്കുറിച്ച് തെളിയിക്കപ്പെടാത്ത ആരോപണങ്ങൾ ഉന്നയിച്ചും, സമൂഹമാധ്യമങ്ങൾവഴി വ്യാജവാർത്തകൾ പ്രചരിപ്പിച്ചും, തന്റെ അനുയായിക്കൂട്ടങ്ങളെ കുത്തിയിളക്കി അവരുടെ രോഷത്തീയിൽ എണ്ണയൊഴിച്ചും, അദ്ദേഹം മുന്നോട്ടുപോയി. ചില സമൂഹമാധ്യമങ്ങൾക്കും ടെലിവിഷൻ ചാനലുകൾക്കും ഏറെക്കാലം അദ്ദേഹത്തെ ബഹിഷ്ക്കരിക്കേണ്ട അളവുവരെ അത് മുന്നോട്ടു പോയി. ഇന്നും, തന്റെ അനുയായികളെ ഇളക്കിവിടുന്നതിൽനിന്നും വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതിൽനിന്നും അദ്ദേഹത്തെ തടയുന്നതിനായി, അദ്ദേഹത്തിന്റെ സമൂഹമാധ്യമ അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്തിരിക്കുകയാണ്. തന്റെ ശത്രുക്കളോട്-അതായത്, താൻതന്നെ തെരഞ്ഞെടുത്ത തന്റെ ക്യാബിനറ്റ് അംഗങ്ങളടക്കം തന്നെ എതിർക്കുകയും വിമർശിക്കുകയും ചെയ്യുന്നവർ-പകരംവീട്ടുന്നതിനായി സർക്കാർ ഉദ്യോഗസ്ഥരെ അദ്ദേഹം സമ്മർദ്ദത്തിലാഴ്ത്തുകയായിരുന്നു. അവസാനമായി, തെരഞ്ഞെടുപ്പു ഫലം അട്ടിമറിക്കാനായി, അനുയായികളെയും ആൾക്കൂട്ടങ്ങളെയും കുത്തിയിളക്കിവിട്ട് ക്യാപ്പിറ്റോളിനുനേർക്ക് നടത്തിയ ആക്രമണവും.

### ബൂർഷ്വ ജനാധിപത്യത്തിന്റെ അധഃപതനം

ഈ സംഭവത്തെക്കുറിച്ചുള്ള വിവരങ്ങളും അതിന്റെ പശ്ചാത്തലവുമാണ് ഇതുവരെ നമ്മൾ ചർച്ച ചെയ്തത്. പക്ഷേ, എന്താണിതെല്ലാം വ്യക്തമായും വെളിവാക്കുന്നത് എന്നതാണ് ചോദ്യം. പൂർണ്ണമായും ജനാധിപത്യപരമായ ഒരു സംവിധാനത്തിൽ, ജനാധിപത്യവിരുദ്ധരും ജനാധിപത്യ അനുകൂലികളും തമ്മിലുള്ള സംഘർഷമായിരുന്നു ട്രംപ്-ബൈഡൻ പോരാട്ടം എന്നാണോ? ട്രംപ് അധികാരക്കൊതിയനായ ഒരു ക്രൂരനാണ്, അദ്ദേഹത്തിന്റെ പരാജയം ആ ക്രൂരതയുടെ അവസാനത്തെ

(ശേഷം 12-ാം പേജിൽ)

# ട്രംപിന്റെ പതനമോ ബൈഡന്റെ ഉദയമോ അമേരിക്കൻ ജനാധിപത്യത്തിന്റെ അപചയം തടയാൻ പര്യാപ്തമല്ല

(11-ാം പേജിൽ നിന്ന്)

കരിക്കുന്നു എന്നാണോ വിശ്വസിക്കേണ്ടത്? അങ്ങനെയൊക്കെ ചിന്തിക്കുന്നത്, സത്യത്തെനമ്മിൽ നിന്നും അകറ്റിനിർത്തും. മരണാസന്നമായ ദുഷിച്ച മുതലാളിത്ത സംവിധാനത്തിനുള്ളിൽ ബൂർഷ്വാ ജനാധിപത്യത്തിന്റെ വർധിച്ചുവരുന്ന തകർച്ചയാണ് ഇവിടെ നഗ്നമായി വെളിവാകുന്നത്. പക്ഷേ, എന്തുകൊണ്ടാണിത്?

ചരിത്രത്തിന്റെ ദൃഢമായ പാതയിലാണ് ഇതിന്റെ ഉത്തരം തേടേണ്ടത്. വികാസത്തിന്റെ പാത പിന്തുടർന്ന് മുതലാളിത്തം സ്വതന്ത്ര്യവ്യാപാരത്തിന്റെ ഘട്ടത്തിൽ നിന്നും കുത്തക എന്ന ഘട്ടത്തിലേക്ക് പ്രവേശിച്ചു. കുത്തകകളുടെ വരവ്, സ്വതന്ത്രമൽസരത്തിന്റെ മരണമണി മുഴക്കി. അപ്പോൾ, രാഷ്ട്രീയ ഉപരിഘടനയിൽ സമതയുടെയും, ചങ്ങലകളില്ലാത്ത ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെയും തത്വത്തിന് പ്രഹരമേറ്റു. സമ്പദ്ഘടനയെ, അതായത് ഉത്പാദന സംവിധാനത്തെ നിയന്ത്രിക്കുന്നവർ തന്നെയാണ് രാഷ്ട്രീയത്തെയും, ആത്മീയ ഉത്പാദനത്തിന്റെ മേഖലയെയും, ആശയങ്ങളും സംസ്ക്കാരവും അടങ്ങുന്ന മാനസിക ഉത്പാദനത്തെയുമടക്കം, സമൂഹത്തിന്റെ എല്ലാ തുറകളെയും നിയന്ത്രിക്കുന്നത്. സമ്പദ്വ്യവസ്ഥയ്ക്കുമേലുള്ള കുത്തകകളുടെ പിടിയും നിയന്ത്രണവും കൂടുതൽ കരുത്താർജ്ജിച്ചതോടെ പാർലമെന്റിന്റെ പരമാധികാരത്തെ കൂടുതൽ വെട്ടിച്ചുരുക്കുന്നതിലേക്കും അതിനെ തങ്ങളുടെ അനുബന്ധം മാത്രമാക്കി തീർക്കുന്നതിലേക്കും അവർ നീങ്ങി. പക്ഷേ, തങ്ങളുടെ ലക്ഷ്യങ്ങളും പ്രവൃത്തികളും ജനങ്ങളിൽനിന്നും മറച്ചുപിടിക്കുന്നതിനായി പാർലമെന്ററി ജനാധിപത്യത്തിന്റെ മേലാപ്പ് നിലനിർത്തുന്നത് അവർ തുടർന്നു.

പ്രതിസന്ധിയും ദുഷിപ്പും നിറഞ്ഞ മുതലാളിത്തത്തിന്, ചൂഷണവും വഞ്ചനയും ദുരിതവുമല്ലാതെ മറ്റൊന്നും സാധാരണക്കാരായ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് നൽകുവാനില്ല. അതിന്റെ രാഷ്ട്രീയസംവിധാനമായ പാർലമെന്ററി ജനാധിപത്യമാകട്ടെ, അഴിമതിയും, നൈതിക-ധാർമ്മിക തകർച്ചയുംമൂലം പുഴുത്തു നാറുന്നു. അലംഘ്യമായ പ്രവർത്തന നിയമംമൂലം, മുതലാളിത്തസംവിധാനം കൂടുതൽ പ്രതിസന്ധി ഗ്രസ്തമാകുമ്പോൾ, ഭരണമുതലാളിവർഗ്ഗം ഏതുവിധേനയും തങ്ങളുടെ ചൂഷണവാഴ്ചയുടെ ആയുസ്സ് നീട്ടുന്നതിനായി, മുതലാളിത്ത ജനാധിപത്യത്തിൽ നിലനിൽക്കുന്ന എല്ലാ ചട്ടങ്ങളെയും മൂല്യങ്ങളെയും കീഴ്വഴക്കങ്ങളെയും നൈതികതയെയും നശിപ്പിച്ചുകൊണ്ട്, ഫാസിസ്റ്റ് ഏകാധിപത്യത്തിലേക്ക് നീങ്ങുകയാണ്.

## ഇരുകക്ഷി ജനാധിപത്യം, പ്രസിഡൻഷ്യൽ ഭരണരീതി എന്നിവയെ കുറിച്ചുള്ള മിഥ്യാബോധം

ഒരുപാട് പാർട്ടികൾ പൊട്ടിമുളച്ചതാണ് എല്ലാ അനർത്ഥത്തിനും കാരണം എന്നൊരു ചിന്ത നമ്മുടെ രാജ്യത്തുണ്ട്. യഥാർത്ഥത്തിൽ, ഇത്തരമൊരു തോന്നൽ ഉണർത്തിവിടുന്നതിനും, ചെറുകക്ഷികളെ ഒഴിവാക്കിക്കൊണ്ട് തെരഞ്ഞെടുക്കപ്പെടാൻ രണ്ട് കക്ഷികൾ മാത്രം നിലനിൽക്കുന്ന അവസ്ഥയുണ്ടാക്കുന്നതിനും അതിനനുസൃതമായ തെരഞ്ഞെടുപ്പു പരിഷ്കാരങ്ങൾക്കായുള്ള നീക്കങ്ങൾക്ക് കൗശലപൂർവ്വം ഇന്ധനം പകരുന്നതിനും പിന്നിൽ, ഭരണവൃത്തങ്ങൾ തന്നെയാണ്. ഇതിലൂടെ അനാവശ്യഘടകങ്ങൾ പാർലമെന്റിൽ കടന്നുകൂടുന്നത് ഒഴിവാക്കാനാകും എന്നവർ അവകാശപ്പെടുന്നു. ഒരുപാട് കക്ഷികളെ ശ്രദ്ധിക്കുന്നതിലും എളുപ്പമാണത്രെ രണ്ടു കക്ഷികളെ മാത്രം ശ്രദ്ധിക്കുന്നത്. അതിലുപരി, അവർ ആഗ്രഹിക്കുന്ന, അധികാരത്തിന്റെ കേന്ദ്രീകരണത്തിനാണ് ഇത് സഹായിക്കുക. ആശയക്കുഴപ്പത്തിലാകുന്ന ഒരു വിഭാഗം ജനങ്ങൾ ഇതിനു വശംവദരാകുന്നു. പാർലമെന്റിനെ നിഷ്ക്രിയമാക്കിക്കൊണ്ട്, ബൂർഷ്വ ജനാധിപത്യത്തിന്റെ സത്തയെത്തന്നെ ഇല്ലാതാക്കിക്കൊണ്ട്, അതിനെ തങ്ങളുടെ ഒരു അനുബന്ധം മാത്രമാക്കി മാറ്റാനുള്ള തന്ത്രങ്ങളാണ് ഭരണകുത്തകകൾ ഇന്ന് നെയ്തെടുക്കുന്നത്. ഇരുകക്ഷി ജനാധിപത്യം ഈ രൂപകൽപ്പനക്ക് കൃത്യമായി യോജിക്കും. ഏറെമുമ്പുതന്നെ, എസ്‌യുസിഐ(സി) സ്ഥാപക ജനറൽ സെക്രട്ടറിയും മഹാനായ മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് ഇപ്രകാരം അഭിപ്രായപ്പെട്ടു. "...രൂപത്തെ സംബന്ധിച്ചിടത്തോളം ഫാസിസം നിയതമായ ഒരു രൂപഘടനയും അവതരിപ്പിക്കുന്നില്ല. വിവിധ രാജ്യങ്ങളിൽ പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് അത് വിവിധ രൂപങ്ങൾ കൈക്കൊണ്ടു. ചിലയിടങ്ങളിൽ അത് വ്യക്തിയുടെ ഏകാധിപത്യത്തിന്റെ രൂപം സ്വീകരിച്ചു. ചിലയിടങ്ങളിൽ ഫാസിസം സൈനികഭരണത്തിന്റെ ഏകാധിപത്യമായി. പിന്നെയും ചില രാജ്യങ്ങളിൽ അത് ജനാധിപത്യത്തിന്റെ മേലങ്കി അണിഞ്ഞുകൊണ്ട് പാർലമെന്റിനെ പേരിന് നിലനിർത്തിയെങ്കിലും, രാഷ്ട്രീയവും സാമ്പത്തികവും ആയ കേന്ദ്രീകരണത്തിലൂടെ അതിന്റെ അധികാരത്തെ ചുരുക്കി. ഇരുകക്ഷി പാർലമെന്ററി ഭരണസംവിധാനത്തിലൂടെ, ജനാധിപത്യരൂപത്തിൽ ഫാസിസം പ്രത്യക്ഷപ്പെടുന്നത് തീർച്ചയായും ചരിത്രത്തിൽമുൻമാതൃകകളില്ലാത്ത ഒരു യുദ്ധാനന്തര സാമൂഹികപ്രതിഭാസമാണ്. പ്രത്യക്ഷത്തിൽ അത് വളരെ ജനാധിപത്യപരമായി തോന്നാമെങ്കിലും, അതേസമയംതന്നെ അത് തികച്ചും വഞ്ചനാപരവുമാണ്. ഫാസിസത്തെ അതിന്റെ ഉള്ളടക്കവും വ്യതിരിക്ത ലക്ഷണങ്ങളുംകൊണ്ടല്ലാതെ അതിന്റെ രൂപം കൊണ്ട് മാത്രം തിരിച്ചറിയാൻ ശ്രമിക്കുന്ന പല ബുദ്ധിജീവികളെയുംവാസ്തവത്തിൽ അതിന് കബളിപ്പിക്കാൻ സാധിക്കുന്നുമുണ്ട്..." (കോൾ ഓഫ് ദ അവർ, സമാഹൃതകൃതികൾ, രണ്ടാം വോള്യം) കൃത്യമായും ഇതു തന്നെയാണ് യുഎസ്, യുകെ തുടങ്ങി മറ്റു പല രാജ്യങ്ങളിലും കാണുന്നത്. ഒരു ദ്വികക്ഷി സംവിധാനത്തിൽ, ഭരണവർഗ്ഗം തങ്ങളുടെ താത്പര്യാർത്ഥം തങ്ങൾക്കു വിധേയരായ രണ്ടു പാർട്ടികളെ ഭരണത്തിനായി തെരഞ്ഞെടുക്കും. ജനങ്ങൾക്കാകട്ടെ, തങ്ങളുടെ വോട്ടവകാശം ഉപയോഗിച്ച്, തങ്ങളുടെ താത്പര്യത്തിനനുസരിച്ചുള്ള സർക്കാരിനെ തെരഞ്ഞെടുക്കുന്നു എന്ന വിശ്വാസത്തിൽ, ഈ രണ്ടെണ്ണത്തിലൊന്നിനെ മാത്രം തെരഞ്ഞെടുക്കേണ്ടി വരുന്നു. വാസ്തവത്തിൽ, ഭരണവൃത്തങ്ങൾ കുത്തകകളുടെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങളെ ഉപയോഗിച്ചുകൊണ്ട് ഇങ്ങനെയൊരു സംവിധാനം ഏറെക്കുറെ നടപ്പിൽ വരുത്തിക്കഴിഞ്ഞു. ഇത് നിലവിൽതന്നെ തെരഞ്ഞെടുപ്പുകളിൽ കാണാവുന്നതാണ്. ബൂർഷ്വ പ്രചരണയന്ത്രം, തെരഞ്ഞെടുക്കപ്പെടുന്നതിനായി രണ്ടുപാർട്ടികളെ അല്ലെങ്കിൽ മുന്നണികളെ മാത്രം ഉയർത്തിക്കാട്ടുകയും, മറ്റു പാർട്ടികളെയൊക്കെ അവഗണിക്കുകയും തമസ്ക്കരിക്കുകയും ചെയ്യുന്നു. ഇന്ത്യയിലും വിവിധ തെരഞ്ഞെടുപ്പുകളിൽ ഇത് കാണാവുന്നതാണ്. തെരഞ്ഞെടുപ്പ് യുദ്ധത്തെ ഒന്നുകിൽ മുതലാളിവർഗ്ഗത്തിന്റെ രണ്ടു പാർട്ടികളുടേത് മാത്രമായോ, അല്ലെങ്കിൽ രണ്ടു മുന്നണികളുടേത് മാത്രമായോ ചുരുക്കുന്നു. അപ്പോൾ ഇവിടെയും യഥാർത്ഥത്തിൽ അതിവേഗം ഇരുപാർട്ടി ജനാധിപത്യമായി മാറിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ ഒരു പ്രസിഡൻഷ്യൽ രീതിയിലുള്ള ഭരണത്തിനനുകൂലമായും പിന്തുണയുണ്ടാകുന്നു. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്നതിനെക്കുറിച്ച് ഇന്ത്യൻ പ്രധാനമന്ത്രി സംസാരിച്ചത് കഴിഞ്ഞ ദിവസമാണ്. ഈ പശ്ചാത്തലത്തിൽ നോക്കിയാൽ, എക്സിക്യൂട്ടീവിന്റെ കരങ്ങളിലേക്ക് പരമാധികാരം കേന്ദ്രീകരിക്കുന്ന പ്രസിഡൻഷ്യൽ സംവിധാനത്തിന് അനുകൂലമായി പൊതുജനപിന്തുണ നേടിയെടുക്കുന്നതിനായി, നിലമൊരുക്കുന്നതിനുള്ള ശ്രമമായി ഇതിനെ കാണാം. പക്ഷേ, പ്രസിഡൻഷ്യൽ സംവിധാനവും ദ്വികക്ഷി ജനാധിപത്യവും നിലനിൽക്കുന്ന യുഎസിൽ ഇപ്പോൾ ഉണ്ടായ ഈ സംഭവം, ഈ രണ്ടു രൂപങ്ങൾ അല്ലെങ്കിൽ ഇവയുടെ സങ്കരമെന്നത് എത്രത്തോളം ജനാധിപത്യപരമാണെന്നതിൽ കണ്ണുതുറപ്പിക്കേണ്ടതാണ്.

ഒരുപാട് പാർട്ടികൾ പൊട്ടിമുളച്ചതാണ് എല്ലാ അനർത്ഥത്തിനും കാരണം എന്നൊരു ചിന്ത നമ്മുടെ രാജ്യത്തുണ്ട്. യഥാർത്ഥത്തിൽ, ഇത്തരമൊരു തോന്നൽ ഉണർത്തിവിടുന്നതിനും, ചെറുകക്ഷികളെ ഒഴിവാക്കിക്കൊണ്ട് തെരഞ്ഞെടുക്കപ്പെടാൻ രണ്ട് കക്ഷികൾ മാത്രം നിലനിൽക്കുന്ന അവസ്ഥയുണ്ടാക്കുന്നതിനും അതിനനുസൃതമായ തെരഞ്ഞെടുപ്പു പരിഷ്കാരങ്ങൾക്കായുള്ള നീക്കങ്ങൾക്ക് കൗശലപൂർവ്വം ഇന്ധനം പകരുന്നതിനും പിന്നിൽ, ഭരണവൃത്തങ്ങൾ തന്നെയാണ്.




കൂടാതെ, ഈ ദ്വികക്ഷി സമ്പ്രദായമോ പ്രസിഡൻഷ്യൽ ഭരണമോ നിലനിൽക്കുന്ന രാജ്യങ്ങളിൽ ജനങ്ങളുടെ കഷ്ടസ്ഥിതിക്കു മാറ്റമുണ്ടായിട്ടുണ്ടോ? അതോ അത് ഇരട്ടിച്ചോ? അവിടെ അഴിമതിയും ദുർഭരണവും വഴിപിഴയ്ക്കലും കുറഞ്ഞോ അതോ കൂടിയോ? എല്ലായിടത്തും പാർലമെന്ററി ജനാധിപത്യത്തെ, അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളും പ്രതിജ്ഞകളും ഉരിഞ്ഞുകളഞ്ഞ്, വെറും അസ്ഥികൂടം മാത്രമായി മാറ്റിയിട്ടില്ലേ? അമേരിക്കയിലെ ഇപ്പോഴത്തെ സംഭവവികാസങ്ങൾ ഇതിന്റെ കൃത്യമായ നിദർശനമാണ്. ശരിയായി ചിന്തിക്കുന്ന ജനാധിപത്യബോധമുള്ള ജനങ്ങളൊക്കെയും വളരെ വിഷമത്തോടെ നിരീക്ഷിക്കുന്നത്, അധികാരക്കൊതിപൂണ്ട സ്വാർത്ഥമതികൾ മാത്രമല്ല, കുറ്റവാളികളും സാമൂഹികവിരുദ്ധരുംപോലും ബൂർഷ്വാ പാർട്ടികളുടെ നേതൃത്വത്തിലേക്കെത്തുകയും, ഉന്നതമായ നിയമനിർമ്മാണകേന്ദ്രങ്ങളായ നിയമനിർമ്മാണസഭകളിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും, നിയമനിർമ്മാതാക്കളും മന്ത്രിമാരുമൊക്കെയായി മാറി, അതുവഴി കശാപ്പു ചെയ്യപ്പെട്ട പാർലമെന്ററി ജനാധിപത്യത്തിന്റെ നടത്തിപ്പുകാരായി മാറുന്നു. പണം-മാഫിയ-മാധ്യമം - ഇവരാണ് ഇന്ന് കാര്യങ്ങൾ തീരുമാനിക്കുന്നത്. ഇത് രാഷ്ട്രീയത്തിന്റെ ക്രിമിനൽവൽക്കരണമല്ലാതെ ഒന്നുമല്ല. ഈപ്രക്രിയയിലൂടെ ഭരണവർഗ്ഗം നേടുന്നതെന്തെന്നാൽ, ജനങ്ങളുടെ യഥാർത്ഥപ്രതിനിധികളുടെ കടന്നുവരവിനെ തടുത്തുകൊണ്ട്, പാർലമെന്റിനുള്ളിൽ ജനശബ്ദം മുഴങ്ങുന്നത് തടയുക എന്നതാണ്. ഭരണകുത്തകകൾ ഒരു കാര്യത്തെക്കുറിച്ച് എപ്പോഴും ജാഗരൂകരായിരിക്കും. ജനവിരുദ്ധനയങ്ങൾ തീവ്രമായി പിന്തുടരുന്നതുകൊണ്ടോ, സ്വയം പുകഴ്ത്തൽകൊണ്ടോ, കാര്യങ്ങൾ പരിധിവിട്ട് ചെയ്യുന്നതുകൊണ്ടോ ഏതെങ്കിലും ഭരണകക്ഷിക്കോ നേതാവിനോ ജനങ്ങളുടെ മുന്നിൽ തീർത്തും വിശ്വാസ്യത നഷ്ടപ്പെടാൻ പാടില്ല. കാരണം, ഭരണവിരുദ്ധവികാരം എന്നതിനപ്പുറം ജനരോഷം വളർന്ന് അത് വ്യവസ്ഥിതിക്കെതിരേയുള്ള മനോഭാവമായി മാറാം എന്നവർ ഭയപ്പെടുന്നു. അങ്ങനെ സംഭവിക്കുന്നപക്ഷം, ഭരണവർഗ്ഗം കൗശലപൂർവ്വം, ഭരിക്കുന്ന പാർട്ടിയെയോ നേതാവിനെയോ തങ്ങളോടു വിശ്വസ്തരായ മറ്റൊരു പാർട്ടിയെയോ നേതാവിനെയോ മാറ്റി തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. അപ്പോൾ, തേഞ്ഞുതീർന്ന പാർലമെന്ററി ജനാധിപത്യത്തിനുള്ളിൽ ഭരണമുതലാളിത്തത്തിന്റെ ഒന്നല്ലെങ്കിൽ മറ്റൊരു പ്രതിനിധിയെ മാറിമാറി ജനം തെരഞ്ഞെടുക്കേണ്ടി വരുന്നു. ചൂഷണമുതലാളിത്ത സംവിധാനം പോറലേൽക്കാതെ നിലകൊള്ളുന്നു. ഇത് നാം നമ്മുടെ രാജ്യത്ത് കണ്ടുകഴിഞ്ഞു. ഇത് നമ്മൾ യുഎസിലും കണ്ടു. അധികാര ദുരുപയോഗവും തീർത്തും അധമമായ പെരുമാറ്റവും തോന്നിയപോലെയുള്ള പ്രവൃത്തികളും കൊണ്ട് ജനങ്ങളെ ശത്രുപക്ഷത്താക്കിയ ട്രംപിന്, യുഎസ് കുത്തകകളുടെ സമ്പൂർണ്ണമായ പിന്തുണ കിട്ടിയില്ലെന്നത് വ്യക്തമാണ്. അതുകൊണ്ട് ജോ ബൈഡന് ട്രംപിനുമേൽ വിജയം വരിക്കാൻ സാധിച്ചു.

## ട്രംപിനും മോദിക്കുമിടയിലെ ചങ്ങാത്തം

ഒരു കാര്യം ശ്രദ്ധാർഹമാണ്. പ്രതിസന്ധിയിൽമുങ്ങിയ പഴഞ്ചനും അഴിമതി നിറഞ്ഞതും പിന്തിരിപ്പനുമായ മുതലാളിത്ത സംവി

(ശേഷം 13-ാം പേജിൽ)

# ചൂഷണരഹിത സമൂഹത്തിനായുള്ള പോരാട്ടത്തിന്റെ പാതയിലൂടെ അമേരിക്കൻ ജനത മുന്നേറണം

*(12-ാം പേജിൽ നിന്ന്)*

ധാനമാണ്, സാമ്പത്തികദുരിതം, വർധിക്കുന്ന അസമത്വം, ഇല്ലായ്മ, മലിനമായ സാമൂഹിക-സാംസ്കാരിക മേഖലകൾ, മൂല്യത്തകർച്ച തുടങ്ങി എല്ലാ തിന്മകളുടെയും മൂലകാരണം. ഈ സത്യത്തെ മറച്ചുപിടിക്കുവാനും, ജനങ്ങളെ കബളിപ്പിച്ച് തെരഞ്ഞെടുപ്പ തിരിച്ചടി ഒഴിവാക്കാനുള്ള ശ്രമത്തിലും, നേരത്തേ സൂചിപ്പിച്ചതുപോലെ വെള്ളക്കാരുടെ മേധാവിത്വ മനോഭാവത്തെ ആളിക്കത്തിച്ച് ഉപയോഗിക്കുക എന്ന മാർഗ്ഗമാണ് ട്രംപ് ഉപയോഗിച്ചത്. ഇത്രയൊക്കെ നാണംകെട്ട പ്രവൃത്തികൾ ചെയ്തുകൂട്ടിയിട്ടും, അമേരിക്കൻ ചരിത്രത്തിൽത്തന്നെ രണ്ടാമത്തെ ഉയർന്ന വോട്ടുനേട്ടമായ 70 ദശലക്ഷം വോട്ടുകൾ കരസ്ഥമാക്കുന്നതിൽ അദ്ദേഹം വിജയിച്ചു എന്ന വസ്തുത, ട്രംപിന്റെ ശ്രമം വിജയിച്ചു എന്നതിന്റെ തെളിവാണ്.

ദേശീയതലത്തിലെ മൊത്തം വോട്ടുകളുടെ 47% അദ്ദേഹത്തിന്റേതായിരുന്നു. ഇത് കാണിക്കുന്നത്, രാജ്യത്തെ വലിയ വിഭാഗം ജനങ്ങൾക്കിടയിൽ സ്വാധീനമുറപ്പിക്കുന്നതിൽ ട്രംപ് വിജയിച്ചു എന്നതാണ്. യുക്തിക്ക് നിരക്കാത്ത ഈ ബന്ധത്തിലൂടെ ആയിരക്കണക്കിന് അനുയായികളെ, ആരാധനയോളംപോന്ന അർപ്പണബോധത്തിലേക്കാണ് അദ്ദേഹം കൊണ്ടുചെന്നെത്തിച്ചത്. വർഗ്ഗീയസംഘർഷങ്ങളെ ഊതിപ്പെരുപ്പിച്ചും ട്വീറ്റുകളിൽ വംശീയത നിറഞ്ഞ ഭാഷ ഉപയോഗിച്ചും, ആളുകളെ നിറത്തിന്റെ പേരിൽ അധിക്ഷേപിച്ചും, വെള്ളക്കാരായ വംശീയവാദികളെ അധിക്ഷേപിക്കുന്നതിൽ മടികാണിച്ചും, ബുദ്ധിജീവിനാട്യവും വിചിത്രമായ ആത്മപ്രശംസനടത്തിയും അദ്ദേഹം ആയിരക്കണക്കിന് അനുയായികളിൽ ആരാധന നിറഞ്ഞ അർപ്പണത്തോടെയുള്ള യുക്തിഹീനമായ ബന്ധമാണ് സൃഷ്ടിച്ചത്.

ഇപ്പോൾ യുഎസിലെയും ഇന്ത്യയിലെയും സാഹചര്യങ്ങളെ താരതമ്യം ചെയ്യുകയാണെങ്കിൽ പല സാമ്യങ്ങളും കണ്ടെത്താൻ സാധിക്കും. ഈ രണ്ടു സാമ്രാജ്യത്വ രാജ്യങ്ങളിലെയും സമ്പദ്ഘടനകൾ മൂക്കുകുത്തിക്കൊണ്ടിരിക്കുന്നു. സാധാരണജനങ്ങളുടെ ദുരിതവും കഷ്ടപ്പാടും, തൊഴിലില്ലായ്മയും, തൊഴിൽനഷ്ടവും, കുറ്റകൃത്യങ്ങളുമൊക്കെ മാനംമുട്ടെ കുതിച്ചുയരുന്നു. രണ്ടു രാജ്യങ്ങളിലെയും ഭരണകൂടങ്ങളാകട്ടെ, അതിതീവ്ര ദേശീയതയുടെ മുദ്രാവാക്യങ്ങളുയർത്തിയാലും ശരി, ഐക്യത്തിന്റെ ആശ്വാസപ്രഭാഷണം നടത്തിയാലുംശരി, അവരെല്ലാംതന്നെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണു ശ്രമിക്കുന്നത്. സാമ്പത്തികതകർച്ചയുടെയും, സാമൂഹിക അരക്ഷിതാവസ്ഥയുടെയും ജീവിതത്തിന്റെ അനിശ്ചിതാവസ്ഥയുടെയും, സാധാരണ ബഹുജനങ്ങളെ അകപ്പെടുത്തിയിരിക്കുന്ന കൊടിയ ദുരിതങ്ങളുടെയും ഒക്കെ യഥാർത്ഥ കാരണങ്ങളിൽനിന്നും അവരുടെ ശ്രദ്ധതിരിക്കുക എന്നതാണ് ഉദ്ദേശ്യം. ജനങ്ങളെ ഭിന്നിപ്പിച്ച് നിർത്തുവാൻവേണ്ടി ഭരണകർത്താക്കൾതന്നെ സൃഷ്ടിച്ച വംശീയ-വർഗ്ഗീയ-വിഭാഗീയ വേർതിരിവുകൾകൊണ്ട് രണ്ട് സമൂഹങ്ങളും രോഗാതുരമായിരിക്കുന്നു. രണ്ട് രാജ്യങ്ങളിലും ന്യൂനപക്ഷങ്ങളെയും അധഃസ്ഥിതരെയും ശിക്ഷാഭീതിയില്ലാതെ ദ്രോഹിക്കുന്നതും കൊല്ലുന്നതും വ്യാപകമാകുന്നു. ഈ രണ്ട് രാജ്യങ്ങളിലെയും ഉന്നതനേതാക്കൾക്ക് ഒരു അതിമാനുഷ പരിവേഷം നൽകാനുള്ള നിരന്തരമായ ശ്രമവും ദൃശ്യമാണ്. അതുകൊണ്ട്, ട്രംപിനും മോദിക്കും വിശ്വസ്തരായ സഖ്യകക്ഷികളായും ഒരേ തോണിയിലെ യാത്രക്കാരായും പരസ്പരം തിരിച്ചറിയാൻ സാധിച്ചു. അതുകൊണ്ടുതന്നെ, അവർ പരസ്പരം പ്രശംസകൾ ചൊരിയുന്നു. ഏകാധിപതികളായ കരുത്തന്മാരോടുള്ള ആരാധനയാണ് രണ്ടുപേരെയും ചേർത്തുനിർത്തുന്നത്.




രണ്ടുപേരുടെയും അടുപ്പത്തിന്റെ കരുത്തുകാണിക്കാൻ രണ്ട് സംഭവങ്ങൾ എടുത്തുപറയേണ്ടതുണ്ട്. 2019 സെപ്റ്റംബറിൽ യുഎസിലെ ഹ്യൂസ്റ്റണിൽ, 'ഹൗഡി മോദി' എന്ന ചടങ്ങ് ട്രംപ് സംഘടിപ്പിച്ചു. ഇന്ത്യൻ വംശജരായ വോട്ടർമാരെ ആകർഷിക്കുക എന്നതായിരുന്നു ഇതിന്റെ യഥാർത്ഥ ഉദ്ദേശ്യം. മോദി ആഹ്ലാദഭരിതനായി അവിടെ എല്ലാവരോടും ആഹ്വാനം ചെയ്തത്, രണ്ടാമതൊരു വട്ടംകൂടി ട്രംപിനെ തെരഞ്ഞെടുക്കണമെന്നായിരുന്നു. 'അബ്കി ബാർ ട്രംപ് സർക്കാർ' (അടുത്ത തവണയും ട്രംപിന്റെ സർക്കാർ തന്നെ) എന്നതായിരുന്നു മോദി അവിടെ ഉയർത്തിയ മുദ്രാവാക്യം. മാസങ്ങൾക്കകംതന്നെ, അഹമ്മദാബാദിലെ മൊട്ടേറ സ്റ്റേഡിയത്തിൽ ട്രംപിനെ സ്വീകരിക്കാനായി, 100 കോടി രൂപ ചെലവിട്ട്, 'നമസ്തേ ട്രംപ്' എന്ന പരിപാടി മോദി സംഘടിപ്പിച്ചു. മലിനമായ ചേരിപ്രദേശങ്ങളെ രാത്രിക്കുരാത്രി മതിൽ പണിഞ്ഞ് മറച്ചുകൊണ്ടാണ് "തിളങ്ങുന്ന ഇന്ത്യയുടെ' കാഴ്ച ട്രംപിന് സമ്മാനിച്ചത്. ട്രംപുമായുള്ള അടുപ്പത്തിലൂടെ, താനും യുഎസ് പ്രസിഡന്റിന് തുല്യനാണെന്ന് ലോകത്തിനു മുമ്പിൽ തോന്നിപ്പിക്കുന്നതിനായി പ്രധാനമന്ത്രി മോദി ശ്രമിച്ചു എന്നത് വ്യക്തമാണ്. ഇതിലൂടെ, പ്രധാനമന്ത്രി മോദിയും അതേ വൃത്തികെട്ട രാഷ്ട്രീയത്തിന്റെ ഭാഗമാണെന്ന് തെളിയിച്ചു. ജനാധിപത്യവിരുദ്ധമായ ശീലങ്ങളിലും രീതികളിലും അധികാരഭ്രാന്തിലും സ്വയം ഉയർത്തിക്കാട്ടുന്നതിലും ഭരണകുത്തകകളോട് അടിമത്തപരമായ വിധേയത്വം കാട്ടുന്നതിലും വേരൂന്നിയതാണ് ഈ രാഷ്ട്രീയം.

> **ഇപ്പോൾ യുഎസിലെയും ഇന്ത്യയിലെയും സാഹചര്യങ്ങളിൽ പല സാമ്യങ്ങളും കണ്ടെത്താൻ സാധിക്കും. ഈ രണ്ടു സാമ്രാജ്യത്വരാജ്യങ്ങളിലെയും സമ്പദ്ഘടനകൾ മൂക്കുകുത്തിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ദുരിതവും കഷ്ടപ്പാടും, തൊഴിലില്ലായ്മയും, തൊഴിൽനഷ്ടവും, സാമൂഹികകുറ്റകൃത്യങ്ങളുമൊക്കെ മാനംമുട്ടെ കുതിച്ചുയരുന്നു. ഭരണകൂടങ്ങളാകട്ടെ, അതിതീവ്ര ദേശീയതയുടെ മുദ്രാവാക്യങ്ങളുയർത്തി ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണു ശ്രമിക്കുന്നത്.**

ട്രംപിനെസംബന്ധിച്ചിടത്തോളം, വ്യക്തിപരമായ ദുർവൃത്തികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, തന്റെതന്നെ കോർപ്പറേറ്റ്-വാണിജ്യ താത്പര്യങ്ങൾ പിന്തുടരുകയായിരുന്നു അദ്ദേഹം. അതുവഴി ദുഷിച്ച മുതലാളിത്ത സംവിധാനത്തെ ജനരോഷത്തിൽനിന്നും സംരക്ഷിച്ചുപിടിക്കാൻ അദ്ദേഹം സഹായിച്ചു. അപ്പോൾ ട്രംപും മോദിയും തമ്മിലുള്ള ഈ ചങ്ങാത്തമെന്നത്, ഫാസിസ്റ്റ് ഏകാധിപത്യമെന്ന ഒരേ തോണിയിൽ ഒരുമിച്ചു തുഴയുന്നതിലല്ലാതെ മറ്റെന്തിൽ അടിസ്ഥാനപ്പെടുത്തിയതാണ്? ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ അധഃപതനത്തിനും ഉപരിയായി, യുഎസിലെ നീതിന്യായവകുപ്പ്, മാധ്യമങ്ങളിലെ ഒരു വിഭാഗം, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്നിവർക്ക്, വഴിവിട്ടരീതിയിൽപ്രവർത്തിക്കുന്നു എന്നു തോന്നിയാൽ പ്രസിഡന്റിനെതിരെയും ശബ്ദമുയർത്താൻ സാധിക്കുന്നു. ഇംപീച്ചമെന്റിലേക്കു പോകാൻപോലും അവർ ധൈര്യം കാണിക്കുന്നു. പക്ഷേ ഇന്ത്യയിൽ ഈ രീതിയിലുള്ള ജനാധിപത്യവീക്ഷണത്തിന്റെ അഭാവമുണ്ട്.

പകരം ഓരോ ദിനം പിന്നിടുമ്പോഴും, ബ്യൂറോക്രസിമുതൽ ജുഡീഷ്യറി വരെ യും, മാധ്യമങ്ങളും കാണിക്കുന്ന സ്വഭാവമെന്താണ്? എന്ത് കൊടിയ തെറ്റുചെയ്താലും, കള്ളത്തരം കാട്ടിയാലും, ജനാധിപത്യ പ്രക്രിയ അട്ടിമറിച്ചാലും, ഏകാധിപത്യപരമായി പെരുമാറിയാലും, അധികാരത്തിനായി വളരെ പച്ചയായി എന്ത് വഞ്ചന കാണിച്ചാലും, ക്യാബിനറ്റ് മന്ത്രിമാർ അടക്കമുള്ള എക്സിക്യൂട്ടീവിനെ പ്രതിരോധിക്കാനുള്ള ജൂഗുപ്സാവഹമായ പ്രവണതയാണ് ഇവരെല്ലാം ഇപ്പോൾ കാണിക്കുന്നത്. നമ്മുടെ രാജ്യത്ത് ഇംപീച്ച്മെന്റ് പോകട്ടെ, ഇവർക്കൊക്കെ എതിരേയുള്ള ക്രിമിനൽ കേസുകൾപോലും ഒന്നുകിൽ തള്ളിക്കളയുന്നു, അല്ലെങ്കിൽ ഒളിപ്പിച്ചുവെക്കുകയോ സൂത്രത്തിൽ അവസാനിപ്പിക്കുകയോ ചെയ്യുന്നു. സർക്കാരിനെയോ ഭരണകക്ഷിയെയോ വിമർശിക്കുന്ന ഏതൊരാളിനെയും ഉടനടി രാജ്യദ്രോഹിയായും ദേശവിരുദ്ധനായും വഞ്ചകനായും മുദ്രകുത്തുന്നു.

പലപ്പോഴും കസ്റ്റഡിയിലെടുത്ത് വിചാരണ പോലുമില്ലാതെ തടവിൽവച്ച് കള്ളക്കേസുകൾ ചാർത്തുന്നു. ഇതിൽ ചില ആളുകൾ ദുരൂഹമായി കൊല്ലപ്പെടുന്നു. ഇനി, ജനങ്ങളുടേതായി എന്തെങ്കിലും ന്യായമായ പ്രക്ഷോഭങ്ങളുണ്ടായി വന്നാൽ സർക്കാർ തങ്ങളുടെ മുഴുവൻ ശേഷിയും ഉപയോഗപ്പെടുത്തി അതിനെ അടിച്ചമർത്തുന്നു. അതേസമയംതന്നെ ഭരണകൂടത്തിന്റെ തണലിൽ കഴിയുന്ന ക്രിമിനലുകൾക്ക് ആൾക്കൂട്ട കൊലപാതകമടക്കംഎന്തുതരത്തിലുള്ള കുറ്റം ചെയ്താലും രക്ഷപെട്ടു പോകാൻ കഴിയുന്നു. നേരിട്ട് ഒരു ബന്ധവുമില്ലാത്തതോ, വിഷയത്തിനു വെളിയിലുള്ളതോ ആയ കേസുകളിൽപോലും ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാകുന്ന തരത്തിൽ, എക്സിക്യൂട്ടീവിന് അനുകൂലമായ വിധിന്യായങ്ങൾ പുറപ്പെടുവിച്ച് കോടതികൾ അവരെ സംപ്രീതരാക്കുന്നു. ജുഡീഷ്യറിയുടെ ഇത്തരം രീതികൾക്കെതിരെ നീതിന്യായസമൂഹത്തിന്റെ ഒരു വിഭാഗവും പല ഉന്നതവ്യക്തിത്വങ്ങളും അതൃപ്തി രേഖപ്പെടുത്തുന്ന സ്ഥിതിയിലെത്തിയിരിക്കുന്ന കാര്യങ്ങൾ.

## ശരിയായ പരിഹാരമാർഗ്ഗം കണ്ടെത്തുകയും കൃത്യമായി പിന്തുടരുകയും വേണം

ജനാധിപത്യത്തിന്റെ പേരിൽ ഇപ്പോൾ നടക്കുന്ന പ്രഹസനങ്ങളും, ഭരണഘടനാപരമായ വ്യവസ്ഥകളിൽനിന്നുള്ള വ്യക്തമായ വ്യതിചലനങ്ങളും, അധികാരത്തിനായുള്ള അസഹ്യമായ പിടിവലികളും, തെമ്മാടിത്തരവും ചെളിവാരിയെറിയലും സ്വാർത്ഥമതികളായ രാഷ്ട്രീയനേതാക്കളുടെ വക്രോക്തികളും, രാഷ്ട്രീയത്തിന്റെ മലിനീകരണവും എല്ലാത്തിനുമുപരിയായി അധികാരത്തിന്റെ ഇടനാഴികളിൽ വിരാജിക്കുന്ന രാഷ്ട്രീയക്കാരുടെ ആത്മാർത്ഥതയും സത്യസന്ധതയും പക്വതയും തൊട്ടുതീണ്ടാത്ത അവസ്ഥയുമൊക്കെ ജനാധിപത്യമനസ്സുള്ളവരെയും ധിഷണാശാലികളെയും സാമൂഹികപ്രവർത്തകരെയും വളരെയധികം അസ്വസ്ഥരാക്കുകയും വിഷമത്തിലാഴ്ത്തുകയും ചെയ്തിട്ടുണ്ട്. അവർ മനസ്സിലാക്കേണ്ടതെന്തെന്നാൽ, ബൂർഷ്വ ജനാധിപത്യത്തിന്റെ ഈ വ്യക്തമായ അധഃപതനം, യുഎസിലോ ഇന്ത്യയിലോ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച്, അൽപ്പം ഏറ്റക്കുറച്ചിലുകളോടെയാണെങ്കിലും ഇത് മുഴുവൻ സാമ്രാജ്യത്വ-മുതലാളിത്ത ലോകത്തിന്റെയും പൊതുസ്വഭാവമായി തീർന്നിരിക്കുന്നു. ബൂർഷ്വാ ജനാധിപത്യം ഇന്ന് രൂപപ്പെടുത്തിയിരിക്കുന്നത് ദുഷിപ്പും കള്ളവും അഴുക്കും പിന്നെ നിയമങ്ങളുടെയും മൂല്യങ്ങളുടെയും മര്യാദകളുടെയും നഗ്നമായ നിരാസവും കൊണ്ടാണ്. ബൂർഷ്വാ നയതന്ത്രജ്ഞരും അവരുടെ അനുയായികളും എത്ര ഉറക്കെ ജനാധിപത്യത്തെക്കുറിച്ച് വിലപിച്ചാലും, ഈ പിന്തിരിപ്പൻ, പഴഞ്ചൻ സംവിധാനത്തിന്റെ ഉള്ളിലെ ജീർണ്ണത കൂടുതൽ തീവ്രമായി വെളിവാക്കപ്പെട്ടുകൊണ്ടേയിരിക്കും.

ചിന്തിക്കുന്ന ജനങ്ങളോടുള്ള ഞങ്ങളുടെ അപേക്ഷ, സമൂഹത്തിന്റെ പ്രയാണത്തിൽ പാർലമെന്ററി ജനാധിപത്യം അവസാനവാക്കല്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കണം എന്നതാണ്. അത് ഒരു ഘട്ടം മാത്രമാണ്. ചരിത്രപരമായി ആ ഘട്ടത്തിന്റെ പ്രാധാന്യം ഇല്ലാതായിക്കഴിയുമ്പോൾ, പിന്നെ അതേ ചൊല്ലി ദുഃഖിക്കുന്നത് അർത്ഥശൂന്യമാണ്. അതാണ് വിവേകം. ജ്ഞാനവും ധിഷണയും ആവശ്യപ്പെടുന്നത്, സാമൂഹ്യവികാസത്തിന്റെ ശരിയായ പാത കണ്ടെത്തി, അതിലൂടെ മുന്നോട്ടു പോകണമെന്നാണ്. അങ്ങനെ, മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണത്തിന്റെ ചങ്ങലയിൽനിന്നും, വർധിക്കുന്ന ദാരിദ്ര്യത്തിലും ദുരിതത്തിലും നിന്നും, മനുഷ്യരാശിയെ മോചിപ്പിക്കാൻ സംഘടിപ്പിക്കുന്ന വിപ്ലവത്തിലൂടെ മാത്രമേ, എല്ലാ അവശ്യ ഉപാധികളും പൂർത്തീകരിച്ചുകൊണ്ട് മുതലാളിത്തത്തെ തകർത്തെറിയുമ്പോൾ മാത്രമേ, രാഷ്ട്രസംവിധാനത്തെ മലീമസമാക്കുന്ന എല്ലാ കറകളും മാലിന്യങ്ങളും സമൂഹത്തെ വിട്ടൊഴിയുകയുള്ളൂ എന്ന് തിരിച്ചറിയണമെന്നതാണ്. ■

# കെ റെയിൽ ദുരന്ത പദ്ധതിക്കെതിരെ സമര പ്രചാരണ ജാഥ

### സംസ്ഥാനമെമ്പാടും ജനകീയ പ്രക്ഷോഭം ശക്തമാകുന്നു

കേരളത്തെ പല തട്ടിൽ വെട്ടിമുറിക്കുന്നതും പതിനായിരങ്ങളെ കുടിയിറക്കുന്നതുമായ ജനവിരുദ്ധ കെ-റെയിൽ പദ്ധതിക്കെതിരെ സമരാവേശം വിതറിയ തെക്കൻ മേഖല ജാഥ തിരുവനന്തപുരത്ത് സമാപിച്ചു. സംസ്ഥാന കെ റെയിൽ വിരുദ്ധ ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ ജനവരി 14ന് എറണാകുളത്തുനിന്ന് തിരുവനന്തപുരത്തേക്ക് സംഘടിപ്പിച്ച തെക്കൻ മേഖലാ ജാഥ തിരുവാങ്കുളത്ത് നിന്നാണ് ആരംഭിച്ചത്. മൂലമ്പിള്ളി സമര നായിക മേരി ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു. പ്രമുഖ സാമൂഹിക പ്രവർത്തകൻ സി.ആർ.നീലകണ്ഠൻ മുഖ്യപ്രഭാഷണം നടത്തി. സമിതി സംസ്ഥാന ചെയർമാൻ എം.പി. ബാബുരാജ്, ജനറൽ കൺവീനർ എസ്.രാജീവൻ തുടങ്ങിയവർ പ്രസംഗിച്ചു. സി.കെ.ശിവദാസൻ അദ്ധ്യക്ഷതവഹിച്ചു.

എം.പി.ബാബുരാജ്(ജാഥാ ക്യാപ്റ്റൻ), എസ്.രാജീവൻ(വൈസ് ക്യാപ്റ്റൻ ) സി.കെ.ശിവദാസൻ(മാനേജർ), കെ.എസ്.പ്രസാദ് വർക്കല, എ.ഷൈജു, ജെ.എ. നൗഫൽ, എസ്.രാധാമണി, കെ.ജി. അനിൽകുമാർ, ലക്ഷ്മി ആർ.ശേഖർ എന്നിവർ സ്ഥിരാംഗങ്ങളായിരുന്നു. സമിതി രക്ഷാധികാരി എം.ടി. തോമസ്, വിനു കുര്യാക്കോസ്, ശേഖർ, കെ.എസ്.ഹരികുമാർ, ജോർജ് ജോസഫ്, പി.പി.സജീവ് കുമാർ, എൻ.ആർ.മോഹൻകുമാർ, അഡ്വ.സുനു ജോർജ്, ജോസ് പുതുമുള്ളിൽ, ഗർവാസീസ്, കെ.വി. സതീശൻ തുടങ്ങിയവർ ജില്ലാ ജാഥാംഗങ്ങളായി പങ്കെടുത്തു. പദ്ധതി കടന്നുപോകുന്ന 12 കേന്ദ്രങ്ങളിൽ യോഗങ്ങൾ നടത്തി. മുളക്കുളം പള്ളിപ്പടിയിൽ സമാപന യോഗം നടന്നു.

രണ്ടാം ദിവസം ജാഥ കോട്ടയം ജില്ലയുടെ അതിർത്തിയായ മുളക്കുളത്തു നിന്നും രാവിലെ 9 മണിക്ക് ആരംഭിച്ചു. സംസ്ഥാന സമിതിയുടെ രക്ഷാധികാരി എം.ടി. തോമസ് ജാഥ ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ ചാക്കോച്ചൻ മണലേൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് 15 കേന്ദ്രങ്ങളിൽ സ്വീകരണങ്ങൾ ഏറ്റുവാങ്ങി. ഏറ്റുമാനൂരിൽ നടന്ന സമാപന സമ്മേളനം മുനിസിപ്പൽചെയർപേഴ്സൺ ലൗലി ജോർജ് ഉദ്ഘാടനം ചെയ്തു.

സമര ജാഥ മൂന്നാം ദിവസം കോട്ടയം കാരിത്താസിൽനിന്നും ആരംഭിച്ചു. നഗരസഭാംഗം സാബു മാത്യു ഉദ്ഘാടനം ചെയ്തു. കോട്ടയം കളക്ടറേറ്റിനു മുന്നിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, അഡ്വ.ജോഷി ജേക്കബ്, മിനി കെ.ഫിലിപ്പ്, നഗരസഭാംഗം ലിസി കുര്യൻ തുടങ്ങിയവർ അഭിവാദ്യ പ്രസംഗങ്ങൾ നടത്തി. 15 കേന്ദ്രങ്ങളിലെ യോഗങ്ങൾക്ക് സമാപനം കുറിച്ച് മാമൂട് ജംഗ്ഷനിൽ സമാപന സമ്മേളനം നടന്നു. വാർഡ് മെമ്പർ ജി.അശോകിന്റെ അദ്ധ്യക്ഷതയിൽ വി.ജെ.ലാലി ഉദ്ഘാടനം ചെയ്തു. ആന്റണി ജേക്കബ് കുന്നംപുറം മുഖ്യപ്രസംഗം നടത്തി. അന്നമ്മ സാജൻ, സിനി വർഗ്ഗീസ് തുടങ്ങിയ മെമ്പറന്മാരും മറ്റു നേതാക്കളും പങ്കെടുത്തു. ജാഥയിൽ ജില്ലാ കോഡിനേറ്റർ ചാക്കോച്ചൻ മണലേൽ, ശ്രീ.കെ.എസ്.പ്രസാദ് വർക്കല, സി.കെ.ശിവദാസൻ (മാനേജർ) മിനി കെ ഫിലിപ്പ്, ജോയി സെബാസ്റ്റ്യൻ, എ.ജി.അജയകുമാർ, ടി.എൻ.ബിജു, പി.ജി.ശശികുമാർ, കെ.എസ്. ശശികല എന്നിവരും ജാഥാംഗങ്ങളായിരുന്നു.

4-ാം ദിവസം പത്തനംതിട്ട ജില്ലാതിർത്തിയായ കുന്നന്താനത്ത് ആന്റോ ആന്റണി എംപി ഉദ്ഘാടനം ചെയ്തു. ജോസഫ് എം. പുതുശേരി, എസ്എൻഡിപി തിരുവല്ല യൂണിയൻ അസി.സെക്രട്ടറി പി.എസ്.വിജയൻ, അരുൺ ബാബു തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്നു നടന്ന യോഗങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിജി ജോൺ മാത്യു. വാർഡ് മെമ്പർ അനിൽ ബാബു, ജോൺ ചാണ്ടി, രാജു വെട്ടിത്തറ, കെ.എൻ. രവീന്ദ്രൻ, അനീഷ് വി.ചെറിയാൻ, മനോജ് ജോർജ്, കെപിസിസി ജനറൽ സെക്രട്ടറി അനീഷ് വരിക്കണ്ണാമല, സിനു കെ. ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു. ക്യാപ്റ്റൻ എം.പി.ബാബുരാജ്, ജോസഫ് വെള്ളിയാംകുന്ന്, അരുൺ ബാബു, സിനു കെ.ചെറിയാൻ എന്നിവരും ജാഥാംഗങ്ങളായി പങ്കെടുത്തു. ആറാട്ടുപുഴയിൽ നടന്ന സമാപന സമ്മേളനത്തിനുശേഷം തിരുവല്ല കെഎസ്ആർടിസിക്ക് മുന്നിൽ യോഗം നടത്തി.

ആലപ്പുഴ ജില്ലയിൽ പുത്തൻകാവിൽനിന്ന് ആരംഭിച്ച് പത്തനംതിട്ടയുടെ തെക്കുപടിഞ്ഞാറ് അതിർത്തിയായ തെങ്ങമത്ത് അവസാനിച്ചു. പന്ത്രണ്ട് കേന്ദ്രങ്ങളിൽ യോഗങ്ങൾ നടത്തി. ആർ. പാർത്ഥസാരഥി വർമ്മ, ടി.കോശി, കെ.ആർ.ഓമനക്കുട്ടൻ, കെ.ബിമൽജി, പ്രവീൺ, എൻ.ആർ.അജയകുമാർ. ശശി കുമാർ, സുരേഷ് കുമാർ എന്നിവരും ജാഥാംഗങ്ങളായിരുന്നു. സന്തോഷ് പടനിലം ജാഥയ്ക്കു നേതൃത്വം നൽകി.


ആറാം ദിവസം കൊല്ലം പെരുമ്പുഴയിൽ നിന്ന് ആരംഭിച്ച പത്ത് സ്ഥലങ്ങളിൽ യോഗങ്ങൾ സംഘടിപ്പിച്ച് ചാത്തന്നൂരിൽ കാരംകോട് സമാപിച്ചു. പാടശേഖര സമിതി പ്രസിഡന്റ് ജയകുമാരൻ ഉണ്ണിത്താൻ, റിട്ട റെയിൽവേ സ്റ്റാഫ് ഓമനക്കുട്ടൻ, സുരേന്ദ്രൻ പിള്ള, സദാനന്ദൻ, ജോൺസൺ തോമസ് എന്നിവർ പ്രസംഗിച്ചു. ബി.രാമചന്ദ്രൻ, വിജയ കൃഷ്ണൻ, ഷൈല കെ.ജോൺ, വി.ലീല, ഷറഫ് കുണ്ടറ തുടങ്ങിയവരും ജാഥാംഗങ്ങളായിരുന്നു. കൊല്ലം ജില്ലയിലെ സമര ജാഥാപര്യടനം ഇടക്കാട് പഞ്ചായത്ത് മെമ്പർ അരുൺ ഉത്തമൻ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം പഞ്ചായത്ത് മെമ്പർ സിന്ധു ഗോപൻ ഉദ്ഘാടനം ചെയ്തു. സമിതി പ്രസിഡന്റ് കോശി പണിക്കർ അദ്ധ്യക്ഷത വഹിച്ചു. ജനകീയ നേതാക്കളായ എ. ജയിംസ്, ഫാദർ ഗീവർഗീസ് തരകൻ, ഷറഫ് കുണ്ടറ തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ കേന്ദ്രങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റ് അനീഷ് പടപ്പക്കര, മെമ്പർമാരായ അനില, ഷീജ രാധാകൃഷ്ണൻ എന്നിവരും കുന്നത്തൂർ ഗോപിനാഥപിള്ള, പി.പി.പ്രശാന്ത്, വിജയകൃഷ്ണൻ, ശശികുമാർ എന്നിവരും പ്രസംഗിച്ചു. തിരുവനന്തപുരം ജില്ലയിലെ ജാഥ വേളമാനൂരിൽ നിന്നും തുടങ്ങി. ശാസ്ത്ര സാഹിത്യ പരിഷത് മുൻനേതാവും ഗ്രന്ഥകാരനുമായ കരവാരം രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഡോക്ടർ പ്രിയ സുനിൽ പ്രസംഗിച്ചു. ജാഥ ക്യാപ്റ്റൻ എം.പി.ബാബുരാജ്, കെ.എസ്. പ്രസാദ് വർക്കല, സി.കെ.ശിവദാസൻ, എ.ഷൈജു, എ.ഫിറോസ്, മുഹമ്മദ് മുബാറക്, ജെ.എ.നൗഫൽ, നവാസ് എൻ, നജാസ് അഹമ്മദ്, സുരേന്ദ്രൻ, പ്രിൻസ് തുടങ്ങിയവർ ജാഥാംഗങ്ങളായി പങ്കെടുത്തു. 9-ാം ദിവസം ജാഥ രാവിലെ പെരുങ്കുഴിയിൽ നിന്ന് ആരംഭിച്ചു. ഡിസിസി സെക്രട്ടറി എസ്.കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. ശാസ്ത്ര സാഹിത്യ പരിഷത്ത് ആറ്റിങ്ങൽ മേഖലാ പ്രസിഡന്റ് ബി.രവി മുഖ്യ പ്രസംഗം നടത്തി. ജാഥാംഗങ്ങൾ സ്വീകരണങ്ങൾ ഏറ്റുവാങ്ങി. മുരുക്കുംപുഴയിൽ നടന്ന സ്വീകരണ സമ്മേളനത്തിൽ മുഹമ്മദ് കുഞ്ഞ് സാർ അദ്ധ്യക്ഷത വഹിച്ചു. പള്ളി കമ്മിറ്റി പ്രസിഡന്റ് ഷാനവാസ് ഉദ്ഘാടനം ചെയ്തു. ശ്രീ. വാഹിദ് സ്വാഗതം ആശംസിച്ചു. വിവിധ സംഘടനാനേതാക്കൾ പ്രസംഗിച്ചു. ഗംഭീര സ്വീകരണ സമ്മേളനമായിരുന്നു. തുടർന്ന് കരിച്ചാറ, കഴക്കൂട്ടം, ഓവർ ബ്രിഡ്ജ് കരിക്കകം, കൊച്ചുവേളി തുടങ്ങിയ സ്ഥലങ്ങളിൽ യോഗങ്ങൾ നടത്തി. കണിയാപുരം റയിൽവേഗേറ്റിനു സമീപം സമാപനസമ്മേളനം നടന്നു. സമിതി രക്ഷാധികാരി എം.ഷാജർ ഖാൻ അദ്ധ്യക്ഷനായി. വിളപ്പിൽശാല സമര നായകൻ എസ്. ബുർഹാൻ ഉദ്ഘാടനം ചെയ്തു. നൗഫൽ സ്വാഗതമാശംസിച്ചു. ശൈവപ്രസാദ്, സമിതി ജനറൽ കൺവീനർ എസ്. രാജീവൻ, ജാഥാ മാനേജർ സി.കെ. ശിവദാസൻ, ജെ.എ.നൗഫൽ, കരവാരം രാമചന്ദ്രൻ, എസ് യു സി ഐ (കമ്മ്യൂണിസ്റ്റ് ) ജില്ലാ സെക്രട്ടറി ആർ.കുമാർ, ഓമനദാസ്, മുണ്ടേല ബഷീർ, എ.ഷൈജു തുടങ്ങിയവർ പ്രസംഗിച്ചു. സ്ഥിരാംഗങ്ങളെ കൂടാതെ ഫിറോസ്, മുഹമ്മദ് മുബാറക് തുടങ്ങിയവരും അംഗങ്ങളായിരുന്നു. ■




കെ.റയിൽവിരുദ്ധ ജനകീയ സമരസമിതി സംഘടിപ്പിച്ച സമര സന്ദേശ ജാഥ മൂലമ്പിള്ളി സമരനായിക മേരി ഫ്രാൻസിസ് മൂലമ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു




കണിയാപുരത്ത് നടന്ന സമാപനസമ്മേളനം വിളപ്പിൽശാല സമര നായകൻ എസ്. ബുർഹാൻ ഉദ്ഘാടനം ചെയ്യുന്നു



## സഖാവ് ടി.എ.വേലപ്പന് ലാൽസലാം

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) തൃപ്പൂണിത്തുറ ലോക്കൽ കമ്മിറ്റിയംഗവും എറണാകുളം ജില്ലയിലെ മുതിർന്ന പാർട്ടി സഖാക്കളിലൊരാളുമായ സഖാവ് ടി.എ. വേലപ്പൻ ഫെബ്രുവരി 7ന് രാത്രി 10 മണിക്ക് അന്തരിച്ചു. ശ്വാസകോശ സംബന്ധമായ അസുഖം മൂലം സഖാവ് ദീർഘനാളായി ചികിത്സയിലായിരുന്നു.

തൃപ്പൂണിത്തുറ-തിരുവാങ്കുളം പ്രദേശത്തെ ആദ്യകാല പാർട്ടി സംഘാടകരിൽ ഒരാളായ അദ്ദേഹം സാമൂഹിക പ്രതിബദ്ധതയുള്ള നിരവധി സഖാക്കളെ വളർത്തിയെടുത്തു. കലാ-സാംസ്കാരിക രംഗത്ത് തനത് വ്യക്തിമുദ്ര പതിപ്പിച്ച സഖാവ് ടി.എ.വേലപ്പൻ നിരവധി സാഹിത്യ രചനകൾ നടത്തിയിട്ടുണ്ട്. വലിയ ജനശ്രദ്ധ നേടിയ നിരവധി തെരുവുനാടകങ്ങളും കലാരൂപങ്ങളും അദ്ദേഹം രചിക്കുകയും സംവിധാനം ചെയ്യുകയുമുണ്ടായി. പാർട്ടിയുടെ പ്രചാരണ രംഗത്ത് ഇവ വലിയ സ്വാധീനം ചെലുത്തി. 1996-ൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജന്മശതാബ്ദി വർഷത്തിൽ ബാനർ സാംസ്കാരിക സമിതി കേരളത്തിലുടനീളം നിരവധി വേദികളിൽ അവതരിപ്പിച്ച "നേതാജി സുഭാഷ് ചന്ദ്രബോസ്" എന്ന ചരിത്ര നാടകത്തിന്റെ രചയിതാവുമാണ്.

പാർട്ടിയുടെനേതൃത്വത്തിൽ നടന്ന മരണാനന്തര ചടങ്ങിൽ പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ജില്ലാ സെക്രട്ടറിയുമായ സഖാവ്. ടി.കെ.സുധീർ കുമാറും ജില്ലാ കമ്മിറ്റി നേതാക്കളും ചേർന്ന് രക്തപതാക പുതപ്പിച്ചു. നിരവധി സഖാക്കളും വിവിധ സാംസ്കാരിക- സാമൂഹിക നേതാക്കളും അദ്ദേഹത്തിന് അന്ത്യാഭിവാദനം അർപ്പിച്ചു. ■

## സംസ്ഥാന ബജറ്റ്

# എൽഡിഎഫിന്റെ തെരഞ്ഞെടുപ്പ് പ്രകടന പത്രിക

ജനുവരി 15ന് സംസ്ഥാന ധനമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച ബജറ്റ് സംസ്ഥാനത്തിന്റെ സാമ്പത്തിക യാഥാർത്ഥ്യങ്ങളെ തരിമ്പും അഭിസംബോധനം ചെയ്യാത്ത കപടരേഖയാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റി അഭിപ്രായപ്പെട്ടു. ആസന്നമായിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനെ മുൻനിർത്തി ജനങ്ങളെ കബളിപ്പിക്കുന്നതിനായി പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും കുത്തിനിറച്ച് ഒരു നാലാംകിട തെരഞ്ഞെടുപ്പ് പ്രകടനപത്രികയുടെ എല്ലാ ചേരുവകളോടെയുമാണ് ബജറ്റ് എന്ന പേരിലുള്ള രേഖ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. തൊട്ടുമുമ്പ് അവതരിപ്പിച്ച ബജറ്റിലെ ഉൾപ്പടെ മുൻ ബജറ്റുകളിലെ ഏതാണ്ട് പതിനെട്ടോളം പദ്ധതികളാണ് ഈ ബജറ്റിലും ആവർത്തിച്ചിട്ടുള്ളത്. പെരുമഴപോലെ പെയ്ത പ്രഖ്യാപനങ്ങളുടെയും പദ്ധതികളുടെയും നടത്തിപ്പിനായുള്ള ധനസമാഹരണത്തിന്റെ മാർഗ്ഗങ്ങളെ സംബന്ധിച്ച് ഒന്നും ബജറ്റിൽ വ്യക്തമാക്കിയിട്ടില്ല എന്നതിൽ നിന്നും ഇവയൊന്നും തന്നെ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടില്ല എന്ന് പകൽ പോലെ വ്യക്തം. അതുമാത്രവുമല്ല, തെരഞ്ഞെടുപ്പിനുശേഷം തങ്ങളുടെ തന്നെ സർക്കാർ അധികാരത്തിൽ വന്നാൽ പുതിയ ബജറ്റ് അവതരിപ്പിക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇനി ഇപ്രകാരമല്ല, ഇപ്പോൾ പ്രതിപക്ഷ ത്തിരിക്കു ന്നവരാണ് അധികാരത്തിൽ വരുന്നതെങ്കിൽ അവർ ഈ ബജറ്റിനെ തള്ളി മറ്റൊന്ന് കൊണ്ടുവരുമെന്ന് ഉറപ്പാണ്. അ ങ്ങിനെയെങ്കിൽ ബജറ്റ് എന്ന പേരിലുള്ള അഭ്യാസം എന്തിനാണ്? നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടു ലക്ഷ്യമാക്കി നടത്തുന്ന ഒരു രാഷ്ട്രീയ തട്ടിക്കൂട്ടു മാത്രമാണ് ഇതെങ്കിൽ അതു ബജറ്റ് പ്രക്രിയയുടെ ഗൗരവം ചോർത്തിക്കളയുന്ന ഒന്നായി മാറുകയാണ്. ജനാധിപത്യക്രമത്തിലെ ധനസമാഹരണത്തിന്റെയും വിനിയോഗത്തിന്റെയും സുതാര്യതയെയും അതിന്റെ മേലുള്ള ജനകീയ പരിശോധനയെയും തുടർ ജാഗ്രതയെയും എല്ലാം നിരാകരിക്കുകയാണ് ബജറ്റ് അവതരണമെന്ന ഈ ഏർപ്പാട്.

സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തികസ്ഥിതിയെ സംബന്ധിക്കുന്ന ഒരു വിവരവും ബജറ്റ് രേഖകളിൽ നമുക്ക് കാണാൻ കഴിയില്ല. കേരളം അതീവഗുരുതരമായ സാമ്പത്തികപ്രതിസന്ധിയെയാണ് യഥാർത്ഥത്തിൽ അഭിമുഖീകരിക്കുന്നത്. സംസ്ഥാനത്തിന്റെ കടബാധ്യത ഭീമമായി വർദ്ധിച്ച് 2.6 ലക്ഷം കോടിയായിരിക്കുന്നു. ആഭ്യന്തരകടമാകട്ടെ 1.65 ലക്ഷം കോടിയായി ഉയർന്നിരിക്കുന്നു. സംസ്ഥാനത്തിന്റെ വരുമാനത്തെ മറികടക്കുകയാണ് കടബാധ്യതയുടെ പലിശ. കടക്കെണി എന്ന വിളിക്കുന്ന് ഈ സാഹചര്യത്തെയാണ്. നമ്മുടെ സംസ്ഥാനം ഇപ്രകാരം കടക്കെണിയിൽ അകപ്പെട്ടതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും ഇപ്പോൾ അധികാരത്തിലിരിക്കുന്നവർക്കും മുമ്പ് ഭരിച്ചവർക്കും ഒഴിഞ്ഞുമാറാനാവില്ല. അങ്ങേയറ്റം പിടിപ്പുകെട്ട ധനകാര്യ മാനേജ്മെന്റിലൂടെയും അഴിമതി, ധൂർത്ത്, സർക്കാർ സംവിധാനങ്ങളുടെ ദുരുപയോഗം തുടങ്ങിയവയിലൂടെയും സർക്കാർഖജനാവ് കുത്തിച്ചോർത്തപ്പെടുകയാണ്. എന്നാൽ ഇപ്രകാരം അപഹരിക്കപ്പെടുന്ന തുകയേക്കാളും വളരെ ഭീമമാണ് സ്വകാര്യമൂലധനശക്തികൾക്ക് നൽകുന്ന ഇളവുകളും ആനുകൂല്യങ്ങളും. ഇവയുടെ ഒന്നിന്റെയും ഒരു വസ്തുതയും കഴിഞ്ഞ നിരവധി വർഷങ്ങളായി ബജറ്റ് രേഖകളിൽ നമുക്ക് കാണാനേ കഴിയുന്നില്ല.

സംസ്ഥാനത്തിന്റെ ഏറ്റവും ഗുരുതരമായ പ്രശ്നം തൊഴിലില്ലായ്മയാണ്. വിദ്യാസമ്പന്നരായ യുവാക്കളുടെ തൊഴിലില്ലായ്മയുടെ പ്രശ്നം ഒരു വശത്ത് അന്തമില്ലാതെ രൂക്ഷമാകുന്ന വേളയിൽത്തന്നെയാണ് ലക്ഷക്കണക്കിനു പ്രവാസികൾ പണി നഷ്ടപ്പെട്ട് രാജ്യത്തേക്കു വെറുംകൈയോടെ മടങ്ങിവരുന്നതിന്റെ പ്രതിസന്ധിയും ഉടലെടുക്കുന്നത്. പ്രയോഗത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഒരു മാർഗ്ഗവും ബജറ്റിൽ നമുക്ക് കാണാനാവില്ല. ധനമന്ത്രി അവതരിപ്പിച്ച ബജറ്റിൽ അഞ്ച് വർഷം കൊണ്ട് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി 20 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇത് എങ്ങിനെയാണ് സാധ്യമാവുക എന്നതിന്റെ സൂചന പോലും ബജറ്റിലില്ല. ഇതു തീർത്തും ഒരു കൊട്ടത്താപ്പു പ്രഖ്യാപനം മാത്രമാണ്. ബാക്കിയെല്ലാ മേഖലയെ സംബന്ധിച്ചും ഇതേ സ്വഭാവത്തിലുള്ള കാര്യങ്ങൾ ആവർത്തിച്ചിരിക്കുന്നതു കാണാം.

മൂലധനനിക്ഷേപം വർദ്ധിപ്പിക്കുന്നതിനായുള്ള നവലിബറൽ ആശയമാണ് കിഫ്ബി എന്ന ധനകാര്യസ്ഥാപനത്തിന്റെ പിറകിലുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ പേരിൽ സർക്കാർ ഗ്യാരന്റിയിൽ വൻതോതിൽ ബജറ്റിനു പുറത്ത് കടമെടുത്ത് മൂലധനം സമാഹരിച്ച്, സ്വകാര്യ കമ്പനികൾക്ക് കൂറ്റൻ ഓർഡറുകൾ സംഘടിപ്പിച്ചു നൽകുന്ന ഏർപ്പാടിന്റെ പേരാണ് കിഫ്ബി. നിർമ്മാണ മേഖലയിലുൾപ്പടെ എല്ലാ തുറയിലും വൻതോതിലുള്ള സ്വകാര്യ മൂലധനനിക്ഷേപത്തിനു വഴിയൊരുക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ നാലു വർഷവും എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന ബജറ്റുകളുടെ ഏറ്റവും പ്രമുഖമായ ഉള്ളടക്കവും ഊന്നലും കിഫ്ബി പദ്ധതികളായിരുന്നു. ഈ ബജറ്റിലും 15,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി അടുത്ത വർഷം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽ ഏറിയ പങ്കം നടപ്പാക്കുന്നത് പിഡബ്ല്യുഡി അല്ല, വൻകിട സ്വകാര്യ കമ്പനികളാണ്. കിഫ്ബിക്കു വേണ്ടിയുള്ള കടമെടുപ്പ് മുഴുവൻ നടത്തുന്നത് ബജറ്റിനു വെളിയിലാണ്. ഒരു സമാന്തര സർക്കാർ സംവിധാനം പോലെ പ്രവർത്തിക്കുന്ന കിഫ്ബിയുടെ കടമെടുപ്പ് നടത്തുന്നതാകട്ടെ സർക്കാർ ഗ്യാരന്റിയിലും. തിരിച്ചടയ്ക്കുന്നില്ലെങ്കിൽ കിഫ്ബിയുടെ കടബാധ്യത മുഴുവൻ സർക്കാരിന്റെ –അതായത് ജനങ്ങളുടെ തലയിൽ എന്നു ചുരുക്കം. 2016ൽ നിയമസഭയിൽ നടന്ന ചർച്ചയിൽ കിഫ്ബി പദ്ധതികളെ യൂസർ ഫീയിൽ നിന്നും ടോളിൽനിന്നും ഒഴിവാക്കിയിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഫണ്ട് കണ്ടെത്താനായി പെട്രോൾ നികുതിയും റോഡ് നികുതിയുടെ ഒരു ഭാഗവും കിഫ്ബിക്കു നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ പണം വരുമാനമായിട്ടുള്ള കിഫ്ബിയാകട്ടെ ഓഡിറ്റിംഗിനു പുറത്താണുതാനും. ഇപ്രകാരം രാജ്യത്തും സംസ്ഥാനത്തും നിലനിൽക്കുന്ന ധനകാര്യ നിർവ്വഹണത്തിന്റെ എല്ലാ നിയമങ്ങളും ലംഘിക്കുന്ന വിചിത്രമായ ഈ സംവിധാനത്തെയാണ് ഇടതെന്നപേരിലുള്ള സർക്കാർ മാതൃകാപദ്ധതിയെന്നു വിശേഷിപ്പിക്കുന്നത്. ചുരുക്കത്തിൽ ജനങ്ങളുടെ ചെലവിൽ വൻകിട സ്വകാര്യ മൂലധനനിക്ഷേപത്തിനു അവസരം ഒരുക്കുകയും ബാധ്യതകളെല്ലാം ജനങ്ങളുടെ ശിരസ്സിൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന വഞ്ചനാപരമായ പദ്ധതിയാണ് കിഫ്ബി. നവലിബറൽ സാമ്പത്തിക നയങ്ങളുടെ അടിയുറച്ച പരിപാടികളിലൊന്നായതിനാലാണ് കേന്ദ്ര സർക്കാരും ഇതര സംസ്ഥാന സർക്കാരുകളും കിഫ്ബിയുടെ മാർഗ്ഗം തന്നെ സ്വീകരിക്കുന്നത്. അതിനെ തങ്ങളുടെ നേട്ടമായി ചിത്രീകരിക്കുകയാണ് വഞ്ചനയുടെ പ്രതിരൂപങ്ങളായി മാറിക്കഴിഞ്ഞ ഇക്കൂട്ടർ. 50,000 കോടി രൂപയുടെ ഒരു വ്യവസായ ഇടനാഴിയുടെ പ്രഖ്യാപനം ബജറ്റിലുണ്ട്. കഴിഞ്ഞ നിരവധി ബജറ്റുകളിൽ ഈ പ്രഖ്യാപനം ഇടംപിടിച്ചിരുന്നു. ഇതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് ബജറ്റിൽ വ്യക്തമേയല്ല. പ്രയോഗത്തിൽ നാം കാണുന്നത് വ്യവസായ അഭിവൃദ്ധിക്കെന്നു വ്യാഖ്യാനിച്ചുകൊണ്ട് സർക്കാർ ഭൂമിയും വിഭവങ്ങളും സ്വകാര്യമുതലാളിമാർക്ക് സൗജന്യമായി നൽകുന്ന നടപടിയാണ്.

പരിമിതമായ ചില ആനുകൂല്യങ്ങളും സർക്കാർ സഹായങ്ങളും സൗജന്യ കിറ്റും പ്രഖ്യാപിച്ച് ഉപകാരസ്മരണയുടെ പേരിൽ വോട്ടു തേടുന്ന അല്പത്തരത്തിന്റെ രാഷ്ട്രീയമാണ് സിപിഐ(എം) ഈ ബജറ്റിലൂടെയും പയറ്റുന്നത്. സർക്കാർ സഹായങ്ങൾ ഔദാര്യമല്ല, പൗരന്റെ അവകാശമാണെന്ന് ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടവർ, ജനങ്ങളിൽ വിധേയമനോഭാവം വളർത്താൻ ശ്രമിക്കുകയാണ്. ജനാധിപത്യ പ്രബുദ്ധതയുടെ സ്ഥാനത്ത് സൃഷ്ടിക്കുന്നത് ഈ ദാസ്യമനോഭാവമാണെങ്കിൽ, നാളെ കൂടുതൽ പാരിതോഷികങ്ങൾ നൽകുന്നവരുടെ പിറകെ പോകുന്നവരായി ജനങ്ങൾ മാറുമെന്നു മനസ്സിലാക്കണം. ഇടതു രാഷ്ട്രീയം നൽകുന്ന ആത്മാഭിമാനത്തിന്റെ മനോഘടന ഈ പാരിതോഷിക രാഷ്ട്രീയത്തിനെതിരാണെന്നു തിരിച്ചറിയണമെന്നും എസ്‌യുസിഐ(സി) ഏവരോടും അഭ്യർത്ഥിക്കുന്നു. ■

# ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ ധർണ്ണ

**ചെ**മ്മീൻ പീലിംഗ് തൊഴിലാളികൾക്ക് 2018ൽ സർക്കാർ പുതുക്കി നിശ്ചയിച്ച മിനിമം കൂലി ഉടൻ നടപ്പിലാക്കുക, ഒരു ടോക്കണ് ഒരു കിലോ എന്ന മാനദണ്ഡം കർശനമാക്കുക എല്ലാ തൊഴിലാളികൾക്കും ഇഎസ്ഐയും ബോണസും നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ ചേർത്തല താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസിന് മുന്നിൽ ധർണ്ണ നടത്തി.

കെ.പ്രതാപന്റെ അദ്ധ്യക്ഷതയിൽ കൂടിയ ധർണ്ണ എഐയുടിയുസി സംസ്ഥാന കമ്മിറ്റി അംഗം കെ.പി.സുബൈദ ഉദ്ഘാടനം ചെയ്തു. സി.വി.അനിൽകുമാർ, എൻ.കെ.ശശികുമാർ, ജീന ജോസഫ്, സരസി രാജൻ, രജനി സതീശൻ, ഹേമ സുരേഷ്, പ്രിയ കാർത്തികേയൻ, രേണുക പുഷ്പാംഗതൻ, ചിന്നമ്മ ബേബി തുടങ്ങിയവർ പ്രസംഗിച്ചു.

2010 മുതൽ എല്ലാ വർഷവും കൂലിവർദ്ധനവ് നേടിയെടുക്കാൻ തൊഴിലാളികൾ പണിമുടക്കുകളിലേക്കും മറ്റ് സമരമാർഗ്ഗങ്ങളിലേക്കും പോകുവാൻ നിർബന്ധിതമാകുന്ന സഹചര്യമാണ് ഉടമകൾ സൃഷ്ടിക്കുന്നത്. തൊഴിലാളികളുടെ സംഘടിതശേഷി ഒന്നുകൊണ്ടുമാത്രമാണ് നാമമാത്രമെങ്കിലും കൂലി വർദ്ധനവ് നേടാനായിട്ടുള്ളതും. 2017ലെ വർദ്ധനവിനുശേഷം കൂലിവർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉടമകളുടെ സംഘടനയ്ക്ക് യൂണിയൻ നോട്ടീസ് നൽകിയെങ്കിലും യാതൊരുവിധ നടപടിയും അവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.



കെഎംഎസ് ടിയു ചേർത്തല താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസിന് മുന്നിൽ നടത്തിയ ധർണ്ണ കെ.പി.സുബൈദ ഉദ്ഘാടനം ചെയ്യുന്നു

2018-19വർഷങ്ങളിൽ തൊഴിലാളികളുടെ മിനിമം കൂലി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ ലേബർ ഓഫീസർക്ക് പരാതിനൽകിയതിനെതുടർന്ന് അദ്ദേഹം ഉടമകളെയും യൂണിയൻ നേതാക്കളെയും പലവട്ടം ചർച്ചയ്ക്ക് വിളിച്ചിട്ടും ഉടമകൾ നിഷേധാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ട് ചർച്ചയിൽനിന്നും വിട്ടുനിന്നു. ഇന്നത്തെ സാഹചര്യത്തിൽ കൂലിവർദ്ധനവ് ഉണ്ടാകാതെ തൊഴിലാളികൾക്ക് മുന്നോട്ട് പോകുവാനാകില്ല. 2021 ജനുവരി 16ന് ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ കൂലിവർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് ഉടമകളുടെ സംഘടനയ്ക്ക് യൂണിയൻ കത്ത് നൽകിയിരുന്നു. എന്നാൽ ഈ ആവശ്യത്തെ സഗൗരവം പരിഗണിക്കുവാൻ ഉടമകൾ തയ്യാറായിട്ടില്ല.

ഈയൊരു സാഹചര്യത്തിലാണ് 2010ൽ സർക്കാർ പ്രഖ്യാപിച്ചതും 2018ൽ വീണ്ടും പുതുക്കി നിശ്ചയിച്ചതുമായ മിനിമം കൂലി ഉടൻ നൽകണമെന്നും ഒരു കിലോ തൂക്കി അളക്കുന്നത് കർശനമാക്കണമെന്നും ഇഎസ്ഐ, പിഎഫ് ആനുകൂല്യങ്ങൾ എല്ലാ തൊഴിലാളികൾക്കും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെഎംഎസ്ടിയുവിന്റെ നേതൃത്വത്തിൽ ധർണ്ണ നടത്തിയത്. ■

REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018–20
UNITY Malayalam Monthly
2021 February
Vol.47 No.11 Price: Rs. 5.00

# 21,000 രൂപ പ്രതിമാസ വേതനം ആവശ്യപ്പെട്ടുകൊണ്ട് ആശ വർക്കർമാരുടെ ഉജ്ജ്വല സെക്രട്ടേറിയറ്റ് മാർച്ച്

**ആ**ശ വർക്കർമാരെ ആരോഗ്യ വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ച മിനിമം വേതനമായ 21,000 രൂപ പ്രതിമാസം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആശ വർക്കർമാർ 2021 ജനുവരി 7ന് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് പങ്കാളിത്തംകൊണ്ട് ജന ശ്രദ്ധേയാകർഷിച്ചു. കോവിഡ് കാലത്ത് താഴെത്തട്ടിൽ ജനങ്ങളുമായി നേരിട്ട് സമ്പർക്കത്തിൽ ഏർപ്പെട്ടുകൊണ്ട് പ്രവർത്തിക്കുന്ന ആശാവർക്കർമാരെ ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുന്നതും നിലവിലുള്ള തുച്ഛമായ ഓണറേറിയംപോലും നിശ്ചിതസമയത്ത് നൽകാതിരിക്കുന്നതും ആശാവർക്കർമാരിൽ ഉണ്ടാക്കിയ കടുത്ത പ്രതിഷേധമാണ് ആയിരങ്ങളായി അണിചേരുവാൻ അവരെ പ്രേരിപ്പിച്ചത്.

കോവിഡ് രോഗികളുമായി നേരിട്ട് സമ്പർക്കത്തിൽ ഏർപ്പെട്ടുവഴി സംസ്ഥാനത്തുടനീളം ആയിരക്കണക്കിന് ആശ മാർക്ക് രോഗം പിടിപെടുകയും അവരിലൂടെ കുടുംബാംഗങ്ങളും രോഗികളായി മാറുകയും ചെയ്തു. എന്നാൽ ഇവയെ പ്രതിരോധിക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്നും അധികാരികളുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായില്ലയെന്നത് പ്രതിഷേധം അണപൊട്ടി ഒഴുകാൻ ഇടയാക്കി. ലോക്ഡൗൺ സമയത്ത് വാഹന സൗകര്യം ഇല്ലാതിരുന്നതിനാൽ സ്വന്തമായി പണം മുടക്കി വാഹനങ്ങൾ ഉറപ്പാക്കി ഫീൽഡ് വർക്ക് നടത്താൻ ഇവർ നിർബന്ധിതമായി. ഗ്ലൗസും മാസ്കും സാനിറ്റൈസറും ഉപയോഗിക്കണമെന്ന് ഗവൺമെന്റ് ആഹ്വാനം ചെയ്തെങ്കിലും ഇവയൊന്നും രോഗികളുമായി നേരിട്ട് സമ്പർക്കത്തിൽ ഏർപ്പെടുന്ന ആശാവർക്കർമാർക്ക് ആവശ്യാനുസരണം നൽകുവാൻ സർക്കാർ തയ്യാറായില്ല. സ്വന്തം സുരക്ഷയെ കരുതി പാവപ്പെട്ട ആശാവർക്കർമാർ ഇവയും പണം കൊടുത്തു വാങ്ങേണ്ടി വന്നു. കോവിഡ് ചികിത്സാ കേന്ദ്രങ്ങളിലും പരിശോധനാ കേന്ദ്രങ്ങളിലും ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരിൽ ആശാവർക്കർമാർക്ക് മാത്രം പിപിഇ കിറ്റ് നിഷേധിക്കപ്പെട്ടു. എല്ലാ വിഭാഗം ആരോഗ്യ പ്രവർത്തകർക്കും കോവിഡ് റിസ്ക് അലവൻസ് അനുവദിച്ചപ്പോൾ ആശാവർക്കർമാർക്ക് മാത്രം റിസ്ക് അലവൻസ് നൽകേണ്ടതില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഇത്തരത്തിൽ കടുത്ത വിവേചനമാണ് തൊഴിൽ രംഗത്ത് ഇന്ന് ആശമാർ നേരിട്ടുകൊണ്ടിരിക്കുന്നത്.

ഇപ്പോഴാകട്ടെ നിരവധിയായ പുതിയ ജോലികൾ ഇവരെ ഏൽപ്പിച്ചുകൊണ്ടിരിക്കുന്നു. കൃത്യമായ സേവന–വേതന വ്യവസ്ഥകൾ ഇല്ലാത്ത ഈ വിഭാഗത്തിന്റെ തലയിലേക്ക് ഓരോ വാർഡിലും ഉള്ള എല്ലാത്തരം പ്രവർത്തനങ്ങളും ഏൽപ്പിക്കുന്ന നടപടി അധികാരികൾ തുടർന്നുകൊണ്ടേയിരിക്കുന്നു. അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഏതുതരം വീഴ്ചയ്ക്കും ഉത്തരം പറയാൻ ബാധ്യതപ്പെട്ടവരായി ആശാവർക്കർമാരെ മാറ്റിത്തീർത്തിരിക്കുന്നു.

അടിമകളോട് ആജ്ഞാപിക്കുന്നതുപോലെയാണ് ഇവരുടെമേൽ പുതിയ പുതിയ ജോലികൾ അടിച്ചേൽപ്പിക്കുന്നത്. ഈ ജോലികൾ പൂർത്തീകരിച്ചില്ലെങ്കിൽ നിലവിലുള്ള തുച്ഛമായ ഓണറേറിയവും ഇല്ലാതാക്കും എന്നതാണ് ഭീഷണി. ഈ വിധത്തിൽ അടിമപ്പണി ചെയ്യാൻ വിധിക്കപ്പെട്ട ആശാവർക്കർമാർ ഉണർന്നു വരുന്നതിന്റെ ഉത്തമ ലക്ഷണമാണ് സെക്രട്ടേറിയറ്റിലേക്ക് നടന്ന മാർച്ച്. കൃത്യമായ സേവന- വേതന വ്യവസ്ഥകൾ വേണമെന്ന് അവർ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചു. അവകാശങ്ങൾ നേടിയെടുക്കുന്നതിന് ഒറ്റക്കെട്ടായി നിലകൊള്ളുമെന്ന് അവർ പ്രഖ്യാപിച്ചു. കഴിഞ്ഞ 13 വർഷമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന തങ്ങൾക്ക് അന്തസ്സുള്ള ഒരു സ്ഥാനം ഈ സമൂഹത്തിൽ നേടിയെടുത്തുകൊണ്ട് മാത്രമേ ഈ പ്രക്ഷോഭങ്ങൾ അവസാനിപ്പിക്കു എന്നും അവർ പ്രതിജ്ഞയെടുത്തു. സെക്രട്ടേറിയറ്റ് മാർച്ചിന് മുന്നോടിയായി ജില്ലകളിൽ കളക്ടറേറ്റ് മാർച്ച് നടത്തി. കളക്ടർക്ക് നിവേദനം സമർപ്പിച്ചു.



കേരള ആശാഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ
ആശാവർക്കർമാർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിന്റെ മുൻനിര

കേരളആശഹെൽത്ത് വർക്കേഴ്സ് അസോസ്സിയേഷന്റെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച് സംസ്ഥാന പ്രസിഡണ്ട് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ആശ വർക്കർമാരെ ആരോഗ്യവകുപ്പിൽ സ്ഥിരപ്പെടുത്തേണ്ടതിന്റെ ആവശ്യകത കോവിഡ് കാലം തെളിയിച്ചിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേന്ദ്ര ട്രേഡ് യൂണിയനുകൾ നിരന്തരം ആവശ്യപ്പെട്ടതും സുപ്രീം കോടതി നിർദ്ദേശിച്ചതുമായ 21,000 രൂപ മിനിമം വേതനം നൽകണമെന്നും, 15,000 രൂപ കോവിഡ് റിസ്ക്ക് അലവൻസായി നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സംസ്ഥാന സെക്രട്ടറി എം.എ. ബിന്ദു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കൺവീനർ എസ്.മിനി സ്വാഗത പ്രസംഗം നടത്തി. അഖിലേന്ത്യാ മഹിളാ സാംസ്ക്കാരിക സംഘടന അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് ഷൈല.കെ ജോൺ, എഐയുടിയുസി ജില്ലാ പ്രസിഡണ്ട് ആർ.ബിജു, വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് കെ.ജെ. ഷീല, രാധികാ ദേവി, കെ .ഷാഹിദ, ട്വിങ്കിൾ പ്രഭാകർ, ആശാരാജ്, ലിസ്സമ്മ ജോൺ, എ.സബൂറ, ബീനാ പീറ്റർ, ഷീജ വർഗ്ഗീസ്, എം.റോസി എന്നിവർ പ്രസംഗിച്ചു. പാളയം രക്തസാക്ഷി മണ്ഡപത്തിൽനിന്നും ആരംഭിച്ച മാർച്ചിന് എം. ആർ.ലേഖമോൾ, കെ.നന്ദിനി, ഷീജ പുതുകുറിച്ചി, ബിന്ദു തിരുവല്ലം, ഉഷ ഉഴമലയ്ക്കൽ, ലീജ ജഗതി, ഷീജ കൊട്ടാരക്കര, ബിന്ദു സജികുമാർ, രചിത്ര വെമ്പായം, ഷൈല ആറ്റിങ്ങൽ തുടങ്ങിയവർ നേതൃത്വം നൽകി.

വേതനം എല്ലാ മാസവും 5–ാം തീയതിക്കുള്ളിൽ ഉറപ്പായും നൽകുക; കുടിശ്ശികയാക്കുന്ന സമ്പ്രദായം എന്നെന്നേക്കുമായി അവസാനിപ്പിക്കുക, പൾസ് പോളിയോ വർക്കിന് 10 വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ച 75 രൂപ എന്നത് പ്രതിദിനം 600 രൂപയാക്കുക, സംസ്ഥാനത്തെ മുഴുവൻ ആശ വർക്കർമാർക്കും ഒരേ തരം യൂണിഫോം നൽകുക; ഷൂ, ബാഗ്, കുട, ടോർച്ച് എന്നിവയും മൊബൈൽ ഫോൺ, ടാബ്, ഡാറ്റ ചാർജ് എന്നിവയും അനുവദിക്കുക, ഇഎസ്ഐ, പിഎഫ് എന്നിവ ഏർപ്പെടുത്തുക, ജോലിയിൽനിന്നും വിരമിക്കുന്ന ആശ വർക്കർമാർക്ക് പെൻഷനും മറ്റ് റിട്ടയർമെന്റ് അനുകൂല്യങ്ങളും നൽകുക, ജോലി ഭാരം കുറയ്ക്കുക, നിയമാനുസൃതമുള്ള ലീവും മറ്റ് അലവൻസുകളും അനുവദിക്കുക തുടങ്ങിയ ഡിമാന്റുകളും സമരത്തിന് ആധാരമായി ഉയർത്തുകയുണ്ടായി. ■


എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് റാങ്ക് ഹോൾഡേഴ്സിനെ അഭിസംബോധന ചെയ്യുന്നു

## പിഎസ്സി റാങ്ക് ഹോൾഡേഴ്സ് സമരത്തിന് എഐഡിവൈഒ അഭിവാദ്യമർപ്പിച്ചു

**റാ**ങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എൽഡിവി, എൽഡിസി, എൽജിഎസ് റാങ്ക് ഹോൾഡേഴ്സ് സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിവരുന്ന സമരത്തിന് എഐഡിവൈഒ സംസ്ഥാന കമ്മിറ്റി അഭിവാദ്യം അർപ്പിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റുമാരായ സഖാക്കൾ പി.പി. പ്രശാന്ത് കുമാർ, എം. പ്രദീപൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ ടി.ഷിജിൻ, വി.സുജിത്, തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം സഖാവ് എ.ഷൈജു എന്നിവർ പ്രസംഗിച്ചു. അഭിവാദ്യപ്രകടനത്തിന് സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എസ്.ശ്രീകുമാർ, ശ്രീകാന്ത് വേണുഗോപാൽ, പി.കെ. ഭഗത്, തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം സഖാവ് അജിത് മാത്യു എന്നിവർ നേതൃത്വം നൽകി. ■



റാങ്ക് ഹോൾഡേഴ്സിന്റെ സമരപന്തലിലേയ്ക്ക് നടന്ന അഭിവാദ്യ പ്രകടനം

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum – 695 035. Ph: 0471–2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).